www.malankaralibrary.com


# REEHO D'EVANGELION

## സുവിശേഷത്തിന്റെ പരിമളം

ܪܝܚܐ ܕܐܘܢܓܠܝܘܢ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം വാല്യം : 9 ലക്കം : 2 ആഗസ്റ്റ് 2023 പേജ് 16 ത്രൈമാസിക


# വി. ഗ്രന്ഥവും സഭാ പാരമ്പര്യവും


**ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്**

*തിരുവല്ല അതിഭദ്രാസനം*




**ആമുഖം**

വിശുദ്ധ ഗ്രന്ഥം അനുദിനം വായിച്ച് ദൈവികശബ്ദം കേൾക്കുവാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു. മനുഷ്യ ചരിത്രത്തിൽ ദൈവം ഇടപെട്ടതും അതിനോടുള്ള മനുഷ്യന്റെ പ്രതികരണവും വി. ഗ്രന്ഥത്തിന്റെ താളുകളിൽ വിരചിതമാണ്. ആത്മീയ വളർച്ച നേടിയെടുക്കുവാൻ ഉള്ള വലിയ ദാനവും, ജീവിതത്തിന്റെ സ്വർഗ്ഗയാത്രയ്ക്കുള്ള വഴിക്കാട്ടിയുമാണ് വി. ബൈബിൾ എന്നതിൽ സംശയമില്ല. വയലിൽ ഒളിപ്പിച്ചുവച്ച നിധി (മത്താ.13:45) പോലെ, കണ്ടെടുക്കേണ്ട നിക്ഷേപങ്ങളുടെ അക്ഷയ ഖനിയാണ് വി. ഗ്രന്ഥവും ദൈവവചനവും. ചരിത്രപരമായ വായന, ധ്യാനനിഷ്ഠമായ വായന, ആത്മീയ മാതൃകകളുടെ അന്വേഷണം, ദൈവമക്കളുടെ വീഴ്ചകൾ അറിഞ്ഞുള്ള മുൻകരുതൽ, അനുദിന ജീവിതത്തിനുള്ള ആത്മീക ശക്തി സംഭരിക്കൽ എന്നിവയെല്ലാം അനുദിന ബൈബിൾ വായനയുടെ അടിസ്ഥാന ലക്ഷ്യങ്ങളാണ്.

ആത്മീക ചരിത്രത്തിന്റെ സാക്ഷ്യപത്രമായ വി. ബൈബിൾ സഭയിലൂടെയാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. സഭയുടെ ചരിത്രവും ആരാധനയും എല്ലാം വി. ഗ്രന്ഥാധിഷ്ഠിതമാണ്. വിശ്വാസ സത്യങ്ങൾ രൂപീകൃതമായത് തിരുവചന അടിത്തറയിലും പശ്ചാത്തലത്തിലും ആണ്. വി. ഗ്രന്ഥപഠനം എന്നത് സഭയോട് ചേർന്നുള്ള വിശ്വാസ, ആരാധന പഠനം കൂടിയാണ്. സഭയോടു ചേർന്നും സഭയിലൂടെയും ആണ് വി. ഗ്രന്ഥം വായിക്കേണ്ടതും പഠിക്കേണ്ടതും. സഭയിലാണ് വിശുദ്ധ ഗ്രന്ഥം വാമൊഴിയായും വരമൊഴിയായും രൂപീകൃതമായത്. അതിൽ, ബൈബിൾ പഠനത്തിലെ, സഭാ പാരമ്പര്യ-പൈതൃകങ്ങളുടെ ആവശ്യകതയെക്കുറിച്ചാണ് നാം ഇവിടെ ആലോചിക്കുന്നത്. പാരമ്പര്യം എന്നത്, അടിസ്ഥാനപരമായി വിശുദ്ധ അപ്പസ്തോലന്മാരിൽ നിന്നും സഭാപിതാക്കന്മാരിൽ നിന്നും നമുക്ക് ലഭിച്ച ആത്മീയ പഠിപ്പിക്കലുകളാണ്. ഇവ ദൈവികവും അപ്പസ്തോലികവും പൈതൃകമായി അവകാശവുമാണ്.

യേശുക്രിസ്തു നേരിട്ടും വാമൊഴിയായും അപ്പസ്തോലന്മാർക്ക് നൽകുകയും അവർ കണ്ടുംകേട്ടും തൊട്ടറിഞ്ഞും (1 യോഹ. 1:1) വിശ്വസിച്ചതും ആയ ദൈവിക പാരമ്പര്യം പരിശുദ്ധാത്മാവിന്റെ പ്രചോദനവും മാർഗനിർദ്ദേശവും വഴി രേഖപ്പെടുത്തപ്പെട്ടതാണ് വിശുദ്ധ ഗ്രന്ഥവും വിശ്വാസ സത്യങ്ങളും.

അപ്പസ്തോലിക പാരമ്പര്യത്തിൽ അപ്പസ്തോലന്മാരുടെ പഠിപ്പിക്കലുകൾ, അവരുടെ നിയമങ്ങൾ അവർ അവരുടെ ശിഷ്യന്മാർക്കും അവരുടെ അടുത്ത പിൻഗാമികൾക്കും വാമൊഴിയായി കൈമാറിയ സന്ദേശങ്ങൾ എന്നിവ ഉൾപ്പെടുന്നു. കൈമാറ്റം ചെയ്യപ്പെട്ട ഈ പാരമ്പര്യവും പൈതൃകവും വിശുദ്ധ ഗ്രന്ഥത്തിൽ എഴുതിയിട്ടില്ലെങ്കിലും അവ വിശദ്ധ ഗ്രന്ഥവുമായി പൊരുത്തപ്പെടുന്നവയാണ്, അല്ലാതെ ഇവ തമ്മിൽ വൈരുദ്ധ്യം കാണാൻ സാധിക്കുകയില്ല. കൂടാതെ ദൈവിക പ്രഖ്യാപനത്തിന്റേ ആധികാരികതയുടെയും യഥാർത്ഥ വ്യാഖ്യാനത്തിന്റെയും വിശ്വസ്തതയുമായി ഇവ കണക്കാക്കപ്പെടുന്നു. ദൈവിക പാരമ്പര്യങ്ങളെ മനസിലാക്കാനുള്ള സഹായമാണ് അപ്പസ്തോലിക പാരമ്പര്യം. ദൈവിക പാരമ്പര്യവും (വി. ഗ്രന്ഥം) അപ്പസ്തോലിക പാരമ്പര്യവും ചേർന്ന് വിശ്വാസ സത്യങ്ങളെ പൂർണ്ണമാക്കുന്നു. അപ്പസ്തോലിക പാരമ്പര്യത്തിൽ സഭാകൂദാശകളും സംയുക്തമായി ദൈവികമായി സ്ഥാപിച്ച നിയമങ്ങളും ആരാധന ക്രമങ്ങളും ഉൾപ്പെടുന്നു.

പരിശുദ്ധ സഭയ്ക്ക് അതിന്റെ ചരിത്രത്തിന്റെ തുടക്കം മുതൽ വിശുദ്ധ

*(തുടർച്ച 2-ാം പേജിൽ)*



# പൗരസ്ത്യ ആദ്ധ്യാത്മികതയും സുവിശേഷസംഘവും




**ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി.**

*എക്സിക്യൂട്ടീവ് സെക്രട്ടറി, സുവിശേഷസംഘം*


മലങ്കര കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികത പൗരസ്ത്യ ആദ്ധ്യാത്മികതയിൽ അധിഷ്ഠിതമാണ്. അതുകൊണ്ടുതന്നെ സുവിശേഷസംഘത്തിന്റെ ആത്മീയതയുടെ അടിസ്ഥാനവും പൗരസ്ത്യ ആത്മീയ ദർശനങ്ങളിൽ നിന്ന് രൂപപ്പെട്ടതാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികത ആഴത്തിൽ ജീവിച്ചുകൊണ്ട് സ്വയം വിശുദ്ധീകരണത്തിലൂടെ സുവിശേഷശുശ്രൂഷ ചെയ്യാനാഗ്രഹിക്കുന്നവരുടെ കൂട്ടായ്മയാണ് സുവിശേഷസംഘം. വിശുദ്ധ ജീവിതം നയിക്കാനാഗ്രഹിക്കുകയും അതിന് വിലകൊടുക്കാൻ മനസുള്ളവരുടെയും കൂട്ടായ്മയാണ് സുവിശേഷസംഘം. ഈ സ്വയവിശുദ്ധീകരണപ്രക്രിയ, പൗരസ്ത്യ ആദ്ധ്യാത്മിക ദർശനത്തിൽ നിന്നുകൊണ്ട് എപ്രകാരം ഉടലെടുക്കുന്നു എന്നാണ് നമ്മൾ മനസ്സിലാക്കുന്നത്. ആത്മീയ മാന്ദ്യം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ആത്മീക ചൈതന്യം വീണ്ടെടുക്കാൻ നമുക്ക് എന്ത് ചെയ്യാൻ സാധിക്കുമെന്ന് കൂട്ടായി ചിന്തിക്കേണ്ടതിന്റെ സമയം അതിക്രമിച്ചിരിക്കുന്നു. പൗരസ്ത്യ സഭയ്ക്ക് അതിന്റേതായ ആത്മീയ ജീവിത ദർശനങ്ങളുണ്ട്. സ്വന്തം വീട്ടിലെ സമൃദ്ധമായ ഭക്ഷണം ആസ്വദിക്കാതെ മറ്റ് രുചികളിൽ സംതൃപ്തി കണ്ടെത്തുന്ന പ്രവണത കൂടിവരികയാണ്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പൗരസ്ത്യ ആദ്ധ്യാത്മിക ദർശനത്തെ കൂടുതൽ മനസിലാക്കാനും അതിൽ നിന്ന് എപ്രകാരം ഒരു മിഷനറി ദൗത്യം രൂപപ്പെടുത്തിയെടുക്കാമെന്നുമുള്ള ഒരു പരിശ്രമമാണിത്.

**പൗരസ്ത്യ ആത്മീക ദർശനം**

പൗരസ്ത്യ ആദ്ധ്യാത്മികതയുടെ അർത്ഥവും ആഴവും മനസിലാകുന്നത് അതിന്റ ദർശനങ്ങളിൽ നിന്നാണ്. ഈ

*(തുടർച്ച 4-ാം പേജിൽ)*

**ഉൾപേജുകളിൽ**


| | |
|---|---|
| മരിയൻ വിശ്വാസ സത്യങ്ങൾ | 3 |
| മുഖമൊഴി, ധ്യാനചിന്ത | 5 |
| മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ | 8,9 |
| അനുഭവ സാക്ഷ്യം | 10, 11, 12,13,14 |
| സുവിശേഷസംഘാംഗങ്ങളുടെ ശുശ്രൂഷാവേദികൾ | 15 |
| ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു | 16 |

www.malankaralibrary.com



*( ...... 1-ാം പേജിൽ നിന്നും തുടർച്ച)*

പിതാക്കന്മാരിൽ നിന്നും ലഭിച്ചിട്ടുള്ള പൈതൃകവും പാരമ്പര്യവും ഉണ്ട്. വിശ്വാസ സത്യങ്ങളുടെ വ്യാഖ്യാനവുമായി ബന്ധപ്പെട്ട വിശുദ്ധ അപ്പസ്തോലന്മാരുടെ പഠിപ്പിക്കലുകളെ അടിസ്ഥാനമാക്കിയുള്ള ശ്രേഷ്ഠമായ കാര്യങ്ങൾ ഈ പൈതൃകത്തിൽ ഉൾപ്പെടുന്നു. വിശുദ്ധ തിരുവെഴുത്തുകളുടെ വ്യാഖ്യാനം, മതപരമായ ആചാരങ്ങളുടെ സംഘടന, നിയമനിർമ്മാണം എന്നിവ. പ്രത്യേകിച്ചും വിശുദ്ധ സിനഡുകളും സഭാപിതാക്കന്മാർ വിവിധ സമയങ്ങളിൽ കൈകൊണ്ട നിലപാടുകളും വ്യത്യസ്ത സാഹചര്യങ്ങളിൽ അവർ എടുത്ത തീരുമാനങ്ങളും ഒക്കെ ഇതിൽ ഉണ്ട്.

### വിശുദ്ധ പാരമ്പര്യം എങ്ങനെ

വിശുദ്ധ തിരുവെഴുത്തുകൾ രേഖപ്പെടുത്തുന്നതിനേക്കാൾ പുരാതനമാണ് വിശുദ്ധ പാരമ്പര്യം. ഇവ രേഖപ്പെടുത്തുന്നതിന് നിരവധി തലമുറകൾക്ക് മുമ്പും പഴയ നിയമത്തിന്റെ നിയമങ്ങൾക്ക് അനുസൃതമായി പിൻഗാമികൾ അവരുടെ മുൻഗാമികളിൽ നിന്ന് ഏകദൈവത്തിലുള്ള വിശ്വാസം സ്വീകരിക്കുകയും മനഃസാക്ഷിയുടെ നിയമം എന്നറിയപ്പെടുന്നത് അവർ അനുസരിക്കുകയും ചെയ്തിരുന്നു. മാത്രമല്ല, ദൈവാരാധനയും മറ്റ് ബലികളും ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറി അവർ അത് ഹൃദയത്തിൽ സൂക്ഷിച്ചു. കർത്താവിന്റെ ശിഷ്യന്മാരും ഇതുപോലെ തന്നെ അവരുടെ പിൻഗാമികൾക്ക് പകർന്നുകൊടുത്തു.

കർത്താവായ യേശുക്രിസ്തു സുവിശേഷം പ്രസംഗിക്കാൻ ശിഷ്യന്മാരെ അയച്ചപ്പോൾ അവരോട് പ്രസംഗിക്കാൻ ആണ് ആവശ്യപ്പെട്ടത്; എഴുതി വയ്ക്കാനല്ല. അപ്പസ്തോലന്മാരിൽ ചിലരോട് തങ്ങൾ പ്രസംഗിച്ച കാര്യങ്ങൾ രേഖപ്പെടുത്താൻ ആവശ്യപ്പെട്ടപ്പോഴാണ്, കർത്താവ് അവരോട് വാഗ്ദത്തം ചെയ്തതനുസരിച്ച് അവരെ കുറ്റമോ, കളങ്കമോ ഇല്ലാതെ കാത്തുസൂക്ഷിച്ച പരിശുദ്ധാത്മാവിന്റെ മാർഗനിർദ്ദേശത്തിലൂടെ വിശുദ്ധ സുവിശേഷം എഴുതപ്പെട്ടത്. എന്നാൽ, പിതാവ് എന്റെ നാമത്തിൽ അയയ്ക്കുന്ന പരിശുദ്ധാത്മാവ് എന്ന ആശ്വാസകൻ, "ഞാൻ നിങ്ങളോട് പറഞ്ഞതെല്ലാം നിങ്ങളുടെ ഓർമ്മയ്ക്കായി നിങ്ങളെ പഠിപ്പിക്കും" (യോഹ.14:26). ഈ സത്യത്തിന്റെ വിശദീകരണം സുവിശേഷകനായ ലൂക്കാ തന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ എഴുതിയതിൽ കാണാം (ലൂക്കാ 1:1-4).

### സുവിശേഷവും പാരമ്പര്യവും

രക്ഷയുടെ സുവിശേഷം കർത്താവിന്റെ ശിഷ്യന്മാർ അവനിൽ കാണുകയും കേൾക്കുകയും ചെയ്തതിന്റെ സാക്ഷ്യമാണ്. അതിനാൽ സുവിശേഷത്തിൽ എഴുതിയത് ശിഷ്യന്മാർ വാചാലമായി, പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിലൂടെ വിശുദ്ധ സഭ അതിന്റെ ആധികാരികത സാക്ഷ്യപ്പെടുത്തുകയും അപ്പസ്തോലന്മാരുടെയും അവരുടെ ബഹുമാന്യരായ പിൻഗാമികളുടെയും സാക്ഷ്യത്തെ ആശ്രയിച്ച് അപ്പോക്രിഫൽ സുവിശേഷങ്ങളെ നിരസിക്കുകയും ചെയ്തു.

സഭ വി. ഗ്രന്ഥത്തേക്കാൾ പുരാതനമാണ്. പഴയനിയമം മാത്രം എഴുതപ്പെട്ട കാലഘട്ടത്തിൽ വിശ്വാസികൾ സുവിശേഷം വാമൊഴിയായി പ്രചരിപ്പിക്കുകയും അത് മനഃപാഠമാക്കുകയും പിന്നീട് ലോകമെമ്പാടും വ്യാപിപ്പിക്കുകയും ചെയ്തു. പിന്നീട് അവ രേഖപ്പെടുത്തപ്പെട്ടു. രേഖപ്പെടുത്തപ്പെട്ട പുസ്തകങ്ങൾ ആധികാരികതയും സാധുതയും വിശുദ്ധ സഭ സാക്ഷ്യപ്പെടുത്തിയിരുന്നു. പ്രവാചകന്മാരിലൂടെയും അപ്പസ്തോലന്മാരിലൂടെയും പ്രസ്താവിച്ച ആത്മാവ്, സഭയുടെ പഠിപ്പിക്കലുകളും മറ്റും സംരക്ഷിച്ച് സഭാപിതാക്കന്മാരെ പ്രചോദിപ്പിച്ചു. യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതെല്ലാം ഓർമ്മിപ്പിച്ചത്, ആത്മാവ് അവരെ സത്യത്തിലേക്ക് നയിക്കുന്നു.

പണ്ഡിതനായ ഒരിജൻ (185-253) പ്രസ്താവിച്ചു. "പാരമ്പര്യത്തിലൂടെ ഞാൻ നാലു സുവിശേഷങ്ങളെ അറിഞ്ഞു. അവ അദ്വിതീയമാണെന്ന് ഞാൻ വിശ്വസിക്കുന്നു" അഗസ്തീനോസ് (354-430) പറയുന്നു. "സാർവ്വത്രിക സുവിശേഷത്തിൽ വിശ്വാസം ഉണ്ടാകുമായിരുന്നില്ല"

പാരമ്പര്യം ലിഖിതത്തേക്കാൾ പുരാതനമായതിനാൽ സുവിശേഷത്തിന്റെ പഠിപ്പിക്കലുകൾ സ്വീകരിക്കുന്ന ആർക്കും ദൈവികവും അപ്പസ്തോലികവുമായ പാരമ്പര്യങ്ങൾ സ്വയമേവ ലഭിക്കണമെന്നതിൽ സംശയമില്ല. പാരമ്പര്യവും ലിഖിതവും, രണ്ടും ഒരു അസ്തിത്വമാണ്. ഓരോന്നും മറ്റൊന്ന് പൂർത്തിയാക്കുന്നതിനാൽ അവയൊന്നും ഉപയോഗിക്കാൻ കഴിയില്ല.

യേശുവിന്റെ എല്ലാ വാക്കുകളും അവൻ ചെയ്ത എല്ലാ പ്രവൃത്തികളും വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടില്ലന്ന് സൂചിപ്പിക്കുന്ന നിരവധി ഭാഗങ്ങൾ സുവിശേഷത്തിലുണ്ട്. ഉദാ. യോഹ. 20:30.

യേശു പറഞ്ഞ മറ്റനേകം വാക്യങ്ങളും അവൻ ചെയ്ത മറ്റനേകം പ്രവൃത്തികളും ദൈവിക പാരമ്പര്യത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു (അപ്പ.പ്രവ.1:31). ഇവയൊക്കെ വാമൊഴിയായി, പാരമ്പര്യത്തിന്റെ ഭാഗമായി കൈമാറ്റം ചെയ്തിരുന്നു.

### അപ്പസ്തോലിക പാരമ്പര്യം

ചില അപ്പസ്തോലന്മാരും ശിഷ്യന്മാരും സുവിശേഷം രചിക്കുകയും മറ്റ് ചിലർ ലേഖനങ്ങൾ എഴുതുകയും ചെയതു. എന്നിരുന്നാലും ആ രചനകളിൽ യേശു ചെയ്തതും പഠിപ്പിച്ചതും മുഴുവൻ ഉൾപ്പെടുത്തിയിട്ടില്ല. മറ്റ് ചിലർ ഒന്നും എഴുതാതെ വാചാലമായി പ്രസംഗിച്ചിട്ടേ ഉള്ളൂ. വി. ഗ്രന്ഥത്തിൽ ഉൾപ്പെടുത്താത്ത രചനകളും ധാരാളമുണ്ട്. ഇപ്രകാരം രേഖപ്പെടുത്താത്തതും, രേഖപ്പെടുത്തിയിട്ടും വി. ഗ്രന്ഥത്തിന്റ ഭാഗമാകാത്തതും ആയവ പാരമ്പര്യത്തിലൂടെ കൈമാറി കിട്ടിയിട്ടുണ്ട്. അപ്പസ്തോലന്മാരിൽ നിന്ന്, സഭയുടെ ഘടനയും വളർച്ചയിൽ സഹായവുമായി സ്ഥാപിച്ച നിയമങ്ങളും മറ്റും സഭാപിതാക്കന്മാരിലൂടെ നമുക്ക് ലഭിച്ചിട്ടുണ്ട്. യഹൂദ ശാബത്തിന് പകരം ഞായറാഴ്ച ആചരിക്കൽ, കുട്ടികളുടെ സ്നാനം, മറ്റും വാമൊഴിയായ പഠിപ്പിക്കലുകൾ ഒക്കെ കൈമാറ്റപ്പെട്ടു.

അപ്പസ്തോലൻ സഭയ്ക്ക് വാമൊഴിയായി കൈമാറിയ ഈ പഠിപ്പിക്കൽ വാക്കാലുള്ള അപ്പസ്തോലിക പാരമ്പര്യമാണ്. അതിൽ വിശ്വാസ സത്യങ്ങളുണ്ട് വിശദീകരണമോ, നല്ല ഉപദേശങ്ങളോ വചനത്തിന്റെ വ്യാഖ്യാനമോ ആകാം. ആരാധനയുടെ രീതികളും അവയുടെ ക്രമീകരണത്തിൽ ശ്രദ്ധിക്കേണ്ട വസ്തുതകളും ആവാം.

സഭയിൽ ഡീക്കന്മാരുടെ ഓഫീസ് സ്ഥാപിക്കൽ, ഏഴ് ഡീക്കൻമാരുടെ തിരഞ്ഞെടുപ്പ്, നിയമനം എന്നിങ്ങനെ കാലത്തിന്റെ ആവശ്യകതയ്ക്ക് അനുസൃതമായി പരിശുദ്ധ സഭയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും ആവശ്യമായതെല്ലാം പരി. ആത്മാവാൽ പ്രചോദിതരായി അവർ ചെയ്തു.

*(തുടർച്ച ...... 4-ാം പേജിൽ)*

**മുഖ്യരക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ
**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. ആന്റണി മാർ സിൽവാനോസ്
**ചീഫ് എഡിറ്റർ**
റവ. ഫാ. ബനഡിക്ട് മൂഴിക്കര OIC
**മാനേജിംഗ് എഡിറ്റർ**
റവ. ഡോ. സി. മേരി പ്രസാദ് DM
**എഡിറ്റർ**
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ
**എഡിറ്റോറിയൽ ബോർഡ്**
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്

## മലങ്കര കത്തോലിക്കാ സുവിശേഷ സംഘം
### 2023 സെപ്റ്റംബർ-ഡിസംബർ മാസങ്ങളിലെ പ്രോഗ്രാമുകൾ

| | |
|---|---|
| **സെപ്റ്റംബർ** | |
| 6 ബുധൻ | - സുവിശേശേഷ സംഗമം - 2023, പാറശാല |
| 12 -ചൊവ്വാ | - നെടുമങ്ങാട് ജില്ലാ വൈദീക സമ്മേളനം, കാതോലിക്കേറ്റ്, പട്ടം |
| 13 - ബുധൻ | - പുത്തൂർ, ദക്ഷിണ കന്നഡാ വൈദിക സമ്മേളനം, ഓൺലൈൻ |
| 18 - തിങ്കൾ | - സുവിശേഷസംഘം ഡയറക്ടേഴ്സ് മീറ്റ്, ഓൺലൈൻ |
| 20-21 ബുധൻ-വ്യാഴം | - പുനരൈക്യ വാർഷികാഘോഷം, സുവിശേഷ സന്ധ്യാ, മുവാറ്റുപുഴ |
| 24 ഞായർ | - മുംബൈ റീജണൽ സുവിശേഷ പരിശീലനം, മുംബൈ |
| 23-24 ശനി, ഞായർ | - ഇടക്കര-നിലമ്പൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-3, ആനക്കല്ല് |
| 24, ഞായർ | - കട്ക്കി-പൂനാ, മുംബൈ റീജൺ-2 സുവിശേഷ പരിശീലനം, മുംബൈ |
| 27, ബുധൻ | - മാവേലിക്കര സുവിശേഷസംഗമം 2023, മാവേലിക്കര |
| 30, 1 (ഒക്ടോ) ശനി, ഞായർ | - അഞ്ചൽ വൈദികജില്ല സുവിശേഷസംഘ പരിശീലനം-5, അഞ്ചൽ |
| **ഒക്ടോബർ** | |
| 1 ഞായർ | - കട്ക്കി-പൂനാ, പൂനാ റീജൻ-2 സുവിശേഷസംഘ പരിശീലനം, പൂനാ |
| 2 തിങ്കൾ | - മാർത്താണ്ഡം വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, ഊരമ്പ് |
| 4-7 ബുധൻ-ശനി | - ധ്യാനം, ലിറ്റിൽ ഫ്ളവർ ചർച്ച്, കളത്തിപ്പടി, കോട്ടയം |
| 7-8 ശനി, ഞായർ | - കോട്ടാരക്കര വൈദികജില്ല സുവിശേഷസംഘ പരിശീലനം-2 കിഴക്കേതെരുവ് |
| 14-15 ശനി, ഞായർ | - തിരുവല്ല വൈദികജില്ല സുവിശേഷസംഘ പരിശീലനം-2, തിരുവല്ല ശാന്തിനിലയം |
| 17-18 ചൊവ്വാ-ബുധൻ | - മിഷൻ പരിശീലനം, കാതോലിക്കേറ്റ്, പട്ടം |
| 21-22 ശനി, ഞായർ | - കണ്ണൂർ-കാസർഗോഡ് വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, ചെറുപുഴ |
| 23-24,തിങ്കൾ- ചൊവ്വാ | - മാനന്തവാടി വൈദികജില്ല സുവിശേഷസംഘ പരിശീലനം-3, മാനന്തവാടി |
| 28-29 ശനി, ഞായർ | - പുത്തൂർ സുവിശേഷസംഗമം, വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, കൊടിയംബാള |
| **നവംബർ** | |
| 3-4 വെള്ളി-ശനി | - റാന്നി-വെണ്ണിക്കുളം സുവിശേഷസംഘ പരിശീലനം-5, തെള്ളിയൂർ |
| 4-5 ശനി ഞായർ | - അടൂർ, വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, അടൂർ |
| 11-12 ശനി ഞായർ | - മാവേലിക്കര, ചെങ്ങന്നൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-3, ചെങ്ങന്നൂർ |
| 18 ശനി | - കൈവയ്പ്പ് സഭാതലം 8-ാം, ബാച്ച്, പട്ടം കത്തിഡ്രൽ |
| 25-26- ശനി, ഞായർ | - പാറശാല സുവിശേഷസംഘ പരിശീലനം-4, പാറശാല |
| **ഡിസംബർ** | |
| 2-3 ശനി, ഞായർ | - പിറവം വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, ഓണക്കൂർ<br>മൂവാറ്റുപുഴ ഭദ്രാസനതലം-3 പരിശീലനം-5, പീച്ചി. |
| 9-10 ശനി, ഞായർ | - നെടുമങ്ങാട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, |
| 16-17 ശനി, ഞായർ | - നെയ്യാറ്റിൻകര വൈദികജില്ല സുവിശേഷസംഘ പരിശീലനം-1 |

www.malankaralibrary.com





# മരിയൻ വിശ്വാസ സത്യങ്ങൾ

**സിസ്റ്റർ യോവന്ന ഡി. എം.**
*മരിയൻ സ്പിരിചാലിറ്റി സെന്റർ, കളിയിക്കാവിള*

**ആമുഖം**

"പിതാവിന്റെ കരങ്ങളിൽ നിന്ന് നേരിട്ട് ദൈവസുതനെ സ്വീകരിക്കാൻ ലോകം അയോഗ്യമായതുകൊണ്ട് ലോകം തന്റെ സുതനെ പരി. മറിയത്തിൽ നിന്ന് സ്വീകരിക്കാൻ പിതാവ് മകനെ പരി. മറിയത്തിന് കൊടുത്തു" (വി. അഗസ്തിനോസ്).

ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തിന്റെയും, ദൈവസാന്നിധ്യത്തിന്റെയും, ദൈവിക സംരക്ഷണത്തിന്റെയും എക്കാലത്തേക്കുമുള്ള അടയാളമാണ് പരി. മറിയം. പഴയനിയമത്തിലും, പഴയ നിയമത്തിലെ പ്രവചനങ്ങളിലും, പ്രതിരൂപങ്ങളിലും അപ്പസ്തോല പ്രവർത്തനങ്ങളിലും, സഭാ പിതാക്കന്മാരുടെ പ്രബോധനങ്ങളിലും സഭയിൽ പരി. അമ്മയുടെ മഹത്വപൂർണ്ണമായ സ്ഥാനം എത്രത്തോളം മഹനീയമാണെന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കും. പരി. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളിൽ പരി. മറിയത്തിന് നൽകുന്ന സ്ഥാനം നമുക്ക് കൂടുതൽ മനസിലാക്കുവാൻ സഹായിക്കുന്നത് മറിയം ദൈവത്തിന്റെ അമ്മ, നിത്യകന്യകയായ മറിയം, അമലോത്ഭവ, സ്വർഗ്ഗാരോപിത എന്നീ 4 വിശ്വാസ സത്യങ്ങളിലൂടെയാണ്.

വിശുദ്ധ ഗ്രന്ഥത്തിന്റെയും, വിശുദ്ധ പാരമ്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ തിരുസഭ വിശ്വസിക്കുന്നവയും, ഔദ്യോഗികമായി അംഗീകരിച്ചവയും, ദൈവീകമായി വെളിപ്പെടുത്തപ്പെട്ടതുമായ ഉപദേശങ്ങളാണ് വിശ്വാസ സത്യങ്ങൾ എന്ന് വിളിക്കപ്പെടുന്നത്. ഏറ്റവും ഉയർന്ന തലത്തിലുള്ള സഭാ നിർവചനങ്ങളാണ് വിശ്വാസ സത്യങ്ങൾ. അവ മാർപാപ്പായുടെ അപ്രമാദിത്വവരം ഉപയോഗിച്ചുള്ള വിളംബരങ്ങളിലൂടെയോ, മാർപാപ്പായുടെ അംഗീകാരമുള്ള സഭാ കൗൺസിലിന്റെ ഐകകൺഠേനയുള്ള പ്രബോധനങ്ങളിലൂടെയോ ആണ് പ്രകാശിപ്പിക്കുന്നത്. മരിയൻ വിശ്വാസസത്യങ്ങൾ പരി. മറിയം ആരാണെന്നും സകല മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടിയുള്ള ദൈവീക പദ്ധതിയിൽ പരി. അമ്മയുടെ പങ്ക് എന്താണെന്നും നമുക്ക് വെളിപ്പെടുത്തിതരുന്നു.

**ഒന്നാം വിശ്വാസ സത്യം : പരി. മറിയം ദൈവമാതാവ്**

മരിയൻ വിശ്വാസസത്യങ്ങളിൽ ഏറ്റവും ആദ്യമായി പ്രഖ്യാപിക്കപ്പെട്ട വിശ്വാസ സത്യമാണ് പരി. മറിയം ദൈവ മാതാവ് എന്നത്. മനുഷ്യനായി അവതരിച്ച ദൈവമായ യേശുക്രിസ്തുവിന്റേ യഥാർത്ഥ മാതാവാണ് മറിയം എന്നതാണ് ഈ വിശ്വാസസത്യം ഉദ്ഘോഷിക്കുന്നത്. മറിയത്തിന്റെ ദിവ്യമാതൃത്വം എന്ന് പൊതുവായി അറിയപ്പെടുന്ന ഈ വിശ്വാസസത്യം എ.ഡി. 431-ൽ എഫേസോസ് കൗൺസിലിൽ വച്ച് ഔദ്യോഗികമായി നിർവഹിക്കപ്പെട്ടു.

പരി. മറിയം ദൈവത്തിന്റെ അമ്മയാണെന്ന സഭയുടെ പ്രബോധനത്തെ അംഗീകരിക്കുവാൻ കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന നെസ്തോറിയസ് തയ്യാറായില്ല. തനിക്ക് മുമ്പുണ്ടായിരുന്ന ഒരാളെ ഒരു സ്ത്രീക്ക് എങ്ങനെ ഗർഭം ധരിക്കുവാനും, പ്രസവിക്കുവാനും കഴിയും? എന്നതായിരുന്നു നെസ്തോറിയസിന്റെ ചോദ്യം. മാത്രമല്ല ക്രിസ്തുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും രണ്ട് വ്യത്യസ്ഥതകളായി കാണുകയും, മറിയത്തെ ക്രിസ്തുമാതാവ് (Christo tokos) എന്നാണ് വിളിക്കേണ്ടതെന്നും, ദൈവമാതാവ് (Theo tokos) എന്ന് വിളിക്കുന്നത് ശരിയല്ലെന്നും അദ്ദേഹം പഠിപ്പിച്ചു. നെസ്തോറിയനിസം എന്ന പേരിൽ അറിയപ്പെട്ട ഈ പാഷണ്ഡതയ്ക്ക് "ഈശോമിശിഹാ ഒരേ സമയം ദൈവവും മനുഷ്യനുമാകുന്നു; എങ്കിലും അവിടുന്ന് ഒരുപ്പമാണ്. ഏക ദൈവികയാളിൽ സ്ഥിതിചെയ്യുന്ന ദൈവിക പ്രകൃതിയുടെയും മാനുഷിക പ്രകൃതിയുടെയും അവിഭാജ്യമായ സമജ്ജസ സംയോഗത്തെയാണ് 'Hypostatic Union' എന്ന് പറയുന്നത് എന്ന് ഗ്രീക്ക് ഉപയോഗിച്ച് അലക്സാണ്ഡ്രിയായിലെ വിശുദ്ധ സിറിൽ വിവരിച്ച എഫേസോസിലെ കൗൺസിൽ നെസ്തോറിയസിന്റെ സിദ്ധാന്തത്തെ തിരസ്കരിക്കുകയും, "എമ്മാനുവേൽ യഥാർത്ഥത്തിൽ ദൈവമാണെന്നും, തൽക്കാരണത്താൽ പരിശുദ്ധ കന്യക യഥാർത്ഥത്തിൽ ദൈവത്തിന്റെ അമ്മയാണെന്നും വിശ്വസിച്ച് ഏറ്റുപറയാത്തവൻ തിരസ്കൃതനാകട്ടെ എന്ന് ഈ കൗൺസിൽ നിർവചിക്കുകയും ചെയ്തു. സഭയുടെ മതബോധനഗ്രന്ഥം 509-ാം നമ്പറിൽ ഇപ്രകാരം പഠിപ്പിക്കുന്നു "മറിയം ഉറപ്പായും ദൈവമാതാവാണ് എന്തുകൊണ്ടെന്നാൽ അവൾ മനുഷ്യനായി അവതരിച്ച ദൈവം തന്നെയായ ദൈവപുത്രന്റെ അമ്മയാണ്".




**രണ്ടാം വിശ്വാസസത്യം : പരി. മറിയത്തിന്റെ നിത്യകന്യാത്വം**

മറിയത്തിന്റെ നിത്യകന്യാത്വമാണ് മരിയൻ വിശ്വാസ സത്യങ്ങളിൽ രണ്ടാമത്തേത്. ക്രിസ്തുവിന്റെ ജനനത്തിനു മുമ്പും, ജനനസമയത്തും, പിറവിക്കുശേഷവും മറിയം കന്യകയായിരുന്നു എന്നതാണ് ഈ വിശ്വാസ സത്യം അനുശാസിക്കുന്നത്. എ.ഡി. 553-ൽ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിൽ വച്ചാണ് പരി. മറിയത്തിന്റെ നിത്യകന്യാത്വം ഒരു വിശ്വാസ സത്യമായി അംഗീകരിക്കുന്നത്. പരി. മറിയത്തിന്റെ കന്യാത്വത്തിന്റെ ത്രിവിധ സ്വഭാവഗുണങ്ങൾ 649 എ.ഡിയിൽ ലാറ്ററൻ സൂനറ്റദോസിൽ വച്ച് വിശുദ്ധ മാർട്ടിൻ ഒന്നാമൻ മാർപാപ്പ ഈ വിശ്വാസ സത്യത്തെ ഇങ്ങനെ വിശദീകരിച്ചു. "നിത്യകന്യകയും അമലോത്ഭവയുമായ മറിയം പുരുഷസ്പർശമില്ലാതെ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ചു; കന്യാത്വം നഷ്ടപ്പെടാതെ ജന്മമേകി. യേശുവിന്റെ ജനനശേഷവും കളങ്കമേശാതെ കന്യാത്വം കാത്തുസൂക്ഷിച്ചു".

ഏശയ്യാ പ്രവചനം 7:14-ൽ യേശുവിന്റെ ജനനത്തിനുമുമ്പുള്ള മറിയത്തിന്റെ കന്യാത്വത്തെപ്പറ്റി വി. ഗ്രന്ഥം വളരെ സ്പഷ്ടമായി വിശദീകരിക്കുന്നു. "അതിനാൽ കർത്താവ് തന്നെ നിനക്ക് അടയാളംതരും, കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും. ക്രിസ്തുവിന്റെ പിറവിക്കു മുമ്പുള്ള മറിയത്തിന്റെ കന്യാത്വത്തെപ്പറ്റി സഭയുടെ വിശുദ്ധ പാരമ്പര്യം പ്രഖ്യാപിക്കുന്നത് വിശ്വാസ പ്രമാണത്തിലെ ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാ മറിയത്തിൽ നിന്നു പിറന്നു എന്ന വരികളായാണ്. യേശുവിന്റെ ജനന സമയത്തുള്ള മറിയത്തിന്റെ ശാശ്വത കന്യാത്വത്തെപ്പറ്റിയുള്ള സഭാപ്രബോധനം ഇപ്രകാരമാണ് "നിയോഗിക്കപ്പെട്ട സമയം ആയപ്പോൾ മറിയത്തിന്റെ ഭൗമികമായ കന്യാത്വം കളങ്കപ്പെടാതെ യേശു ഗർഭപാത്രം വിട്ടു പുറത്തുവന്നു. മറിയത്തിന്റെ ആത്മാവിന്റെയും ശീരത്തിന്റെയും ആന്തരികവും, ബാഹ്യവുമായ സമഗ്രവും സമ്പൂർണ്ണവുമായ കന്യാത്വത്തിന്റെ പ്രതീകമായ ശാരീരിക കന്യാത്വം സംരക്ഷിക്കപ്പെട്ടെന്ന് പറയുമ്പോൾ കന്യാത്വത്തിന്റെ സമ്പൂർണ്ണതയാണ് വെളിപ്പെടുന്നത്. ത്രെന്തോസ് സൂന്നഹദോസ് കന്യാത്വം നഷ്ടപ്പെടാതെ, സംഭവിച്ച യേശുവിന്റെ ജനനത്തെക്കുറിച്ച് സ്പഷ്ടമാക്കിയത് ഇപ്രകാരമാണ്. "അടച്ച് മുദ്ര വച്ചിരുന്ന കല്ലറയിൽ നിന്ന് യേശു ഉത്ഥാനം ചെയ്തു പുറത്തുവന്നതുപോലെയും, അകത്തുനിന്ന് പൂട്ടിയിരുന്ന വാതിൽ തുറക്കാതെതന്നെയും ഉത്ഥിതനായി യേശു ശിഷ്യന്മാരുടെ മുറിക്കുള്ളിലേക്ക് കയറിചെന്നതുപോലെയും അവിടുത്തെ അമ്മയുടെ കന്യാത്വത്തിന് ഒരു ഭംഗവും വരുത്താതെ അഗ്രാഹ്യവും, അത്ഭുതകരവുമായ വിധത്തിൽ പരി. കന്യകാമറിയത്തിൽ നിന്നും യേശു ജനിച്ചു.

യേശുവിന്റെ ജനനത്തിനുശേഷവും മറിയം നിത്യകന്യകയായിരുന്നു എന്ന് സഭ പഠിപ്പിക്കുന്നത് ഇപ്രകാരമാണ്. "യേശുവിന്റെ ഉത്ഭവത്തിനുശേഷം മറിയം വൈവാഹിക ബന്ധങ്ങളിൽ ഏർപ്പെടുകയോ, മറ്റ് കുട്ടികളെ ജനിപ്പിക്കുകയോ ചെയ്യാതെ ഭൂമിയിലെ അവളുടെ പിലക്കാല ജീവിതം മുഴുവൻ കന്യകയായി ചെലവഴിച്ചു. കന്യാത്വത്തെക്കുറിച്ചുള്ള ഈ മരിയൻ പ്രമാണം സഭയുടെ പാരമ്പര്യത്തിൽ അടിയുറച്ചതും, സഭാപിതാക്കന്മാരാൽ ശക്തമായി സംരക്ഷിക്കപ്പെട്ടിട്ടുള്ളതുമാണ്. വി. അഗസ്തീനോസ് ഇപ്രകാരം പറയുന്നു: "മറിയം തന്റെ പുത്രനെ ഗർഭം ധരിച്ചപ്പോഴും, ജന്മം നൽകിയപ്പോഴും കൊണ്ടുനടന്നപോഴും പാലൂട്ടിയപ്പോഴും ഒരു കന്യകയായിതന്നെ നിലകൊണ്ടു".

**മൂന്നാം വിശ്വാസ സത്യം : അമലോത്ഭവം**

മറിയത്തിന്റെ കളങ്കമില്ലാത്ത ഉത്ഭവം, അമലമായ ഉത്ഭവം ഇതാ മൂന്നാമത്തെ വിശ്വാസ സത്യത്തിലൂടെ സഭ നമ്മെ പഠിപ്പിക്കുന്നത്. മംഗളവാർത്താസമയത്ത് ഗബ്രിയേൽ ദൂതൻ പരി. മറിയത്തെ അഭിസംബോധന ചെയ്തത് ദൈവകൃപ നിറഞ്ഞവളേ എന്നാണ്. പാപരഹിത ആയതിനാലാണ് അമ്മ ദൈവകൃപ നിറഞ്ഞവൾ ആയത്. ഈ അഭിസംബോധന അല്ലാതെ പരി. മറിയം ഉത്ഭവ പാപത്തിൽ നിന്നും വിമുക്തയായാണ് ജനിച്ചതെന്ന് പരി. ഗ്രന്ഥത്തിൽ പ്രത്യക്ഷത്തിൽ പ്രതിപാദിക്കുന്നില്ല.

1854-ൽ ഡിസംബർ 8-ാം തീയതി, 9-ാം പീയൂസ് മാർപാപ്പായും ഇനെഫാബിലിസ് ദേവൂസ് എന്ന തിരുവെഴുത്തുവഴി പരി. മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചത്. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം 491-ാം നമ്പറിൽ ഇപ്രകാരം പഠിപ്പിക്കുന്നു. "പരി. അമ്മ താൻ ഗർഭത്തിൽ ഉരുവായ നിമിഷം മുതൽ ദൈവികകൃപയാലും, അനുഗ്രഹത്താലും മനുഷ്യവംശത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ ഗുണങ്ങളുടെ പ്രത്യേകതകളാലും സകലവിധ പാപമാലിന്യ ങ്ങളിൽ നിന്ന് കാത്തുസംരക്ഷിക്കപ്പെട്ടു".

1858 മാർച്ച് 25-ാം തീയതി ലൂർദിൽ ബർണ്ണദീത്താക്ക് പരി. മറിയം പ്രത്യക്ഷപ്പെട്ടപ്പോൾ 'ഞാൻ അമലോത്ഭവയാണെന്ന്' പറഞ്ഞു. ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിക്കുമ്പോൾ അമലമായ സ്വന്തം മാനുഷികത ദാനം ചെയ്യാനുള്ള ചുമതലയാണ് ദൈവപദ്ധതിയിൽ മറിയത്തിനുണ്ടായിരുന്നത്. അനാദിമുതൽ ദൈവം മറിയത്തെ ദൈവമാതാവായി തെരഞ്ഞെടുത്തു എന്നും ആ മഹനീയ സ്ഥാനത്തിന് അനുസൃതമായി അവളെ മുൻകൂട്ടി സകല പാപക്കറകളിൽ നിന്ന് രക്ഷിക്കുകയും, പ്രസാദവരംകൊണ്ട് നിറയ്ക്കുകയും ചെയ്തു എന്നുമാണ് 'പരി. മറിയം അമലോത്ഭവ' എന്ന ഈ വിശ്വാസ സത്യത്തിന്റെ പൊരുൾ.

**4-ാം വിശ്വാസ സത്യം : സ്വർഗ്ഗാരോപണം**

1950 നവംബർ 1-ന് 'പരമകാരുണികനായ ദൈവം' എന്ന ചാക്രികലേഖനം വഴി 12-ാം പീയൂസ് മാർപാപ്പയാണ് സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചത്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 966-ാം നമ്പറിൽ സഭ ഇപ്രകാരം പഠിപ്പിക്കുന്നു. "എല്ലാവിധ ഉത്ഭവ പാപങ്ങളിൽ നിന്നും മുക്തയായിരുന്ന അമലോത്ഭവ

*(തുടർച്ച 11-ാം പേജിൽ)*

www.malankaralibrary.com



( ...... 1-ാം പേജിൽ നിന്നും തുടർച്ച)

ആത്മീയ ദർശനത്തിൽ അടിസ്ഥാനമായി നിലകൊള്ളുന്നത് മനുഷ്യനെ എപ്രകാരം കാണുന്നു എന്ന കാഴ്ചപ്പാടിൽ നിന്നാണ്. പാശ്ചാത്യ വീക്ഷണത്തിൽ മനുഷ്യനെ രണ്ടായി കാണുമ്പോൾ പൗരസ്ത്യർ മൂന്നായിട്ടാണ് കാണുന്നത്. "എന്റെ കർത്താവേ ഞങ്ങളുടെ മാതാപിതാക്കന്മാരുടെയും സഹോദരി സഹോദരന്മാരുടെയും ... ആത്മാക്കളെയും ദേഹികളെയും ശരീരങ്ങളെയും ആശ്വസിപ്പിച്ച് കാരുണ്യത്തിന്റെ ആർദ്രതയുടെയും പനിമഞ്ഞ് അവരുടെ അസ്ഥികളിൽ തളിക്കേണമേ" (വി. കുർബാന തക്സ, ഹൂസോയോ പ്രാർത്ഥന p, 30). ഇങ്ങനെ ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളാണ് മനുഷ്യനിലുള്ളത്.

**1. ദേഹം**

ഒരു വ്യക്തിയെ ലോകവുമായി ബന്ധിപ്പിക്കുന്നത് ആ വ്യക്തിയുടെ ശരീരമാണ്. മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ വസ്തുതകളെയും ആവിഷ്കരിക്കുന്ന മാധ്യമമാണ് ശരീരം. മനുഷ്യന്റെ ആത്മീകവും ലൗകികവുമായ എല്ലാ കാര്യങ്ങൾക്കും ദേഹത്തിൽക്കൂടിയാണ് പ്രകടമാക്കുന്നത്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്റെ ശരീരത്തിലൂടെയാണ് ദൈവത്തിന്റെ പ്രതിബിംബമാകുന്നത്.

**2. ദേഹി**

ഒരു മനുഷ്യന്റെ വിവിധതലങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്. ഒരു വ്യക്തിയുടെ മനസ്സ്, ബുദ്ധി, ചിന്ത, വികാരം, ഇച്ഛ എന്നിവയാണ് ദേഹിയുമായി ബന്ധപ്പെട്ടിരിക്കുന്നത്. ബൗദ്ധികവും വൈകാരികവുമായ പ്രവർത്തനങ്ങൾ, യുക്തിപരമായ തീരുമാനങ്ങൾ സഹജവാസനകൾ എല്ലാം ഇതിൽ ഉൾപ്പെടുന്നു. പ്രത്യേകിച്ച് മനുഷ്യന്റെ സ്വയം എന്നതിന്റെ അടിസ്ഥാനം ദേഹിയാണ്.

**3. ആത്മാവ്**

ആത്മാവാണ് മനുഷ്യ ജീവിതത്തിന്റെ കേന്ദ്രബിന്ദു. മനുഷ്യന്റെ ആത്മാവ് ദൈവത്തിന്റെ ആത്മാവിൽ നിന്ന് വ്യത്യസ്തമാണ്. ദൈവത്തിന്റെ ആത്മാവ് എപ്പോഴും മനുഷ്യന്റെ ആത്മാവിലൂടെയാണ് പ്രവർത്തിക്കുന്നത്. പൗരസ്ത്യ കാഴ്ചപ്പാടിൽ ദൈവവുമായിട്ടുള്ള സംസർഗ്ഗത്തിൽ ജീവിക്കാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യന്റെ ആത്മാവാണ് ദൈവസംസർഗ്ഗത്തിന്റെ കാരണം. ദൈവസംസർഗ്ഗത്തിലൂടെയാണ് മനുഷ്യന്റെ ആത്മാവിന് പ്രകാശനം (Intuition) ലഭിക്കുന്നത്. മനുഷ്യന്റെ ആത്മാവിന് പ്രകാശനം ലഭിക്കുമ്പോഴാണ് മനസാക്ഷിക്ക് ശരിയായി പ്രവർത്തിക്കാൻ സാധിക്കുന്നത്. ദൈവസംസർഗ്ഗത്തിലുള്ള കഴിവ്, ആത്മീയ പ്രകാശനം, മനസാക്ഷിയുടെ പ്രവർത്തനം ഇവയാണ് മനുഷ്യന്റെ ആത്മാവിനെ അടിസ്ഥാനമാക്കിയുള്ള കാര്യങ്ങൾ.

മനുഷ്യ വ്യക്തിത്വത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത് ഇവ മൂന്നിന്റെയും അതായത് ദേഹം, ദേഹി, ആത്മാവ് എന്നിവയുടെ സംയോജിതമായ ഒരു പ്രവർത്തനഫലമാണ്. ദൈവത്തിന് വിധേയപ്പെട്ട് മനുഷ്യർ പ്രവർത്തിക്കണം എന്നതായിരുന്നു മനുഷ്യസൃഷ്ടിയിൽ ആത്മാവ് മനുഷ്യന് നൽകിയപ്പോൾ ദൈവം ആഗ്രഹിച്ചത്. എന്നാൽ പാപം മൂലം ദൈവസംസർഗ്ഗം നഷ്ടപ്പെട്ടപ്പോൾ മനുഷ്യന്റെ ആത്മാവ് നിർജീവമായി. അങ്ങനെ മനുഷ്യൻ ദേഹവും ദേഹിയും കൂടിചേർന്ന ഭൗതികനായി ത്തീർന്നു അല്ലെങ്കിൽ ദേഹി അധിഷ്ഠിതമായ ബുദ്ധിജീവിയോ വികാര ജീവിയോ ആയിത്തീർന്നു. മനുഷ്യന്റെ ആത്മാവിലുള്ള ജീവിതം നഷ്ടമായി, തന്മൂലം ദൈവസംസർഗ്ഗവും ഇല്ലാതായി.

**ദൈവാനുരൂപീകരണം (Deification)**

നഷ്ടപ്പെട്ടപ്പോയ ആത്മാവിന്റെ ദൈവസംസർഗ്ഗം വിശ്വാസത്തിലൂടെ പുനർജീവിക്കപ്പെടുന്നതാണ് ദൈവാനുരൂപീകരണം (Deification) എന്ന് പറയുന്നത്. "ആരെങ്കിലും എന്റെ പിന്നാലെ വരാൻ ആഗ്രഹിക്കുന്നെങ്കിൽ അയാൾ സ്വയം പരിത്യജിച്ച് അനുദിനം കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ" (ലൂക്കാ.9:23). സ്വയത്തെ അനുദിനവും ഇല്ലാതാക്കി സ്വയാശ്രയത്തിൽ നിന്ന് ദൈവാശ്രയത്തിലേക്ക് ദിനംതോറുമുള്ള ഒരു മാറ്റമാണിത്. സ്വയാധിഷ്ഠിതമായ ജീവിതത്തിൽ നിന്ന് ദൈവാധിഷ്ഠിതമായുള്ള ജീവിതത്തിലേക്കുള്ള പടിപടിയായിട്ടുള്ള ഒരു വളർച്ചയാണിത്. അങ്ങനെ വിശ്വാസത്തിലുള്ള മനുഷ്യന്റെ ആത്മാവ് സജീവമായി തീരുന്നു. സ്വയത്തെ ഇല്ലാതാക്കി രൂപാന്തരം പ്രാപിച്ച് ദൈവസംസർഗ്ഗത്തിലേക്ക് തിരിച്ചുവരുന്നു. അപ്പോൾ ആത്മാവിന് ആവശ്യമായ ദൈവീക പ്രകാശനം ലഭിക്കുന്നു. ഇങ്ങനെ ആത്മാവിന്റെ പ്രകാശം ലഭിക്കുമ്പോൾ മനസാക്ഷിക്ക് നന്മ, തിന്മയെ തിരിച്ചറിഞ്ഞ്

(തുടർച്ച 7-ാം പേജിൽ)

( ...... 2-ാം പേജിൽ നിന്നും തുടർച്ച)

"അത് ആത്മാവിനാലും ഞങ്ങൾക്കും നല്ലതായി തോന്നി" (അപ്പ. പ്ര. 15:28).

സഭയുടെ സംഘാടനത്തിൽ ആത്മാവിന്റെ പ്രവർത്തനങ്ങൾ അപ്പസ്തോലന്മാർക്ക് അതിശയമല്ല, കാരണം അതിനെക്കുറിച്ച് യേശു അവരോട് പറഞ്ഞിരുന്നു (യോഹ.16:12) തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയവ മാത്രമല്ല, പരി. ആത്മാവ് അവരുടെമേൽ ഇറങ്ങിയതിനുശേഷം അവരെ പ്രാപ്തരാക്കിയതെല്ലാം ഉൾക്കൊള്ളുന്നു. ഇതെല്ലാം വി. ഗ്രന്ഥത്തിലെ സന്ദേശവുമായി പൊരുത്തപ്പെടുന്നവയാണ്. അപ്പസ്തോലനായ വി. പൗലോസ് തന്റെ ശിഷ്യനായ തിമോത്തിയോസിനോട് ഇപ്രകാരം പറയുന്നു "അനേകം സാക്ഷികളുടെ ഇടയിൽ നീ എന്നെക്കുറിച്ച് കേട്ടിട്ടുള്ള കാര്യങ്ങൾ, മറ്റുള്ളവരെയും പഠിപ്പിക്കുക" (തീത്തോ.2:2); (2 തെസ.2:15). കോറിന്തോസിലെ സഭയ്ക്ക് വി. കുർബാനയെക്കുറിച്ച് പഠിപ്പിക്കുമ്പോൾ ഈ പാരമ്പര്യത്തെക്കുറിച്ചും പഠിപ്പിക്കുന്നതും ശ്രദ്ധേയമാണ്.

ഇപ്രകാരം എഴുത്തിൽ പഠിപ്പിക്കുന്ന പൗലോസ് ചില ക്രമീകരണങ്ങളുടെ വിശദീകരണം അവരെ കാണാൻ പോകുന്നത് വരെ മാറ്റിവച്ചു. അപ്പസ്തോലൻ മുഖാമുഖം പറഞ്ഞതും സഭ പ്രചരിപ്പിച്ചതും തലമുറ തലമുറയായി പാരമ്പര്യമായി കൈമാറിയതുമായ ഈ കാര്യങ്ങൾ പരിശുദ്ധാത്മാവിനാൽ ഇന്നുവരെ കേടുകൂടാതെ സൂക്ഷിക്കുകയും വിവിധ ഭാഷകളിലും സന്ദർഭങ്ങളിലും സാർവ്വത്രിക സഭ നടപ്പിലാക്കുകയും ചെയ്യുന്നു. വ്യത്യസ്ത പ്രാദേശിക നാഗരികതകൾ പ്രത്യേകതകൾ സഭ ഉൾക്കൊള്ളുകയും അവയ്ക്ക് കാലാനുസൃതമായി പരിരക്ഷ നൽകി പരിപാലിക്കുകയും ചെയ്യുന്നു.

ആരാധനക്രമ രീതികളുമായും ചട്ടങ്ങളുമായും കാനോൻ നിയമങ്ങളുമായും ബന്ധപ്പെട്ട അപ്പസ്തോലിക പാരമ്പര്യത്തെ അടിസ്ഥാനമാക്കി പൈതൃകമായ പാരമ്പര്യവും ഉണ്ട്. തിരുവെഴുത്തുകളുടെയും വിശ്വാസസത്യങ്ങളുടെയും ആധികാരികതയെ അംഗീകരിക്കുന്ന കാര്യത്തിൽ ഇവയും ദൈവിക പാരമ്പര്യത്തെ പിൻചെല്ലുന്നതാണ്.

ക്രിസ്തുമതത്തിന്റെ ഉദയം മുതൽ ഈ പാരമ്പര്യം അപ്പസ്തോലിക സഭകളിൽ എല്ലായ്പ്പോഴും മഹത്തായ സ്ഥാനം നേടിയിട്ടുണ്ട്. അപ്പസ്തോലിക പാരമ്പര്യങ്ങളിൽ ഉറച്ചുനിൽക്കാൻ വിശ്വാസകളെ പ്രോത്സാഹിപ്പിക്കുന്ന പ്രസംഗങ്ങളിലൂടെയും ഉപദേശങ്ങളിലൂടെയും, വിവിധ നഗരങ്ങളിലെ പള്ളികളെ ശാക്തീകരിച്ച വി. ഇഗ്നേഷ്യസ് ഇതിനൊരു ഉദാഹരണമാണ്. അപ്പസ്തോലനായ യോഹന്നാന്റെ ശിഷ്യനായ അദ്ദേഹം ഈ പാരമ്പര്യങ്ങളെ കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും പറയുന്നു.



**ബൈബിൾ വ്യാഖ്യാനത്തിന്റെ ആവശ്യകത**

അപ്പസ്തോല പ്രവർത്തനങ്ങളിൽ (8:30–31) ക്രിസ്തു ശിഷ്യൻ ഫിലിപ്പോസും എത്യോപ്യാരാജ്ഞിയുടെ ഭണ്ഡാര വിചാരിപ്പുകാരനും തമ്മിലുള്ള സംഭാഷണം ഇപ്രകാരമാണ് "വായിക്കുന്നത് നിനക്ക് മനസിലാകുന്നുണ്ടോ? വ്യാഖ്യാനിച്ചുതരാതെ എങ്ങനെയാണ് ഞാൻ മനസിലാക്കുക? ഫിലിപ്പോസ് രഥത്തിൽ കയറി ദൈവവചനം വ്യാഖ്യാനിച്ചുകൊടുത്തതിന്റെ ഫലമായി അയാൾ ക്രിസ്തുവിൽ വിശ്വസിച്ചു. ജ്ഞാനസ്നാനം സ്വീകരിച്ചു. പല വചനഭാഗങ്ങളും വ്യാഖ്യാനം ആവശ്യപ്പെടുന്നു. ആയതിനാൽ വി. ഗ്രന്ഥത്തിന്റെ വ്യാഖ്യാനവും സഭ പഠിപ്പിക്കുന്ന വ്യാഖ്യാനരീതികളും അറിഞ്ഞിരിക്കേണ്ടതാണ്.

**പശ്ചാത്തല വിജ്ഞാനം**

വിശുദ്ധ ലിഖിതങ്ങളിൽ ദൈവം മനുഷ്യർ വഴി മാനുഷിക രീതിയിലാണ് സംസാരിക്കുന്നത്. അതിനാൽ മനുഷ്യരായ ഗ്രന്ഥകർത്താക്കളെക്കുറിച്ചും അവർ ജീവിച്ചിരുന്ന കാലത്തെ ഭാഷ, സംസ്കാരം, ചരിത്ര പശ്ചാത്തലം എന്നിവ ആവശ്യമാണ്. ദൈവത്തെപ്പറ്റിയുള്ള അറിവ് പകർന്ന് കൊടുക്കണം എന്ന ഏക ഉദ്ദേശമായിരുന്നു രചനയ്ക്ക് പിന്നിലുണ്ടായിരുന്നത്. ഈ ഉദ്ദേശത്തിൽ നിന്നും വഴിതെറ്റിപ്പോകാതെ പരിശുദ്ധാത്മാവ് വി. ഗ്രന്ഥകാരന്മാരെ നിരന്തരം സഹായിച്ചു, നയിച്ചു എന്ന് സഭ അസന്നിഗ്ദ്ധമായി വിശ്വസിക്കുന്നു, പഠിപ്പിക്കുന്നു.

**ഭാഷാ പരിജ്ഞാനം**

ബൈബിളിലെ പഴയ നിയമത്തിലെ ഭൂരിഭാഗം പുസ്തകങ്ങൾ ഹീബ്രൂഭാഷയിലും, മറ്റുള്ളവയും പുതിയ നിയമത്തിലെ പുസ്തകങ്ങളും ഗ്രീക്ക് ഭാഷയിലും എഴുതപ്പെട്ടവയാണ്. ആയിരത്തിലേറെ വർഷങ്ങൾ കൊണ്ട് എഴുതപ്പെട്ടവയുടെ പൊരുളും ധ്വനിയും മനസിലാക്കാൻ ഈ ഭാഷകൾക്ക് ഉണ്ടായിരുന്ന പ്രാധാന്യവും, ഈ ഭാഷകളിലെ പ്രത്യേക ശൈലികളും സാഹിത്യരൂപങ്ങളും അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ് (Vat. II, Rev. No. 12).

**ഉപസംഹാരം**

നമ്മുടെ രക്ഷയ്ക്കാവശ്യമായ ദൈവിക സത്യങ്ങളാണ് ബൈബിളിൽ പ്രതിപാദിക്കുന്നത്. വി. ഗ്രന്ഥത്തിന്റെ ഫലപ്രദമായ പാരമ്പര്യം എന്നത്, അടിസ്ഥാനപരമായി വിശുദ്ധ അപ്പസ്തോലന്മാരിൽ നിന്നും സഭാപിതാക്കന്മാരിൽ നിന്നും നമുക്ക് ലഭിച്ച ആത്മീയ പഠിപ്പിക്കലുകളാണ്. ഇവ ദൈവീകവും അപ്പസ്തോലികവും പൈതൃകമായ അവകാശവുമാണ്.

യേശുക്രിസ്തു നേരിട്ടും വാമൊഴിയായും അപ്പസ്തോലന്മാർക്ക് നൽകുകയും അവർ കണ്ടും കേട്ടും തൊട്ടറിഞ്ഞും (1 യോഹ.) വിശ്വസിച്ചും ആയ ദൈവിക പാരമ്പര്യം പരിശുദ്ധാത്മാവിന്റെ പ്രചോദനവും മാർഗനിർദ്ദേവും വഴി രേഖപ്പെടുത്തപ്പെട്ടതാണ് വിശുദ്ധ ഗ്രന്ഥവും വിശ്വാസ സത്യങ്ങളും.


അപ്പസ്തോലിക പാരമ്പര്യത്തിൽ അപ്പസ്തോലന്മാരുടെ പഠിപ്പിക്കലുകൾ, അവരുടെ നിയമങ്ങൾ അവർ അവരുടെ ശിഷ്യന്മാർക്കും അവരുടെ അടുത്ത പിൻഗാമികൾക്കും വാമൊഴിയായി കൈമാറിയ സന്ദേശങ്ങൾ എന്നിവ ഉൾപ്പെടുന്നു. കൈമാറ്റം ചെയ്യപ്പെട്ടത് എല്ലാം ദൈവിക പാരമ്പര്യത്ത അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഈ പാരമ്പര്യവും പൈതൃകവും വിശുദ്ധ ഗ്രന്ഥത്തിൽ എഴുതിയിട്ടില്ലെങ്കിലും അവ വിശുദ്ധ ഗ്രന്ഥവുമായി പൊരുത്തപ്പെടുന്നവയാണ്. അല്ലാതെ ഇവ തമ്മിൽ വൈരുദ്ധ്യം കാണാൻ സാധിക്കുകയില്ല. കൂടാതെ ദൈവിക പ്രഖ്യാപനത്തിന്റെ ആധികാരികതയുടെയും യഥാർത്ഥ വ്യാഖ്യാനത്തിന്റെയും വിശ്വസ്തതയുമായി ഇവ കണക്കാക്കപ്പെടുന്നു. ദൈവിക പാരമ്പര്യങ്ങളെ മനസിലാക്കാനുള്ള സഹായമാണ് അപ്പസ്തോലിക പാരമ്പര്യം.

ദൈവിക പാരമ്പര്യവും (വി. ഗ്രന്ഥം) അപ്പസ്തോലിക പാരമ്പര്യവും ചേരന്ന് വിശ്വാസ സത്യങ്ങളെ പൂർണ്ണമാക്കുന്നു.

www.malankaralibrary.com



മുഖമൊഴി



# മതാത്മകതയിൽ നിന്നും അദ്ധ്യാത്മികതയിലേക്ക്

**ഡോ. എബ്രഹാം ജോർജ്ജ്**
*സുവിശേഷസംഘാംഗം*
*തിരുവനന്തപുരം മേജർ അതിഭദ്രാസനം*

വിശ്വാസജീവിതത്തിൽ പടിപടിയായി ഉയരുക എന്നുള്ളത് ഓരോ സുവിശേഷസംഘാംഗത്തിന്റെയും ഉത്തരവാദിത്തമാണ്, കടമയാണ്. നമ്മുടെ പ്രാഥമിക പാഠങ്ങളെല്ലാം ഇതിനുവേണ്ടിയുള്ള ചുവടുവയ്പുകളായിരുന്നു ശരിയായ ഒരു ആദ്ധ്യാത്മികത വളർത്തിയാൽ മാത്രമേ നമുക്ക് ലഭിച്ച കൈവയ്പിന് അർത്ഥമുള്ളൂ. ഇത് ദൈവാനുഭവത്തിൽ നിന്നും ദൈവവുമായുള്ള ആൽമബന്ധത്തിൽ നിന്നും ലഭിക്കുന്നതാണ് എന്നാൽ പടിപടിയായി ഉയരുന്നതിന് നമ്മുടെ ബോധപൂർവ്വമായ പരിശ്രമം അത്യന്താപേക്ഷിതമാണ്. ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളിൽ നിന്നും ഉദാത്തമായ ഒരു അദ്ധ്യാത്മികതയിലേക്ക് വളരേണ്ടിയിരിക്കുന്നു. പൗരസ്ത്യ പാരമ്പര്യത്തിലുള്ള എല്ലാ കൂദാശകളും പ്രാർത്ഥനകളും ഈ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനു നമ്മെ സഹായിക്കും.

"നിങ്ങൾ എന്നെ അന്വേഷിക്കും. പൂർണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും". (ജെറ. 29:13) മതാത്മകതയിൽ, കുർബാനയിലും മറ്റ് കൂദാശകളിലും പങ്കെടുക്കുന്നത് യാന്ത്രികമായി തീരാൻ സാധ്യതയുണ്ട്. എന്നാൽ ശരിയായ ആദ്ധ്യാത്മികതയിൽ എത്തിച്ചേരാൻ ഇത് നമ്മെ സഹായിക്കണമെങ്കിൽ ഒരു ധ്യാനാത്മക സമീപനം ഇതിലെല്ലാം നാം പരിശീലിക്കണം. അങ്ങനെ ദൈവത്തിന്റെ സ്നേഹവും സാന്നിധ്യവും അനുഭവേദ്യമാക്കിത്തീർക്കണം.

"വിശുദ്ധ ലിഖിതമെല്ലാം ദൈവ നിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റ് തിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവർത്തികളും ചെയ്യുന്നതിന് പര്യാപ്തനാവുകയും ചെയ്യുന്നു" (2തിമോ.3:16-17). കത്തോലിക്കാ സഭയുടെ അതിസമ്പന്നമായ ദൈവശാസ്ത്രപരവും, ധാർമ്മികവുമായ പ്രബോധനങ്ങൾ ആഴത്തിൽ മനസ്സിലാക്കുന്നത് ആത്മീയ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. വേദപുസ്തകവും, വിശുദ്ധരുടെയും, ദൈവശാസ്ത്രപണ്ഡിതരുടെയും സഭയുടെ ഔദ്യോഗിക രേഖകളും പഠനവിധേയമാക്കുന്നത് നമ്മുടെ വിശ്വാസത്തിന്റെ ആഴവും മനോഹാരിതയും മനസ്സിലാക്കുന്നതിനും അതിലൂടെ ആത്മീയകമായി വളരുന്നതിനും നമ്മെ സഹായിക്കും.

"എന്നാൽ നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക; രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും" (മത്താ.6:6). ഇത് ധ്യാനാത്മകവും യോഗാത്മകവുമായ ഒരു അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. കുരിശിന്റെ വിശുദ്ധ യോഹന്നാനും, ആവിലായിലെ വി. അമ്മത്രേസ്യായും, മാർ ഈവാനിയോസ് പിതാവും ഒക്കെ ഇതാണ് നമ്മെ പഠിപ്പിക്കുന്നത്. ഇതിനു നമ്മെ സഹായിക്കുന്ന ഒരു പ്രധാന മാർഗമാണ് നാം പലപ്പോഴും പങ്കെടുത്തിട്ടുള്ള ലക്സിയോ ഡിവിനാ. ശാന്തതയിലും, നിശ്ശബ്ദതയിലും ദൈവവുമായി ഇടപഴകാനുള്ള ഒരു ഉപാധിയാണ് ലക്സിയോ ഡിവിനാ.

"പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്; അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക. ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക" (യാക്കോ. 1:27). ആദ്ധ്യാത്മകതയിൽ വളരാനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം സുവിശേഷ മൂല്യങ്ങൾ ജീവിക്കുക എന്നുള്ളതാണ്. മതാത്മകത ബാഹ്യമായ ആചാരാനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾ, ആദ്ധ്യാത്മികത സുവിശേഷ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു ജീവിതം നയിക്കാൻ നമ്മെ നിർബന്ധിതരാക്കുന്നു. ഉപവി, കരുണ, ക്ഷമ, നീതി ഇതെല്ലം നമ്മുടെ ജീവിതത്തിന്റെ ഭാഗമാകുന്നു. സുവിശേഷസംഘത്തിൽ നാം നിർബന്ധമായും അനുഷ്ഠിക്കേണ്ട 25 കാര്യങ്ങൾ നമ്മെ ഇതിലേക്ക് നയിക്കും.

"അതിനാൽ നിങ്ങൾ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ മറ്റെന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ അവയെല്ലാം ദൈവമഹത്വത്തിനായി ചെയ്യുവിൻ" (1 കോറി 10: 31). വിശ്വാസവും ജീവിതവും സമന്വയിപ്പിക്കുക എന്നതാണ് ആദ്ധ്യാത്മികതയിൽ വളരാനുള്ള മാർഗം. ഞായറാഴ്ചത്തെ വിശ്വാസപ്രമാണവും തിങ്കളാഴ്ചത്തെ ജീവിതവും തമ്മിലുള്ള വിടവ് വർധിക്കുന്ന ആധുനിക യുഗത്തിൽ ഇത് കുറച്ചു കൊണ്ടുവന്ന് വിശ്വാസവും ജീവിതവും ഒന്നാകുന്ന സമയം നാം ആത്മീയരായി. നമ്മുടെ ബന്ധങ്ങളിൽ, തൊഴിൽ മേഖലകളിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ എല്ലാം നമ്മെ നയിക്കേണ്ടത് നമ്മുടെ വിശ്വാസമാണ്.

"കർത്താവിൽ പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക. സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്. നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ അവിടുന്ന് നിനക്ക് വഴിതെളിച്ചുതരും" (സുഭാ 3: 5, 6). സമഗ്രമായ ഒരു കാഴ്ചപ്പാടോടുകൂടി ഈ ലോകത്തിൽ ജീവിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ലൗകിക കാര്യങ്ങളിൽ നിന്നും പരിപൂർണമായി വിട്ടു നിന്നുകൊണ്ട് ഒരു വിശ്വാസജീവിതം നയിക്കുക സാധ്യമല്ല. എന്നാൽ ലോകത്തിന് അനുരൂപരാകാതെ വിശ്വാസമൂല്യങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ട് ജീവിക്കുക എന്നത് ഒരു വെല്ലുവിളിയായി സ്വീകരിക്കാൻ എല്ലാവരും തയ്യാറാകണം. ഇതിനു ശരിയായ ഒരു ആദ്ധ്യാത്മികത വളർത്തേണ്ടത്. അത്യന്താപേക്ഷിതമാണ്. സുവിശേഷ സംഘാംഗങ്ങൾ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തമാണ്. അതിനു നമുക്ക് പ്രാർത്ഥിക്കാം. പരിശ്രമിക്കാം.

ധ്യാനചിന്ത



# പരിശുദ്ധ കന്യകാമറിയം : സ്വർഗ്ഗത്തിന്റെ സ്വാതന്ത്ര്യം ഉടയാടയാക്കിയവൾ

**ഫാ. ജോസഫ് പ്ലാക്കൂട്ടത്തിൽ**
*ഗുഡ്ഗാവ് ഭദ്രാസനം*

യേശുമിശിഹായുടെ അമ്മയായി മറിയം ദൈവിക ഇടപെടലുകളുടെ ഒരു മഹാരഹസ്യമാണ്. നന്മനിറഞ്ഞവളാണ് പരിശുദ്ധ മറിയം. പരിശുദ്ധ മറിയം അത്യുന്നതന്റെ ആവാസഗേഹമാണ്. ദൈവീകമായ സ്വാതന്ത്ര്യം ഒരു മനുഷ്യസ്ത്രീ അനുഭവിച്ചു എന്നതിന്റെ നേർ സാക്ഷ്യമാണ് പരിശുദ്ധ കന്യകാമറിയം.

പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതം ദൈവം മനുഷ്യന് നൽകാവുന്നതിൽ വച്ച് ഏറ്റവും വലിയ സ്വാതന്ത്ര്യത്തിന്റെ അടയാളമാണ്. പരിശുദ്ധ അമ്മയുടെ ജീവിതത്തിൽ ദൈവം ഇടപെടുന്നു. രണ്ട് തരത്തിലുള്ള സ്വാതന്ത്ര്യം ആണ് പരിശുദ്ധ അമ്മ അനുഭവിച്ചിരുന്നത്.

1. ലംബതലത്തിലുള്ള സ്വാതന്ത്ര്യം
2. തിരശ്ചീന തലത്തിലുള്ള സ്വാതന്ത്ര്യം

ഇത് ക്രൈസ്തവന്റെ ജീവിതത്തിലെ ഏറ്റവും വലിയ രക്ഷാകര അടയാളമായ കുരിശിന്റെ സ്വാതന്ത്ര്യം ആണ്. രക്ഷാകര കുരിശിന് ലംബ തലവും തിരശ്ചീന തലവുമുണ്ട്. പരിശുദ്ധ അമ്മ ഈ രണ്ടുതലത്തിലും സ്വാതന്ത്ര്യം അഥവാ രക്ഷാകര ജീവിതം അനുഭവിക്കുകയും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തു. ലംബതലത്തിൽ "ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം എന്നിൽ നിറവേറട്ടെ" എന്ന് പറഞ്ഞുകൊണ്ട് (ലൂക്കാ.1:38) ദൈവദൂതൻ നൽകിയ മംഗളവാർത്തയ്ക്ക് മറിയം പ്രത്യുത്തരം നൽകി. ദൈവത്തിന്റെ ദാസി ആകാനുള്ള സ്വാതന്ത്ര്യം ഇതിലൂടെ മറിയം നൽകി.

തിരശ്ചീന തലത്തിൽ ദൈവത്തിന്റെ സന്തോഷവും സ്വാതന്ത്ര്യവും മറിയം മനുഷ്യരുമായി പങ്കുവയ്ക്കുന്നു. തനിക്കുകിട്ടിയ ദൈവമഹത്വം മറിയം മനുഷ്യരുടെ ഇടയിലേക്ക് കൊണ്ടുവന്നു. രക്ഷാകര ചരിത്രത്തിൽ യേശുവിനോട് ചേർന്ന് പരിശുദ്ധ അമ്മ തന്റെ സ്വാതന്ത്ര്യം ആഘോഷിക്കുന്നു. തന്റെ ചാർച്ചക്കാരിയായ എലിസബേത്തിനെ സന്ദർശിക്കുന്നത് മുതൽ കാനായിലും കാൽവരിയിലും പന്തക്കുസ്തായിലും വരെ പരിശുദ്ധ മറിയം ദൈവത്തിന്റെ സ്വാതന്ത്ര്യത്തെ ആഘോഷിക്കുകയായിരുന്നു. യേശുവിനൊപ്പം അവളും ഹൃദയത്തിൽ ഒരു കുരിശ് ചുമന്നിരുന്നു. അത് വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും കുരിശായിരുന്നില്ല മറിച്ച് ദൈവത്തിന്റെ സ്വാതന്ത്ര്യത്തിന്റെ കുരിശായിരുന്നു.

മനുഷ്യന് ദൈവം നൽകുന്ന സന്തോഷമായാണ് വചനത്തെ നമ്മൾ കാണേണ്ടത്. നിന്റെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും വഴികൾക്ക് പ്രകാശവും ആകണമെന്നും കർത്താവിന്റെ വചനം എല്ലാ ദിവസവും പുതുതാണ് എന്നും നമ്മൾ വചനത്തിൽ കാണുന്നു. കർത്താവിന്റെ വചനം വിശ്വസിക്കുക അത്ര എളുപ്പമല്ല. എന്നിട്ടും പരിശുദ്ധ അമ്മ ദൈവത്തിന്റേ വചനം വിശ്വസിച്ചു. അത് നിറവേറുമെന്ന് അറിയുകയും ചെയ്തു. ആ ധീരത കാണിച്ച മറിയത്തെ ദൈവവും കൈവിട്ടില്ല. സകലരിലും വലിയ ഭാഗ്യവതി എന്ന് ലോകം അവളെ വിളിച്ചു.

വിശ്വാസം മൂന്ന് തരത്തിലാണ് വിശുദ്ധ ഗ്രന്ഥം നമുക്ക് കാണിച്ചുതരുന്നത്. ദൈവത്തിൽ ആശ്രയിക്കുക എന്നതാണ് ഒന്നാമത്തെ വിശ്വാസം. എന്റെ ദൈവം എന്നെ കൈവിടില്ല എന്നും ഏത് അവസ്ഥയിലും ദൈവം എന്നെ സഹായിക്കും എന്നുള്ള വിശ്വാസം.

യേശു ദൈവപുത്രനാണ്. യേശുവാണ് ഏക രക്ഷകൻ എന്നതാണ്. രണ്ടാമത് വിശുദ്ധ ഗ്രന്ഥം നമുക്ക് കാണിച്ചുതരുന്നത് ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ഉടമ്പടിയാണ് യേശു. എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏക ജാതനെ നൽകാൻ തക്കവിധം ലോകത്തെ ദൈവം അത്രമാത്രം സ്നേഹിച്ചു. (യോഹ.3:16).

ദൈവം അയച്ച യേശുവിലൂടെ ദൈവത്തിന്റെ സ്നേഹത്തിൽ നമുക്ക് രക്ഷ കണ്ടെത്താം എന്നതാണ് മൂന്നാമത്തെ വിശ്വാസം. ദൈവത്തെ ആശ്രയിക്കുന്നതു മാത്രമല്ല, യേശു രക്ഷകനാണെന്ന് വായ്കൊണ്ടു പറഞ്ഞാൽ മാത്രമല്ല, യേശുവിലേക്ക് ആഴപ്പെടുക എന്നതാണ് ശരിയായ വിശ്വാസം. ഇത് നമുക്ക് കാണിച്ചുതരുന്നത് പരിശുദ്ധ മറിയമാണ്. ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവം ഞങ്ങളെ രക്ഷിക്കും. ഞങ്ങളെ രക്ഷിച്ചില്ലെങ്കിലും അവൻ തന്നെയാണ് ഞങ്ങളുടെ ദൈവം (ദാനി.3:17-18) എന്ന അചഞ്ചലമായ വിശ്വാസം കുരിശിന്റെ ചുവട്ടിൽ നിൽക്കുന്ന മറിയത്തിന്റെ വിശ്വാസമാണ് ഇത്. ഇന്നത്തെ നമ്മുടെ സംസ്കാരത്തിൽ നിന്നുകൊണ്ട് രക്ഷാകര പദ്ധതി പരിശുദ്ധ അമ്മയുടെ ജീവിതവുമായി നമുക്ക് ബന്ധിപ്പിക്കാം. മറിയത്തിന്റെ സ്തോത്രഗീതമാണിത്. ഒന്നാമത്തേത് ദൈവത്തിന്റെ ശക്തിയാണ്. 'അവിടുന്ന് തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു" (ലൂക്കാ 1:51). ഈജിപ്തിന്റെ അടിമത്വത്തിൽ നിന്ന് രക്ഷിച്ച് രാവും പകലും ചെങ്കടലിലൂടെ നടത്തിയ ദൈവത്തിന്റെ ശക്തി, ആ ശക്തി ഹൃദയ വിചാരത്തിൽ അഹങ്കാരികളായവരെ ചിതറിക്കുകയും ശക്തരെ സിംഹാസനങ്ങളിൽ നിന്ന് മറച്ചിടുകയും ചെയ്തു. വിമോചകനായ ദൈവത്തിന്റെ ശക്തി ഇവിടെ കാണാം. രണ്ടാമത് : ദൈവത്തിന്റെ ജ്ഞാനമാണ് കോറിന്തോസുകാരുടെ ലേഖനത്തിൽ നാം വായിക്കുന്നു. "ജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരെ തിരഞ്ഞെടുത്തു. ശക്തരെ ലജ്ജിപ്പിക്കാൻ ബലഹീനരായവരെ തിരഞ്ഞെടുത്ത ദൈവം (1 കോറി.1:27) ദാസിയുടെ താഴ്മയെ തൃക്കൺ പാർക്കുകയും ദരിദ്രയായ കന്യകയിൽ വലിയ കാര്യങ്ങൾ ദൈവം ചെയ്തിരിക്കുന്നു എന്നും പരിശുദ്ധ അമ്മ പ്രഘോഷിക്കുന്നു. ദൈവം തന്റെ ശക്തിയും ജ്ഞാനവും പ്രകടിപ്പിക്കുന്നത് എളിയവരെ ഉയർത്തിക്കൊണ്ടാണ്. ദൈവത്തിന്റെ ജ്ഞാനം വെളിപ്പെടുന്നത് അവന്റെ കാരുണ്യത്തിലാണ്. മൂന്നാമത്തേത് : ദൈവത്തിന്റെ കാരുണ്യത്തിന് അവസാനമില്ല എന്നതാണ്. ഏശയ്യ പ്രവചനം ഇപ്രകാരം പറയുന്നു: "എന്റെ ജനത്തെ ആശ്വസിപ്പിക്കുക; കർത്താവ് സീയോനിൽ നിന്ന് രക്ഷയുമായ് വരുന്നു" (ഏശയ്യ 40:1).

*(തുടർച്ച 6-ാം പേജിൽ)*

www.malankaralibrary.com



*( ...... 5-ാം പേജിൽ നിന്നും തുടർച്ച)*

മറിയം പറയുന്നു: ദൈവം അബ്രഹാത്തോടും സന്തതികളോടും ചെയ്ത വാഗ്ദാനം അനുസ്മരിക്കുകയും തന്റെ ദാസനമായ ഇസ്രായേലിനോട് കാരുണ്യം കാണിക്കുകയും ചെയ്തിരിക്കുന്നു. തന്റെ ഉടമ്പടി ഓർക്കുകയും വാഗ്ദാനം പാലിക്കുകയും ചെയ്യുന്നതിലാണ് ദൈവം തന്റെ കാരുണ്യം ഒളിപ്പിച്ച് വച്ചിരിക്കുന്നത്. ദൈവത്താൽ അയയ്ക്കപ്പെട്ട ദൈവപുത്രനും ശരിയായ ദിശാബോധം നൽകുന്നത് പരിശുദ്ധ അമ്മയാണ്. ലൂക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു; അവൻ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു. യേശുവെന്ന വ്യക്തിയിൽ നിന്നും ക്രിസ്തുവെന്ന രക്ഷകനിലേക്ക് ദൈവപുത്രൻ വളർന്നത് മറിയത്തിലൂടെയാണ്. സ്വന്തം ദൗത്യത്തിനെക്കുറിച്ച് തിരിച്ചറിവുണ്ടായവരാണ് ചരിത്രത്തിലെ മഹാത്മരും മഹതികളും. അക്കൂട്ടത്തിലാണ് നസറത്തിലെ മറിയത്തിന്റെ സ്ഥാനവും. സമർപ്പണം, ശിക്ഷണം, ദൃഢനിശ്ചയം ഇവയാണ് പരിശുദ്ധ മറിയത്തിൽ നാം കാണുന്നത്. കർത്താവിന്റെ വചനം വിശ്വസിക്കുക വഴി അവളുടെ ധീരത ഈ മൂന്നുഗുണങ്ങളിൽ നാം കാണുന്നു.

സമൂഹത്തിലെ ഏറ്റവും ശക്തിഹീനരായവരുടെ കൂട്ടത്തിൽപ്പെട്ടവളാണ് പരിശുദ്ധ മറിയം. പ്രായമുള്ളവരെ ബഹുമാനിക്കുന്ന ഒരു സമൂഹത്തിൽ അവൾ ചെറുപ്പക്കാരിയാണ്. പുരുഷന്മാർ ഭരിക്കുന്ന ഒരു ലോകത്തിൽ അവളൊരു സ്ത്രീയാണ്, ധനികർക്ക് സ്വാധീനമുള്ള ഒരു സമൂഹത്തിൽ അവൾ ദരിദ്രയാണ്. അവളുടെ അസ്ഥിത്വം തന്നെ ചോദ്യചിഹ്നമാണ്. എന്നിട്ടും ദൈവത്തിന്റെ സ്വാതന്ത്ര്യം അവൾ അനുഭവിക്കുന്നു, കർത്താവിനെ അവൾ ഉൾക്കൊള്ളുന്നു. ആധുനിക ലോകത്ത് ഇന്ന് നമ്മൾ അനുഭവിക്കുന്ന ദുരിതങ്ങളിൽ, തന്റെ കാലത്തും അതിലേറെ സഹിച്ചവളാണ് പരിശുദ്ധ മറിയം. എന്നും മനുഷ്യന്റെ പ്രതീക്ഷകൾക്ക് വിപരീതമായി പ്രവർത്തിക്കുക ദൈവത്തിന്റെ വിസ്മയമാണ് മറിയത്തിൽ നമുക്ക് കാണാൻ സാധിക്കുക. അവളുടെ കുറവുകൾ തന്നെയാണ് ദൈവകൃപ അവളിൽ നിറയാൻ ഇടയാക്കിയത്. 'നിനക്ക് എന്റെ കൃപ മാത്രം മതി' എന്ന് പൗലോസിനോട് പറഞ്ഞ ദൈവകൃപ തന്നെ മനുഷ്യരിലേക്ക് തിരശ്ചീന തലത്തിലേക്ക് മറിയം സ്വർഗ്ഗത്തിന്റെ സ്വാതന്ത്ര്യം എത്തിച്ചതുപോലെ ദൈവത്തിലേക്ക് തന്റെ സ്വാതന്ത്ര്യം ഉയർത്തപ്പെടുന്നതിന്റെ പര്യവസാനമാണ് കുരിശിന്റെ ചുവട്ടിലെ മറിയത്തിന്റെ സ്ഥാനം (യോഹ.19:27). ഈ സ്വാതന്ത്ര്യം പരിശുദ്ധ മറിയം നമുക്ക് തരുന്നത് സവിശേഷമായ രീതിയിലാണ്. മരത്തിൽ തൂക്കപ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ് (നിയമ.21:23) എന്ന പഴയ നിയമചിന്തയെ മറിയം തന്റെ സാന്നിധ്യം കൊണ്ട് മറികടക്കുന്നു. പുതിയ ഇസ്രായേലിന്റെ ആദ്യത്തെ പ്രതിനിധിയാണ് മറിയം. ഒരു സ്ത്രീ ഏറ്റവും സ്വാതന്ത്ര്യം നേടുന്നത് അമ്മയായി തീരുന്നതിലൂടെയാണ്. തന്റെ അമ്മ ഏറ്റവും കൂടുതൽ സ്വാതന്ത്ര്യം നേടി മനുഷ്യവംശത്തിന്റെ മാതൃകയായ് മാറണമെന്ന് യേശു കരുതുന്നു. ദൈവം സ്നേഹിച്ച ലോകത്തിന് അവൾ അമ്മയുടെ സ്വാതന്ത്ര്യം നൽകുന്നു.

താൻ സ്നേഹിക്കുന്ന എന്തിനും ദൈവ ചൈതന്യം നൽകാൻ നമുക്ക് സാധിക്കണം. നശ്വരമായ ഈ ലോകത്ത് അനശ്വരമായ ആത്മാവിനെ ഒരിക്കലും നമ്മൾ തളർത്തരുത്. പ്രാർത്ഥനയാലും ഉപവാസത്താലും ദൈവത്തിലേക്കും സഹോദരങ്ങളിലേക്കും ഇറങ്ങി ചെല്ലാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടാകണം. ഒറ്റപ്പെട്ട് നിൽക്കാനല്ല ദൈവം തന്റെ ചൈതന്യം നമുക്ക് നൽകുന്നത്. എതിർപ്പുകളും തളർച്ചകളും ഉണ്ടാകാം. എന്നാൽ അതിനെ നേരിടാനുള്ള ആർജ്ജവത്വം നമുക്കുണ്ടാകണം. അതാണ് യഥാർത്ഥ സ്വാതന്ത്ര്യം. നിങ്ങൾ സത്യം അറിയുകയും ആ സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്ന് നമ്മുടെ കർത്താവ് പറഞ്ഞ വാക്കുകൾ നമുക്ക് ധ്യാനിക്കാം. പരിശുദ്ധ മറിയം ആത്മാവിലും ശരീരത്തിലും സത്യത്തിന് സാക്ഷ്യം നൽകുകയും, നമ്മുടെ മാതൃക ആകുകയുമല്ലേ ചെയ്തത്. സ്വർഗ്ഗത്തിന്റെ സ്വാതന്ത്ര്യം ഉടയാടയാക്കിയ സ്ത്രീ.




അനുഭവസാക്ഷ്യം



# അറിഞ്ഞ ക്രിസ്തുവിനെ പകർന്നുകൊടുക്കുവാനുള്ള ദാഹം

**ജോസഫ് അബ്രഹാം & സൂര്യ ജോസഫ്**
*സുവിശേഷസംഘാംഗം, യു. കെ. റീജിയൺ*

സുവിശേഷസംഘത്തെപ്പറ്റി അറിയുന്നത് ഒരു സുഹൃത്ത് വഴിയാണ്. പരിശീലന ക്ലാസിലൂടെ സഭയോടും കൂദാശകളോടും വചനത്തോടുമുള്ള സ്നേഹവും ബന്ധവും അദ്ദേഹത്തിൽ തീവ്രമായെന്നും ആഴത്തിലുള്ള വിശുദ്ധീകരണത്തിനും സാക്ഷ്യജീവിതത്തിനും സുവിശേഷസംഘം കാരണമായി എന്ന് കേട്ടപ്പോൾ അതിൽ അംഗമായെങ്കിൽ എന്ന് ഞങ്ങളും ആഗ്രഹിച്ചു. യേശുവിനെ അറിയാത്ത വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് സുവിശേഷ സന്ദേശവുമായി സുവിശേഷസംഘാംഗങ്ങൾ സഞ്ചരിച്ചുവെന്നു കേട്ടപ്പോഴും, നാട്ടിലുള്ള അനേക കുടുംബങ്ങളിലേക്ക് സുവിശേഷസംഘാംഗങ്ങൾ പ്രാർത്ഥനയുമായി കടന്നുചെല്ലുന്നു എന്ന് കേട്ടപ്പോഴും ഒരു കാര്യം ഞങ്ങൾ മനസ്സിൽ ഉറപ്പിച്ചു. ഇത് ഈ ഒരു കാലഘട്ടത്തിൽ മലങ്കര കത്തോലിക്കാ സഭയിലും സഭയിലൂടെയും പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്ന, നടത്തുന്ന, നയിക്കുന്ന ഒരു ദൗത്യമാണ്, ഒരു വിളിയാണ്. യു.കെ.യിലെ മലങ്കര സഭയുടെ എക്ലെസിയാസ്റ്റിക്കൽ കോഡിനേറ്റർ ആയിരുന്ന ബഹു. തോമസ് മടുക്കമൂട്ടിലച്ചൻ സുവിശേഷസംഘത്തിന്റെ യു.കെ.യിലെ ആദ്യ ബാച്ചിനെപ്പറ്റി പറഞ്ഞപ്പോൾ തന്നെ അതിൽ അംഗങ്ങളാകണമെന്ന് ഞങ്ങൾ പ്രാർത്ഥനയോടെ തീരുമാനിച്ചു.

രണ്ട് വർഷക്കാലം നീണ്ടുനിന്ന പരിശീലനത്തിലെ ഓരോ ക്ലാസുകൾ കഴിയുമ്പോഴും ഞങ്ങൾ ഹൃദയത്തിൽ പറഞ്ഞു ഇത്രകാലവും ഇതൊന്നും ഇത്ര ആഴത്തിൽ അറിഞ്ഞില്ലല്ലോ. കാരണം സഭയെപ്പറ്റിയും, പാരമ്പര്യത്തെപ്പറ്റിയും, വചനത്തെപ്പറ്റിയും, കൂദാശകളെപ്പറ്റിയും ആഴത്തിൽ അറിഞ്ഞപ്പോൾ, പൊരുളറിഞ്ഞ് പങ്കെടുത്തപ്പോൾ അതെല്ലാം ഞങ്ങളുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും വലിയ അനുഭവമായി. നോമ്പും പ്രാർത്ഥനയും ഉപവാസവും സുവിശേഷസംഘാംഗങ്ങൾ ആകുന്നതിനു മുമ്പ് ഭാരമായിരുന്നെങ്കിൽ, കൂടുതൽ ദൈവാനുഭവം ഉണ്ടായപ്പോൾ ദൈവസ്നേഹത്തിൽ വളർന്നപ്പോൾ, യേശുവുമായുള്ള സ്നേഹബന്ധത്തിൽ സഹനവും പരിത്യാഗവും എല്ലാം ഭാരം ഇല്ലാത്തതായി മാറി. യാമപ്രാർത്ഥനയും വചന വായനയും ധ്യാനവും വലിയ ആത്മീയ അനുഭൂതിയായി.

വിശുദ്ധ കുർബാനയെപ്പറ്റിയും (പ്രത്യേകിച്ച് മലങ്കര ലിറ്റർജി) വിശുദ്ധ ബൈബിളിനെപ്പറ്റിയും ആഴത്തിൽ അറിയുവാൻ സാധിച്ചത് സുവിശേഷസംഘത്തിലെ ക്ലാസുകളിലൂടെയാണ്.

സ്വയം വിശുദ്ധീകരണത്തിലൂടെ സാക്ഷ്യ ജീവിതം നയിക്കുവാനും ക്രിസ്തുവിന്റെ സാക്ഷികളായി മാറുവാനുമുള്ള വിളിയാണ് സുവിശേഷസംഘാംഗങ്ങൾക്ക് ഉള്ളത്. ഇത് ഒരു ദിവസം പൊടുന്നനെ സംഭവിക്കുന്നതല്ല. ഇത് ഒരു പ്രക്രിയയാണ്. നിരന്തരമായ പരിശീലനത്തിലൂടെ, ദൈവകൃപയിൽ ആശ്രയിച്ച് പരിശുദ്ധാത്മാവിന്റെ സ്വരം ശ്രവിച്ച്, കൂദാശ ജീവിതത്തിലും പ്രാർത്ഥനയിലും നോമ്പിലും ഉപവാസത്തിലും ദിനംപ്രതി ശക്തിപ്പെട്ട് രൂപപ്പെടുന്നതാണ് സ്വയം വിശുദ്ധീകരണം. ഞങ്ങളുടെ കുടുംബ ജീവിതത്തിൽ സ്വയം വിശുദ്ധീകരണവും സാക്ഷ്യ ജീവിതവും ലക്ഷ്യമായപ്പോൾ വലിയ സന്തോഷവും സമാധാനവും കൈവന്നു. കൂടുതൽ മനസ്സിലാക്കാനും പരസ്പരം സ്നേഹിക്കുവാനും സഹിക്കുവാനും ക്ഷമിക്കുവാനും ഉള്ള ശക്തി സ്വയം വിശുദ്ധീകരണത്തിന്റെ പാതയിൽ സാക്ഷ്യ ജീവിതത്തിൽ ഞങ്ങൾക്ക് ലഭ്യമാകുന്നു.

മുടങ്ങാതെയുള്ള യാമപ്രാർത്ഥനയും വചനവായനയും കൂദാശാസ്വീകരണവും ഞങ്ങളുടെ ആത്മീയ ജീവിതത്തെയും കുടുംബജീവിതത്തെയും കെട്ടുറപ്പുള്ളതാക്കുന്നു. ഇടവകയിലും സമൂഹത്തിലും തൊഴിൽ മേഖലയിലും ആവുന്നത്ര വിധത്തിൽ ക്രിസ്തുവിന് സാക്ഷ്യം നൽകുവാൻ ഞങ്ങൾ യത്നിക്കുന്നു.

മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും വേദനിക്കുന്നവരെ ആശ്വസിപ്പിക്കുവാനും സഹായിക്കുവാനും കടപ്പെട്ടവരാണ് ഞങ്ങൾ എന്ന ബോധ്യം സുവിശേഷസംഘ പരിശീലനത്തിലൂടെ ഞങ്ങളിൽ ആഴത്തിൽ രൂപപ്പെട്ടു. മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെപ്പറ്റിയുള്ള പഠനവും ഉൾക്കാഴ്ചകളും ഞങ്ങൾക്ക് ലഭ്യമായത് സുവിശേഷസംഘ ക്ലാസുകളിലൂടെയാണ്. അഭിവന്ദ്യ പിതാവിൽ നിറഞ്ഞുനിന്ന ദൈവാശ്രയം, സ്വന്തമായുള്ളതെല്ലാം ഉപേക്ഷിച്ച്, മറ്റുള്ളവരുടെ പരിഹാസം ഏറ്റുവാങ്ങി, ദൈവം കാണിച്ചുകൊടുത്ത പാതയിൽ, വേദനയിൽ പരിഭവപ്പെടാതെ സഹനത്തിൽ പരാതിപ്പെടാതെ വിജയം വരിച്ച മാതൃക ഞങ്ങളുടെ കാഴ്ചപ്പാടുകളെ മാറ്റിമറിച്ചു. ക്രിസ്തുവിനെപ്രതി എല്ലാം ഉച്ഛിഷ്ടമായി കരുതിയ വിശുദ്ധ പൗലോസിന്റെ തീഷ്ണത നിറഞ്ഞ സുവിശേഷപ്രഘോഷണ ജീവിത പഠന ക്ലാസുകൾ കേട്ടപ്പോൾ ഞങ്ങളിൽ സുവിശേഷവത്കരണത്തിനുവേണ്ടിയുള്ള അഗ്നി പരിശുദ്ധാത്മാവ് കോരിയിടുകയായിരുന്നു. ഞങ്ങൾ അറിഞ്ഞ ക്രിസ്തുവിനെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനുള്ള ദാഹം, നിത്യ ജീവിതത്തെപ്പറ്റിയുള്ള ബോധ്യം സുവിശേഷസംഘത്തിലൂടെ കർത്താവായ ദൈവം ഞങ്ങളുടെ മനസ്സിൽ ആഴത്തിൽ നിറച്ചു.

രണ്ടുവർഷക്കാലത്തെ പരിശീലനത്തിന് ഒടുവിൽ മലങ്കര സഭയുടെ പിതാവും തലവനുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായിൽ നിന്നും ജൂൺ മാസം 25-ന് സുവിശേഷസംഘാംഗങ്ങൾ ആയി കൈവെയ്പ്പു സ്വീകരിച്ച 16 പേരുടെ യു. കെ. ആദ്യ ബാച്ചിൽ ഉൾപ്പെടാനായത് ദൈവനിയോഗം ആണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

**സുവിശേഷ സന്ധ്യ**

**എല്ലാ ചൊവ്വാഴ്ചകളിലും**
**വൈകീട്ട് 7 മുതൽ 8.15 വരെ**

Meeting ID : 843 8415 227
Passcode : 861141

www.malankaralibrary.com



( ...... 4-ാം പേജിൽ നിന്നും തുടർച്ച)

പ്രവർത്തിക്കാൻ ദേഹത്തിനും ദേഹിയെയും സഹായിക്കുന്നു. പരിശുദ്ധാത്മാവ് മനുഷ്യന്റെ ആത്മാവിൽ കൂടിയാണ് പ്രവർത്തിക്കുന്നത്. ഈ പ്രവർത്തനത്തിലൂടെ ദേഹത്തെയും ദേഹിയേയും നിയന്ത്രിക്കപ്പെടുന്നതിന് സാധിക്കുന്നു. അങ്ങനെ ആത്മാവ്, ദേഹി, ദേഹം എന്നിവയുടെ കൂട്ടായ പ്രവർത്തനം വീണ്ടും പുനസ്ഥാപിക്കപ്പെടുന്നു. ഇപ്രകാരമുള്ള ഒരു പ്രവർത്തനം മനുഷ്യന് വിശുദ്ധീകരണത്തിനും നവീകരണത്തിനും പരിണാമത്തിനും ഇടയാകുന്നു. ഒരാളിൻ ഒരു പുതിയ ജീവിതം ഉണ്ടാകുന്നു. ഇത് മനുഷ്യനെ ദൈവാനുരൂപീകരണമുള്ളവനാക്കിത്തീർക്കുന്നു (Deification), അതായത് ദൈവസ്വഭാവമുള്ളവനാക്കുന്നു. ഇപ്രകാരമുള്ള ഒരാത്മീയ ദർശനമാണ് പൗരസ്ത്യ സഭയിലുള്ളത്. നഷ്ടപ്പെട്ടുപോയ ആത്മാവ് ദൈവാത്മാവിലേക്കുള്ള തിരിച്ചുവരവാണിത്. ഇത് സാധിതമാവുന്നത് സ്വയത്തെ ഉപേക്ഷിക്കുന്നതിലാണ്. ഇത് തന്നെയാണ് പൗരസ്ത്യ സന്യാസത്തിന്റെയും അടിസ്ഥാന ദർശനമായി നിലകൊള്ളുന്നത്.

ഇങ്ങനെ സ്വയത്തെ ഇല്ലാതാക്കി ആത്മാവിനെ ദൈവിക സംസർഗ്ഗത്തിലെക്ക് കടത്തികൊണ്ടുവരുന്നതിന് പൗരസ്ത്യ ദർശനത്തിൽ ശരിയായ പരിശീലനവും പരിശ്രമവും ആവശ്യമാണ്. പൗരസ്ത്യ സഭയുടെ ആത്മീയ ശിക്ഷണത്തിന് ആവശ്യമായ ഘടകങ്ങൾ പ്രാർത്ഥനയും അനുതാപവും നോമ്പും ഉപവാസവുമാണ്. ഇതിൽ നിന്ന് ഉളവാകുന്ന ഫലത്തിന് നീണ്ട കാത്തിരിപ്പും ക്ഷമയും ആവശ്യമാണ്. അതോടൊപ്പം ക്രമമായി നാൾതോറും പരിശ്രമിച്ചെങ്കിൽ മാത്രമെ സാധിതമാകുകയുള്ളു.

**പ്രാർത്ഥനയും അനുതാപവും**

ആത്മീയ ജീവിതത്തിൽ പ്രാർത്ഥനയിലൂടെ ആരംഭിക്കുന്ന മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ ആദ്യപടിയാണ് അനുതാപം. ഈ ആത്മീയ ദർശനത്തിൽ അനുതാപത്തിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ശരിയായിട്ടുള്ള അനുതാപമാണ് മാനസാന്തരത്തിലേക്ക് നയിക്കുന്നത്. "മാനസാന്തരപ്പെടുവിൻ സ്വർഗ്ഗ രാജ്യം സമീപിച്ചിരിക്കുന്നു" (മത്താ.3:4 -17). അനുതാപത്തിലേക്ക് നയിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാണ് (യോഹ.16:8-9). അന്ത്യോക്യൻ ആരാധനാ ക്രമത്തിലെ പ്രാർത്ഥനകളുടെ മുഖ്യമായ പ്രതിപാദ്യ വിഷയവും അനുതാപം തന്നെയാണ്. പ്രത്യേകിച്ച് സൂത്താറ പ്രാർത്ഥനകളിൽ എല്ലാംതന്നെ വചനത്തിന്റെ അടിസ്ഥാനത്തിൽ പശ്ചാത്താപത്തിന്റെ മാതൃകകളെ ഉൾപ്പെടുത്തി കരുണാമയനായ ദൈവത്തിലേക്ക് തിരിയാൻ ഓർമ്മപ്പെടുത്തുന്നു. കരുണക്കടലേ ഞാൻ നോക്കും (ശീഹ്മോ തിങ്കൾ സൂത്താറ). പൗരസ്ത്യ സഭയുടെ ആത്മീയ ജീവിതദർശനം 'കുറിയേലായിസോൻ' എന്ന പദത്തിൻ സംക്ഷിപ്തമായിരുന്നു. 'ദൈവമേ, പാപിയായ എന്നോട് കരുണ തോന്നണമേ' പ്രാർത്ഥന എപ്പോഴും ഒരു വ്യക്തിയെ അനുതാപത്തിന്റെ ചിന്തയോടെ ദൈവത്തിന്റെ കരുണയ്ക്കായി പ്രാർത്ഥിക്കാൻ ഒരുക്കുന്നു. ദൈവമേ നീ പരിശുദ്ധനാകുന്നു ... ഞങ്ങളോടു കരുണയുണ്ടാകണമെ എന്നുള്ളതു അനുതാപത്തിന്റെയും താഴ്മയുടെയും പരിപൂർണ്ണമായ ദൈവാശ്രയത്തെയും സൂചിപ്പിക്കുന്നു. പൗരസ്ത്യ ദർശനമനുസരിച്ച് അനുതാപം എന്നത് രണ്ടാമത്തെ മാമ്മോദീസയാണ്. ഇത് ഒരു വ്യക്തിയെ ശുദ്ധീകരിക്കുകയും, മാമോദീസായിൽ ലഭിച്ച കൃപ വീണ്ടെടുക്കുകയും ചെയ്യുന്നു. ഇപ്രകാരം പ്രാർത്ഥിക്കുന്ന "അനുതാപത്തിന്റെ പെരുന്നാളാല്ലോ പാപികൾ കണ്ണീർ, കണ്ണീരാലെ മോചനമേന്തി സന്തോഷിക്ക' (ശീഹ്മോ ചൊവ്വ സൂത്താറ) ദൈവസന്നിധിയിൽ നിൽക്കുന്ന ചുങ്കക്കാരന്റെ മനോഭാവമാണ് ഒരു വ്യക്തിയെ യഥാർത്ഥമായ അനുതാപത്തിലേക്ക് നയിക്കുക. സ്വയത്തെ ഇല്ലാതാക്കി ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട് ദൈവികസംസർഗ്ഗത്തിലാവാൻ സഹായിക്കുന്നു.

**നോമ്പും ഉപവാസവും**

നോമ്പും ഉപവാസവും ആത്മീയ ജീവിതത്തിൽ അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. അത് ആത്മീയ ജാഗ്രതയുടെ അടയാളമാണ് (Spiritual Alertness). യജമാനൻ വരാൻ വൈകുമെന്ന് കരുതിയ ഭൃത്യൻ തിന്ന് കുടിച്ച് ഉന്മത്തനാകാൻ തുടങ്ങി (ലൂക്കാ.12:45) അറിയാത്ത മണിക്കൂറിലും നിനയ്ക്കാത്ത ദിവസത്തിലും കടന്ന് വരുന്നു. അപ്പോൾ ഒരുങ്ങി തയ്യാറെടുത്തിരിക്കാനുള്ള ആഹ്വാനമാണ് നോമ്പും, ഉപവാസവും. ആത്മീയ പോരാട്ടത്തിൽ ക്രിസ്തു പഠിപ്പിച്ച രീതിയാണ് നോമ്പ് എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. 'യോഗ്യമായ നോമ്പാലും കളങ്കമറ്റ പ്രാർത്ഥനയാലും സാത്താനോടുള്ള പോരാട്ടത്തിൽ ജയിപ്പാൻ നിന്റെ സഭയെ നീ പഠിപ്പിച്ചിരിക്കുന്നു" (വലിയ നോമ്പിലെ പ്രാർത്ഥ



നാക്രമം-തിങ്കൾ, സന്ധ്യ പേജ് 13). കാരണം നോമ്പ് വിജയത്തിന്റെ ആയുധമാകുന്നു. അത് ഉപയോഗിച്ചുപോരാടുന്നവൻ തോറ്റു പോകുന്നില്ല. ദൈവസന്നിധിയിലേക്ക് അടുത്തുവരാൻ ക്രിസ്തു പഠിപ്പിച്ച മാർഗ്ഗമാണ് നോമ്പ്. "നമ്മുടെ രക്ഷകൻ നോമ്പു തോൽക്കുകയും തന്നെ അയച്ചവന്റെ അടുക്കലേക്ക് വിഘ്നം കൂടാതെ പ്രയാണം ചെയ്യുവാൻ ജീവമാർഗ്ഗം നമുക്ക് ഉപദേശിച്ചുതരികയും ചെയ്തു" (തിങ്കൾ പ്രഭാതം പേജ് 83). നമ്മുടെ ദൈവീക ജീവനിലേക്ക് തിരികെ പ്രവേശിക്കാനുള്ള വഴിയാണ് നോമ്പ് എന്ന് പൗരസ്ത്യ പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു. ആത്മീയ ജീവിതത്തിൽ നോമ്പിന്റെ പ്രാധാന്യം ആദ്യ നൂറ്റാണ്ടുകളിൽ തന്നെ നമുക്ക് കാണാവുന്നതാണ്.

**പൗരസ്ത്യ ആദ്ധ്യാത്മികതയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവും**

പൗരസ്ത്യ ആദ്ധ്യാത്മിതയിൽ അടിസ്ഥാനമാക്കിയുള്ള ഒരു ആദ്ധ്യാത്മിക ദർശനമായിരുന്നു ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന് ഉണ്ടായിരുന്നത്. മഹത്തായ സന്യാസ ജീവിതത്തിലേക്കുള്ള വഴി തെരഞ്ഞെടുക്കാനും സന്യാസ സമൂഹങ്ങളുടെ സ്ഥാപനത്തിനും വഴിതെളിച്ചത് പൗരസ്ത്യ ആദ്ധ്യാത്മികത, മലങ്കരയിൽ ജീവിക്കാൻ സാധിക്കും എന്നുളളതുകൊണ്ടാണ്. സ്വയം പരിത്യജിക്കാനും ഇടതടവില്ലാതെ പ്രാർത്ഥിക്കാനും കഠിനമായ പ്രായശ്ചിത്തവും നോമ്പിന്റെയും ഉപവാസത്തിന്റെയും അധിഷ്ഠിതമായ ഒരു സന്യാസ ജീവിതത്തിന് രൂപം കൊടുത്തു. പൗരസ്ത്യ സന്യാസ ജീവിതത്തിന്റെ മറ്റൊരു സവിശേഷതയാണ് പ്രാർത്ഥനയും പ്രവർത്തനവും ഒരുമിച്ച് കൊണ്ടുപോകുക എന്നത്.

സന്യാസ ജീവിതത്തിൽ മാത്രമല്ല കുടുംബജീവിതത്തിലും ഒരു പൗരസ്ത്യ ആദ്ധ്യാത്മികത രൂപപ്പെടുത്താൻ പിതാവ് പരിശ്രമിച്ചു. പുരുഷൻമാർക്ക് മിശിഹാനുകരണ പ്രഥമ ആശ്രമവും സ്ത്രീകൾക്ക് മിശിഹാനുകരണ ദ്വിതിയ സമൂഹവും സ്ഥാപിച്ചതുപോലെ പൗരസ്ത്യ ആദ്ധ്യാത്മിക ആഴത്തിൽ ജീവിക്കാൻ കുടുംബസ്ഥർക്കായി ബഥനി ത്രിതീയാശ്രമവും അദ്ദേഹം സ്ഥാപിച്ചു. കുടുംബജീവിതത്തിൽ ഒരു ആശ്രമ ആദ്ധ്യാത്മികത ആവശ്യമുണ്ടെന്ന് അദ്ദേഹം നിഷ്കർഷിച്ചു. വചനവായന, ധ്യാനജീവിതം, മൗനം, പരിത്യാഗം, കൂട്ടുത്തരവാദിത്വത്തിൽ പരസ്പരസ്നേഹത്തിൽ ജീവിക്കാനും, കുടുംബങ്ങളുടെ കെട്ടുറപ്പിനും സുസ്ഥിതിക്കും വേണ്ടിയായിരുന്നു ഇത്. കുടുംബത്തിൽ ആത്മീയത നിലനിർത്തുമ്പോൾ മാത്രമാണ് കുടുംബത്തിന്റെ ഭദ്രത ഉറപ്പാകുന്നത്. ആത്മീയ മൂല്യങ്ങൾക്ക് വിലകൊടുക്കുന്ന കുടുംബങ്ങളാണ് സഭയിൽ ഉണ്ടാകേണ്ടത് എന്ന് അദ്ദേഹം ആഗ്രഹിച്ചു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കാഴ്ചപ്പാടിൽ സഭയിലെ കുടുംബത്തെയും ഒരു ദയാറായാണ് (Every family is a Dayro). സവിശേഷമായ സുവിശേഷ സാക്ഷ്യം നൽകാൻ വിളിക്കപ്പെട്ടവരായ കുടുംബ ജീവിതക്കാർ ആഴപ്പെട്ട ആദ്ധ്യാത്മികത രൂപപ്പെടുത്താൻ പൗരസ്ത്യ ആദ്ധ്യാത്മിക ജീവിതശൈലി സഹായിക്കും എന്ന കാഴ്ചപ്പാടിൽ നിന്നാണ് ത്രിതീയാശ്രമത്തിന് അദ്ദേഹം തുടക്കം കുറിച്ചത്.

**പൗരസ്ത്യ ആദ്ധ്യാത്മികതയും സുവിശേഷസംഘവും**

മലങ്കര സുവിശേഷസംഘം ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച ത്രിതീയാശ്രമത്തിന്റെ അനുകാലിക രൂപമാണെന്ന് പറയാം. (ഫാ. ആന്റണി കാക്കനാട്ട്- സുവിശേഷസംഘം ആദ്ധ്യാത്മികതയും ജീവിതശൈലിയും പേജ് 13). ഈ പശ്ചാത്തലത്തിലാണ് സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മികത നാം മനസിലാക്കുന്നത്. സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മികത അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് മൂന്ന് കാര്യങ്ങളിലാണ്. ഒന്നാമതായി ആരാധനാക്രമത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികത, രണ്ടാമതായി വി. ലിഖിതത്തിലധിഷ്ഠിതമായ ആദ്ധ്യാത്മികത, മൂന്നാമതായി ശുശ്രൂഷയിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികത. ഈ ആദ്ധ്യാത്മിക ശൈലി രൂപപ്പെടുത്തിയിട്ടുള്ളത് പൗരസ്ത്യ ആദ്ധ്യാത്മിക ദർശനത്തിൽ നിന്നാണ്. മലങ്കരയുടെ ആദ്ധ്യാത്മിക പൈതൃകം ആരാധനക്രമാധിഷ്ഠിതമാണ്. അന്ത്യോക്യൻ ആരാധനാക്രമത്തിൽ ജീവിക്കാൻ പരിശീലിക്കപ്പെട്ടവരുടെ ഒരു കൂട്ടായ്മയാണ് സുവിശേഷസംഘവും. രാവിലെയും ഉച്ചയ്ക്കും വൈകിട്ടുമുള്ള മൂന്നുനേരത്തെ യാമപ്രാർത്ഥനയും വി. കൂദാശകളോട് പ്രത്യേകിച്ച് വിശുദ്ധ കുർബാന, വി. കുമ്പസാരം എന്നിവയോടുള്ള ആഴമായ ബന്ധം, നോമ്പിനോടും ഉപവാസത്തിനോടുമുള്ള ആഭിമുഖ്യവും നോമ്പുകാലത്തെ കർശനമായ വർജ്ജനയും ഇതിന്റെ പ്രത്യേകതയാണ്. പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ചൈതന്യം അല്പസമയത്തേക്കോ, കുറച്ചു നേരത്തേക്കോ മാത്രമുള്ള വൈകാരിക പ്രകടനമല്ല. മറിച്ച് ആഴപ്പെടുന്ന ആദ്ധ്യാത്മികതയുടെ വികാസത്തിന്റെ നിരന്തരമായ പ്രക്രിയയാണ്. ദേഹവും ദേഹിയും ആത്മാവുമായുള്ള ബന്ധത്തിൽ ലയിക്കപ്പെട്ട് കൂടുതൽ ദൈവീകരിക്കപ്പെടുന്ന വ്യക്തികളായി മാറുന്നതാണ് ഈ പ്രക്രിയ. ലൗകിക ജീവിതത്തിന്റെ ആധിക്യത്തിൽ ബുദ്ധിമുട്ടുമ്പോൾ സ്ഥായിയായ ഒരു ആത്മീയ ജീവിതം രൂപപ്പെടുത്തിയെടുക്കാൻ ഉതകുന്നതാണ് സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മിക ശൈലി എന്നുള്ളത്. നോമ്പും ഉപവാസവും എന്നത് ഭക്ഷണത്തിന്റെ വർജ്ജനമാത്രമല്ല ആത്മീയ മനോഭാവവും (spiritual attitude) ജീവിത രീതിയും (way of life) കൂടിയാണ്. ഇന്ന് സമാഹരിക്കാനുള്ള മനുഷ്യന്റെ ത്വര വർദ്ധിച്ചു വരുമ്പോൾ, ദൈവാനുഭവത്തെക്കാൾ കൂടുതൽ ദൈവാനുഗ്രഹങ്ങൾ ആഗ്രഹിക്കുമ്പോൾ നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രസക്തി ഉണ്ടാകുന്നത്. ദൈവത്തിന്റെ സന്നിധിയിൽ ആയിരിക്കാൻ. പ്രാർത്ഥനയിലൂടെയും ലോകത്തിൽ നിന്ന് അകന്ന് ഇരിക്കാൻ നോമ്പും ഉപവാസത്തിലൂടെയും സുവിശേഷസംഘാംഗങ്ങൾക്ക് സാധിക്കുന്നു. ഭൗതികതയും ആത്മീയതയും വേർതിരിച്ച് കാണാതെ മനുഷ്യജീവന്റെ പരസ്പരം സംയോജിച്ച് ദൈവാനുഭവ ജീവിതത്തിന് മുൻതൂക്കം കൊടുക്കാൻ പൗരസ്ത്യ ആത്മീയ ദർശനം സുവിശേഷസംഘാംഗങ്ങളെ സഹായിക്കുന്നു. ഈ ആത്മീയ ദർശനാനുഭവത്തിൽ ജീവിക്കുകയും പരിശീലിക്കപ്പെടുകയും ചെയ്യുന്ന അനേകം സഭാമക്കൾ എന്ന് മലങ്കരസഭയിലുണ്ട്.

**സുവിശേഷസംഘത്തിന്റെ സ്വാധീനം സഭയിൽ**

മലങ്കര സഭയുടെ ആദ്ധ്യാത്മികത അതായത് പൗരസ്ത്യ ആദ്ധ്യാത്മികത ജീവിത ശൈലിയായി സ്വീകരിച്ച് ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ് സുവിശേഷസംഘാംഗങ്ങൾ. അനേകം വ്യക്തികളുടെ ജീവിത സാക്ഷ്യങ്ങളിൽ നിന്ന് വ്യക്തമായ ഒരു കാര്യം വിശുദ്ധ ജീവിതം നയിക്കുവാനുള്ള മാർഗ്ഗമായി മാറി സുവിശേഷസംഘം. മലങ്കര സുറിയാനി സഭയുടെ ആദ്ധ്യാത്മികത ആഴത്തിൽ ജീവിക്കാൻ സാധിക്കുന്നു.

(തുടർച്ച 10-ാം പേജിൽ)

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



ഭാരതത്തിന് പുറത്ത് സുവിശേഷസംഘം പരിശീലനം പൂർത്തിയാക്കി അത്യഭിവന്ദ്യ കാതോലിക്കാബാവായിൽ നിന്ന് കൈവയ്പ്പ് സ്വീകരിച്ച യുകെ റീജിയണിലെ സുവിശേഷസംഘാംഗങ്ങൾ

## സഭാതല വാർത്തകൾ

### അനുസ്മരണം

2023 ആഗസറ്റ് 26-ാം തിയതി ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും സുവിശേഷ സംഘത്തിന്റെ പ്രഥമ ചെയർമാനുമായിരുന്ന കാലം ചെയ്ത അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് പിതാവിന്റെ 2-ാം ഓർമ്മദിനം ആചരിച്ചു. ഇതിനോടനുബന്ധിച്ച് സുവിശേഷസംഘ ചെയർമാൻ അഭിവന്ദ്യ സിൽവാനോസ് പിതാവിന്റെ സാന്നിദ്ധ്യത്തിൽ ഓൺലൈൻ പ്രാർത്ഥന-അനുസ്മരണ മീറ്റ്ങ്ങ് നടന്നു. അഭിവന്ദ്യ പിതാവും സുവിശേഷസംഘാംഗങ്ങളും അനുസ്മരണ സന്ദേശം നല്കി.

### സഭാതലം പരിശീലനം, കൈവയ്പ്പ് ശുശ്രൂഷ

സഭാതല സുവിശേഷ സംഘം എട്ടാം ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കിയ 53 പേർക്ക് കൈവയ്പ്പു ശുശ്രൂഷ 2023 നവംബർ മാസം 18-ാം തിയതി മലങ്കര സഭയുടെ പിതാവും തലവനുമായി മോറോൻ മോർ ബസേലിയോസ് ക്ലീമ്മിസ് കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിൽ പട്ടം കത്തിഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെടുന്നു.

### ലക്സിയോ ദിവീനാ

2023 മെയ് 11-ന് കാതോലിക്കേറ്റിൽ നടന്ന വൈദികരുടെ തുടർ പരിശീലനത്തിലും ചെന്നൈ റീജണിലെ പാടി ഇടവകയിലും ബത്തേരി ഭദ്രാസനത്തിൽ പാതാർ ഇടവകയിലും, തിരുവന്തപുരം മേജർ അതിഭദ്രാസനത്തിൽ ആനാട് ഇടവകയിലും അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെയും ബഹു. ഫാ. ബനഡിക്റ്റ് മൂഴിക്കര ഒ.ഐ.സി, സി. മേരി പ്രസാദ് ഡി.എം.ന്റെയും നേതൃത്വത്തിൽ ലക്സിയോ ദിവീനാ നടത്തി.

### മാർ ഇവാനിയോസ് കബർ മിനിസ്ട്രി

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിടത്തിൽ ശുശ്രുഷ ചെയ്യുനതിനായി മേരിമക്കളുടെ സെന്റ് മേരിസ് പ്രോവിൻസ് ആംഗമായി ബഹു. സി. ഗ്ലോറി തേരേസ്സ് ഡി.എം നെ മോറോൻ മോർ ബസേലിയോസ് ക്ലീമ്മിസ് കാതോലിക്കാ ബാവാ നിയമിച്ചു. എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ ബഹു. സിസ്റ്ററിന്റേയും സുവിശേഷ സംഘാംഗങ്ങളുടെ നേതൃത്വത്തിൽ നടന്നു വന്നിരുന്ന മാർ ഇവാനിയോസ് കബർ മിനിസ്ട്രിയിൽ ധാരാളം ആളുകൾ പങ്കെടുക്കുന്നു. ജൂലൈ 1-15 വരെ ധാരാളം സുവിശേഷസംഘാംഗങ്ങൾ കബറിടം സന്ദർശിച്ചു. ജൂലൈ 14 ന് മേജർ അതിഭദ്രാസനത്തിലെ സുവിശേഷസംഘാംഗങ്ങളുടെ നേതൃത്തിൽ പ്രത്യേക പ്രാർത്ഥനാശുശ്രുഷ നടന്നു. കുടാതെ ഓൺലൈനായി എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് 7 മുതൽ 8.15 വരെ നടക്കുന്ന സുവിശേഷസന്ധ്യയിലും വ്യാഴാഴ്ച രാവിലെ 11 മണി മുതൽ 12 വരെ നടന്നു വരുന്ന പ്രാർത്ഥന കുട്ടായ്മയിലും ധാരാളം സുവിശേഷസംഘാംഗങ്ങൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും വചന പ്രഘോഷണം നടത്തുകയും ചെയ്യുന്നു.



സുവിശേഷസംഗമം മുംബൈ റീജിയൺ



സുവിശേഷസംഗമം പൂനെ റീജിയൺ



സുവിശേഷസംഗമം തിരുവല്ല അതിഭദ്രാസനം

## ഭദ്രാസനതല വാർത്തകൾ

### ഭദ്രാസന സുവിശേഷസംഘം ഡയറക്ടർമാർ

സുവിശേഷ സംഘത്തിന്റെ പാറശാല ഭദ്രാസനതല ഡയറക്ടായി ബഹു. ഫാ. ജോഷ്വാ തേനുവിള അച്ചനും, പുത്തൂർ ഭദ്രാസനതല ഡയറക്ടായി ഫാ. തോമസ് കുഴിനാപ്പുറത്ത് (ജൂബി പീറ്റർ) അച്ചനും നിയമിതനായി. ബഹു. അച്ചൻമാർക്ക് സുവിശേഷ സംഘത്തിന്റെ സ്നേഹ നിർഭരമായ പ്രാർത്ഥനാശംസകൾ.

ഈ രണ്ട് ഭദ്രാസനത്തിലും ഡയറക്ടറായി ശുശ്രൂഷ ചെയ്ത ബഹു. ഫാ. ഡാനിയേൽ കടകംപള്ളിയച്ചനും, ബഹു. ഫാ. റിജോ അച്ചനും ഹൃദയ പുർവ്വമായി നന്ദി.

### കൈവയ്പ്പ് ശുശ്രൂഷ

ഡൽഹി- ഗുഡ്ഗാവ് ഭദ്രാസനം കേന്ദ്രമാക്കി കോവിഡ് 19-ന് മുൻപ് ആരംഭിച്ച പരിശീലനം പൂർത്തിയാക്കിയ 23 അംഗങ്ങളുടെ കൈവയ്പ്പു 2023 മാർച്ച് 19-ന് വി. ജോൺ ക്രിസോസ്റ്റം നെബ്സറായ് കത്തിഡ്രലിൽ വച്ച് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കൈവയ്പ്പു സ്വീകരിച്ചു. അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവ് പരിശീലനത്തിനും കൈവയ്പ്പു ശുശ്രുഷകൾക്കും വി. കുർബ്ബാനയ്ക്കും പങ്കാളിത്വം വഹിച്ചു. വികാരി ജനൽ പെരിയ ബഹു. വിനയാനന്ദ് ഒ.ഐ.സി, അനേക വൈദികർ, സന്യസ്തർ വിശ്വാസസമൂഹം എന്നിവർ സന്നിഹിതരായിരുന്നു.

2020 മുതൽ ഇന്ത്യക്ക് പുറത്ത് സുവിശേഷ സംഘാംഗ പരിശീലനം

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



ഗുഡ്ഗാവ്- ഡൽഹി രണ്ടാം ബാച്ചിൽ കൈവയ്പ്പ് സ്വീകരിച്ചവർ

യു.കെ. കേന്ദ്രമാക്കി നടത്തി വന്നിരുന്നു. പരിശീലനം പുർത്തിയാക്കിയ 19 അംഗങ്ങൾക്ക് യു.കെ. മലങ്കര കൺവെൻഷനോടനുബന്ധിച്ചി സഭയുടെ തലവനും പിതാവുമായ മോറോൻ മോർ ബസേലിയോസ് ക്ലീമ്മിസ് കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിൽ കൈവയ്പ്പു നല്കി. യുറോപ്പിന്റെ അപ്പസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ യുഹാനോൻ മാർ തെയോഡേഷ്യസ് സന്നിഹിതനായിരുന്നു. യു.കെ. മലങ്കര കോഡിനേറ്റർ പെരി. ബഹു. ഫാ. ഡോ. കുരിയാക്കോസ് തടത്തിൽ, യു.കെ. റിജൺ സുവിശേഷസംഘ ഡയറക്ടർ ബഹു. ഫാ. തിരുവാലിൽ, എന്നിവർ നേതൃത്വം നല്കി.

### സുവിശേഷ സംഗമം

പാറശാല ഭദ്രസനത്തിൽ കൈവയ്പ്പു ലഭിച്ച സുവിശേഷ സംഘാംഗങ്ങളുടെ സംഗമം 2023 മാർച്ച് 4 ന് കുഴിഞ്ഞാൻവിളയിൽ വച്ചും, തിരുവല്ല അതിഭദ്രസനതല സംഗമം 2023 ഏപ്രിൽ 21 തിരുവല്ലാ ശാന്തിനിലയത്തിൽ വച്ചും, ഖഡ്ക്കി-പൂനെ ഭദ്രാസനത്തിലെ റീജണൽ സുവിശേഷസംഘങ്ങളുടെ സംഗമങ്ങൾ യഥാക്രമം മുംബൈ റീജണൽ 2023 ഏപ്രിൽ 29ന് സാക്കിനാക്കാ ദൈവലായത്തിൽ വച്ചും, പൂനെ റീജണൽ 2023 ഏപ്രിൽ 30ന് ഖഡ്ക്കി ദൈവലായത്തിൽ വച്ചും, ചെന്നൈ റീജണിലെ സംഗമം പാടിയിൽ വച്ചും നടത്തപ്പെട്ടു.

### വൈദീക ജില്ലാ സുവിശേഷസംഘ രൂപീകരണം

2022 മുതൽ വൈദീകജില്ലകൾ കേന്ദ്രമാക്കി ആരംഭിച്ച പിരിശീലനങ്ങൾ തുടരുന്നു. അതോടൊപ്പം തിരുവനന്തപുരം മേജർ അതിഭദ്രസനം - കൊട്ടാരക്കര വൈദീകജില്ലയിലും തിരുവല്ലാ അതിഭദ്രസനം - തിരുവല്ലാ വൈദീകജില്ലയിലും മൂവാറ്റുപുഴ ഭദ്രസനം - പിറവം, വൈദീക ജില്ലയിലും പുതിയ ബാച്ചുകൾ പരിശീലനം ആരംഭിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രസനത്തിൽ അടൂർ, ബത്തേരി ഭദ്രസനത്തിൽ കണ്ണൂർ, കാസർഗോഡ് എന്നീ വൈദീകജില്ലകൾ കേന്ദ്രമാക്കിയും താമസിയാതെ പരിശീലനം ആരംഭിക്കുന്നതാണ്.

### സുവിശേഷസംഘ ശുശ്രൂഷകൾ

കോവിഡ് പ്രതിസന്ധിക്കു ശേഷം ഭദ്രാസനം, വൈദീകജില്ല, ഇടവക തുടങ്ങിയവ കേന്ദ്രീകരിച്ച് കൂട്ടായ്മകൾ ഭവനസന്ദർശനം, രോഗീസന്ദർശനം, ഇടവക ശുശ്രൂഷകൾ, മിഷൻ പ്രവർത്തനം, വചന പ്രഘോഷണം മറ്റ് വിവിധ ശുശ്രൂഷകൾ സുവിശേഷസംഘങ്ങളുടെ നേതൃത്വത്തിൽ പുനരാംഭിച്ച് കാര്യക്ഷമമായി നടത്തി വരുന്നു. മാർച്ച് മാസത്തിൽ നടന്നസിനഡിൽ സുവിശേഷസംഘാംഗങ്ങൾ നിർവ്വഹിക്കേണ്ട സുവിശേഷ ശുശ്രുഷകളുടെ ഒരു മാർഗ്ഗരേഖ ആംഗീകരിച്ചു നല്കുകയും എല്ലാ ഭദ്രാസനങ്ങളിലും അഭിവന്ദ്യ പിതാക്കൻമാരുടെ സർക്കുലറായി അയക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചു.

### അനുമോദനങ്ങൾ

ജൂലൈ മാസം നാമഹേതുത തിരുനാളും, മെത്രാഭിഷേകത്തിന്റെ ഒന്നാം വാർഷികവും, ജന്മദിനവും ആഘോഷിച്ച സുവിശേഷസംഘത്തിന്റെ ചെയർമാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന് പ്രാർത്ഥനാ പുർവ്വമായ മംഗളങ്ങൾ.



സുവിശേഷസംഘ രൂപീകരണം കൊട്ടാരക്കര വൈദീകജില്ല



സുവിശേഷസംഘ രൂപീകരണം തിരുവല്ല മേഖല



സുവിശേഷസംഘ രൂപീകരണം പിറവം മേഖല



പുത്തൂർ ഭദ്രാസന സുവിശേഷസംഘ
ഡയറക്ടറായി നിയമിതനായ
**ഫാ. തോമസ് കുഴിനാപ്പുറത്ത്** (ജുബി പീറ്റർ)



പാറശ്ശാല ഭദ്രാസന സുവിശേഷസംഘ
ഡയറക്ടറായി നിയമിതനായ
**ഫാ. ജോഷ്വാ തേനുവിള**

www.malankaralibrary.com





അനുഭവസാക്ഷ്യം

# അവിസ്മരണീയ ദാനം

**ഷാജി കൊറ്റിനാട്ട്**
*സഭാതല സുവിശേഷസംഘാംഗം, യു.കെ. റീജിയൺ*

"പ്രവചന പ്രകാരവും സഭാശ്രേഷ്ഠന്മാരുടെ കൈവയ്പ്പുവഴിയും നിനക്ക് നൽകപ്പെട്ട കൃപാവരം അവഗണിക്കരുത്" (1 തിമൊ 4:14).

ലോകം മഹാമാരിയിൽ വലയുന്ന 2020 ഫെബ്രുവരി 14, 15, 16 തീയതികളിലാണ് യു.കെ.യിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്യ സുവിശേഷസംഘത്തിനു റവ. ഡോ. ആന്റണി കാക്കനാട്ട് (ഇന്നത്തെ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവ്) ആരംഭം കുറിക്കുന്നത്. ആദ്യത്തെ 20 പേരിലൊരാളായി ഞാനും തുടങ്ങി. സുവിശേഷസംഘാംഗമായാൽ എവിടെയും പോയി മൈക്കിന്റെ മുന്നിൽ പോയി പ്രസംഗിക്കാനുമുള്ള ഒരു ലൈസൻസായി മാത്രമേ ഈ കോഴ്സിനെയും കൈവെപ്പിനെയും ഞാൻ കണ്ടിരുന്നുള്ളൂ. എന്നാൽ ഇത്, നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവും, നമ്മുടെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവും കാട്ടിത്തന്ന ആദ്ധ്യാത്മിക ജീവിത ശൈലി ആണെന്ന് ഓരോ ക്ലാസുകൾ കഴിയുമ്പോഴും, പരിശുദ്ധാത്മാവ് വെളിപ്പെടുത്തി തന്നു. വി. ഫ്രാൻസിസ് അസ്സീസി പറഞ്ഞതുപോലെ "എല്ലാ സമയവും സുവിശേഷം പ്രസംഗിക്കുക, ആവശ്യമെങ്കിൽ മാത്രമേ വാക്കുകൾ ഉപയോഗിക്കാവൂ" എന്ന ബോധ്യത്തിലേക്കു വരികയുണ്ടായി. നന്നേ ചെറുപ്പം മുതലേ സുവിശേഷ പ്രവർത്തനങ്ങളോട് താൽപര്യം ഉണ്ടായിരുന്നപ്പോഴും, സഭയുടെ പല പ്രസ്ഥാനങ്ങളിലും ഭാരവാഹിയായിരുന്നിട്ടും ലഭിക്കാത്ത അറിവുകൾ, സുവിശേഷ സംഘത്തിലൂടെ ലഭിച്ചു.

നമ്മുടെ മലങ്കര സുറിയാനി പാരമ്പര്യം അനുസരിച്ചുള്ള യാമപ്രാർത്ഥനകളും, നോമ്പ്, വി. കുർബാനയോടുള്ള ആഭിമുഖ്യം ലഭിച്ചു. വി. വചനം വായിക്കാനുള്ള വലിയ തീക്ഷണത ഉണ്ടായി. ഞാനൊരു മഹാപാപിയാണെന്നുള്ളൊരു ബോധ്യം ക്ലാസുകളിലൂടെ ലഭിച്ചു. പത്രോസിനെപ്പോലെ അനുതപിക്കുവാനും യേശുവിനോടു കുറ്റങ്ങൾ കുമ്പസാരത്തിലൂടെ ഏറ്റു പറയുവാനും തുടങ്ങി. ക്ഷമിക്കുവാനും, നിന്ദകളും, പരിഹാസങ്ങളും ഏൽക്കുമ്പോഴും സംയമനത്തോടെ, നിലനിൽക്കുവാനും പ്രത്യേകിച്ച്, 2023 ജൂൺ 25 ന് യു കെ മലങ്കര കൺവെൻഷനോടനുബന്ധിച്ച്, നമ്മുടെ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയിൽ നിന്നും കൈവെപ്പ് ലഭിച്ചു. അതിനുശേഷം ഒരു വലിയ കൃപ കർത്താവ് നൽകി. തമ്പുരാൻ നൽകിയ ഈ അവിസ്മരണീയമായ ദാനത്തിന് നന്ദി.

ലഭിച്ച ഈ വലിയ കൃപയെ അവഗണിക്കാതെ മുന്നോട്ടുപോയി. ഒരു നല്ല സുവിശേഷസംഘാംഗമായി ധാരാളം വെല്ലുവിളികൾ നിറഞ്ഞ ഈ യൂറോപ്പിൽ ജീവിക്കുവാൻ ആവശ്യമായ ദൈവ കൃപ ലഭിക്കുവാൻ നിങ്ങളുടെ വിലയേറിയ പ്രാർത്ഥന യാചിക്കുന്നു. "എന്റെ കൈവെപ്പിലൂടെ നിനക്ക് ലഭിച്ച വൈദീക വരം, വീണ്ടും ഉജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു" (2തിമൊ.1:6). മാർ ഈവാനിയോസ് പിതാവ് പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യകാല സമയത്ത് അൽമായർക്കുവേണ്ടി രൂപീകരിച്ച തേർഡ് ഓർഡറിന്റെ പരിഷ്കരിച്ച രൂപമായ സുവിശേഷസംഘത്തിലൂടെ ഒരു നല്ല ജീവിത സാക്ഷിയാകുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് സ്തുതി.



അനുഭവസാക്ഷ്യം

# കബർ ചാപ്പലുമായുള്ള ബന്ധം

**ഉഷ രാജൻ**
*സുവിശേഷസംഘാംഗം, തിരുവനന്തപുരം അതിഭദ്രാസനം നെടുമങ്ങാട് വൈദികജില്ല*

"അവിടുന്നാണ് എന്റെ ദൈവം, ഞാൻ അവിടുത്തെ സ്തുതിക്കും. അവിടുന്നാണ് എന്റെ പിതാവിന്റെ ദൈവം, ഞാൻ അവിടുത്തെ സ്തുതിക്കും" (പുറ.15:2).

എന്റെ ജീവിതത്തിൽ, ഞങ്ങളുടെ കുടുംബങ്ങളിൽ, മാർ ഈവാനിയോസ് പിതാവിന്റെ ദൈവസ്നേഹമൊഴുകുന്ന കബർ ചാപ്പലുമായുള്ള ഹൃദയബന്ധം തുടങ്ങുന്നത് 2005-2008 കാലഘട്ടത്തിൽ എന്നാണ് എന്റെ ഓർമ്മയിൽ വരുന്നത്. ആദ്യമായി ആ ചാപ്പലിൽ കയറി പ്രാർത്ഥിച്ച് ഇറങ്ങിവരുമ്പോൾ അവിടെ ഒരു നോട്ട് ബാക്കിൽ ഇങ്ങനെ എഴുതി. ഒരു വിഷയത്തിന് എത്ര ശ്രമിച്ചാലും മുപ്പത്തിയഞ്ചിൽ കൂടുതൽ മാർക്ക് നേടാൻ സാധിക്കില്ല. ആ വിഷയത്തെ അനുഗ്രഹിക്കണമെയെന്ന്. പക്ഷേ, ഞങ്ങൾ പിന്നെ ഈ സംഭവം മറന്നുപോയി. അതിനുശേഷം വന്ന എല്ലാ പരീക്ഷകളിലും 48-50 മാർക്ക് വാങ്ങുന്നവിധം ഈശോ അനുഗ്രഹിച്ചു. ഇതാണ് ആദ്യ ഓർമ്മ. പിന്നെ ആവശ്യത്തിനുവേണ്ടയുള്ള ഒരു പ്രാർത്ഥനയല്ല, അവിടെ ഒന്നു പ്രാർത്ഥിക്കുന്നത് ഒരു ഭാഗ്യമായി മാറി. ആ കബർ ചാപ്പലിൽ വന്ന് പ്രാർത്ഥിച്ച് ഇറങ്ങുമ്പോൾ എന്തെന്നില്ലാത്തൊരു ആത്മബലം ലഭിക്കാറുണ്ട്. കൂടാതെ, പ്രാർത്ഥിക്കാനുള്ള വലിയ തീക്ഷണത ലഭിക്കാറുണ്ട്. കബർ ചാപ്പലിൽ പ്രാർത്ഥിച്ച് ഇറങ്ങുമ്പോൾ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം അനുഭവിച്ചറിയാൻ സാധിച്ചിട്ടുണ്ട്. ഒന്നുമില്ലായ്മയിൽ നിന്ന് എല്ലാം നിറയുന്നതായൊരു അനുഭവം. ഞങ്ങളുടെ ജീവിതത്തിന്റെ എല്ലാ പ്രധാന കാര്യങ്ങൾക്കും മുന്നേ ഞങ്ങൾ ചാപ്പലിൽ വന്ന് പ്രാർത്ഥിക്കാറുണ്ട്. ആ കാര്യങ്ങളിലെല്ലാം വലിയൊരു ദൈവാനുഭവം തിരിച്ചറിയാൻ സാധിച്ചിട്ടുണ്ട്. കബർ ചാപ്പലിൽ വന്ന് പ്രാർത്ഥിക്കുമ്പോൾ പിതാവിനറേ സ്നേഹം തൊട്ടറിയാൻ നമുക്ക് സാധിക്കും. നിരന്തരമായ ദൈവാശ്രയബോധം ലഭിക്കാറുണ്ട്. നമ്മുടെ കുടുംബത്തിന്റെ കെട്ടുറപ്പിനാവശ്യമായ ജീവിതത്തിന്റെ എല്ലാ മേഖലയിലും പിതാവിന്റെ പ്രാർത്ഥന ദൈവസ്നേഹമായി അനുഭവിക്കാൻ സാധിച്ചിട്ടുണ്ട്. മാത്രമല്ല ബലഹീനമായിപ്പോകുന്ന സാഹചര്യങ്ങളിൽ, തളർന്നുപോകുന്ന അവസരങ്ങളിൽ ബലപ്പെടുത്തുന്ന ദൈവസാന്നിധ്യം ചാപ്പലിൽ ഒഴുകുന്നു എന്നത് ഒത്തിരിയേറെ ബലം നൽകുന്നു. പിതാവിന്റെ ദൃഢനിശ്ചയത്തോടെയുള്ള ഫോട്ടോ കാണുമ്പോൾ തന്നെ നല്ലൊരു പ്രത്യാശ ലഭിക്കാറുണ്ട്. പിതാവിന്റെ കണ്ണുകളിലേക്ക് നോക്കുമ്പോൾ പിതാവ് എന്നെ നോക്കുന്ന ഒരനുഭവം. പിതാവിനറേ വാത്സല്യസ്നേഹം ഞങ്ങളുടെ കുടുംബത്തിലേക്ക് ഒഴുകുന്ന ഒരനുഭവം. പ്രാർത്ഥനാ ജീവിതത്തിൽ വളരാൻ സഹായിച്ച ഒത്തിരിയേറെ അനുഭവങ്ങൾ വർണ്ണിക്കാൻ സാധിക്കാതെ മനസ്സിൽ കെട്ടികിടപ്പുണ്ട്. പഴയ നിയമത്തിലൂടെ കടന്നുപോകുമ്പോൾ മോശ മുഖാമുഖം കണ്ട ദൈവത്തെ മാർ ഈവാനിയോസ് പിതാവിന്റെ കബർ ചാപ്പലിലൂടെ വേദനിക്കുന്ന മക്കൾക്കുവേണ്ടി ഇറങ്ങിവരുന്നതിനെയോർത്ത് കർത്താവിന് ഒരായിരം നന്ദി.

( ...... 7-ാം പേജിൽ നിന്നും തുടർച്ച)

യാമപ്രാർത്ഥനയോട് വലിയ ആഭിമുഖ്യം ഉണ്ടായി. നോമ്പ്, വർജ്ജന, ഉപവാസം എന്നിവ കൃത്യമായിത്തന്നെ അനുഷ്ഠിക്കാനും തന്മൂലം ആത്മീയ പോരാട്ടത്തിൽ ശക്തിപ്പെടാനും അനേകർക്ക് സാധിക്കുന്നു. ഒരുക്കത്തോടുള്ള വി. കുമ്പസാരം, അനുദിനവും വിശുദ്ധ കുർബാനയിൽ സംബന്ധിക്കാനുള്ള തീവ്രമായ ആ അഭിലാഷവും തീരുമാനവും ജീവിത നവീകരണാനുഭവത്തിലേക്ക് നയിക്കുന്നതായി സാക്ഷ്യപ്പെടുത്തി. ദൈവാത്മാവിന്റെ വലിയ ഇടപെടൽ അവരുടെ വ്യക്തി ജീവിതത്തിലും കുടുംബത്തിലും സുവിശേഷസംഘാംഗങ്ങൾ അനുഭവിക്കുന്നതായി സാക്ഷ്യം നൽകുന്നു. വേദപുസ്തക വായന, പഠനം, ധ്യാനം എന്നിവയോട് പ്രത്യേക ആഭിമുഖ്യം ഇടതടവില്ലാതെ പ്രാർത്ഥിക്കാൻ എന്നുള്ളത് പ്രയാസകരമാകാതെ ദൃഢനിശ്ചയത്തോടെ പാലിക്കാൻ തീക്ഷണതയുള്ളവരായി. കത്തിച്ചു വച്ച തിരികളുടെ അരികിൽ നിന്നുകൊണ്ട് വേദപുസ്തകപാരായണം ആത്മ പ്രകാശം ഉജ്ജ്വലിപ്പിക്കുന്നതുപോലുള്ള അനുഭവങ്ങളുടെ നേർസാക്ഷ്യങ്ങളായി, സഹനങ്ങളിലും പ്രതിസന്ധികളിലും ഒറ്റപ്പെട്ടുപോകാതെ പിടിച്ചുനിൽക്കാൻ സഹായിക്കുന്ന ഒന്നാണ് ഈ ആത്മീയ പരിശീലനം എന്ന ബോധ്യത്തിലേക്ക് അനേകർ കടന്നുവന്നു. ആത്മീയ ജീവിതത്തിന്റെ പോരാട്ടങ്ങളിലും, ജീവിത പ്രതിസന്ധികളിലും, പ്രതികരണങ്ങളിലും പിടിച്ചുനിൽക്കാൻ, സ്വയം വിശുദ്ധീകരിക്കപ്പെടുവാൻ ഈ ആത്മീയ പരിശീലനം സഹായിക്കുന്നു എന്ന വലിയ തിരിച്ചറിവിലേക്ക് അനേകർ കടന്നുവന്നു. ഈ കഴിഞ്ഞ വർഷങ്ങളിൽ അനേകരുടെ ജീവിത പങ്കുവയ്ക്കൽ എനിക്കും ഒരു പുതിയ അനുഭവമായി മാറുകയായിരുന്നു. പൗരസ്ത്യ ആദ്ധ്യാത്മികതയിൽ ജീവിച്ചതുകൊണ്ടാണ് വലിയ മാറ്റങ്ങൾ വന്നുതുടങ്ങിയത്. മലങ്കര സഭയുടെ ആദ്ധ്യാത്മികത ഒരു കാലഹരണപ്പെട്ട ആദ്ധ്യാത്മികതയല്ലെന്നും ഇന്നും ജീവിക്കാനുള്ള പ്രചോദനമാണെന്നുള്ള തിരിച്ചറിവിന്റെ പ്രതിഫലനമാണ് പൗരസ്ത്യ ആദ്ധ്യാത്മിക ദർശനത്തിന്റെ സവിശേഷതയായി സുവിശേഷസംഘാംഗങ്ങൾ മനസ്സിലാക്കുന്നു.

### അനുഭവത്തിൽ നിന്ന് സാക്ഷ്യത്തിലേക്ക്

പൗരസ്ത്യ ആത്മീകതയിലൂടെ പരിശീലനത്തിലൂടെ സ്വായത്തമാക്കുന്ന ദൈവാനുഭവങ്ങൾ പങ്കുവയ്ക്കുന്നതാണ് സാക്ഷ്യജീവിതം. സഭയുടെ മിഷണറി ദൗത്യമെന്നത് ദൈവത്തെയും ദൈവാനുഭവത്തെയും മറ്റുള്ളവർക്ക് പകർന്ന് നൽകുന്നതാണ്. ഇല്ലാത്തത് മറ്റുള്ളവരുമായി നമുക്ക് പങ്കുവയ്ക്കാൻ സാധിക്കുകയില്ല. പൗരസ്ത്യ സഭയിൽ ആത്മീയ ഫലമുളവാക്കുന്ന ആത്മീയ ജീവിത ദർശനത്തിനാണ് പ്രാധാന്യം നൽകുന്നത്. ഫലം പുറപ്പെടുവിക്കുന്ന വ്യക്തികളായി മാറണമെങ്കിൽ സ്ഥായിയായ ഒരു ആത്മീയ ജീവിതശൈലി രൂപപ്പെടുത്തണം. മനുഷ്യ വ്യക്തിത്വത്തിന്റെ സമഗ്രമായ (ദേഹം, ദേഹി, ആത്മാവ്) ആവശ്യമായിരിക്കുന്ന വിശുദ്ധീകരണത്തിനും നവീകരണത്തിനും ദൈവാനുരൂപീകരണവുമാണ് പ്രാധാന്യം നൽകുന്നത്. സുവിശേഷപ്രഘോഷണം എന്നത് ആത്മീയതയിലേക്ക് ആകർഷിക്കപ്പെടുക എന്നതാണ്. സഭയിലെ ബാഹ്യമായ പ്രസ്ഥാനങ്ങളുടെ വളർച്ച സാക്ഷ്യജീവിതത്തിന് സഹായിക്കുന്നില്ല എന്നത് മാത്രമല്ല ഒരു പക്ഷേ തടസ്സമായും വന്നേക്കാം. ആഴമായ ആത്മീകതയുള്ള വ്യക്തികളുടെ ജീവിതസാക്ഷ്യമാണ് യഥാർത്ഥ സുവിശേഷ പ്രഘോഷണം.

അതോടൊപ്പംതന്നെ നവസുവിശേഷവൽക്കരണ കാഴ്ചപ്പാടിൽ നിന്ന് നോക്കുമ്പോൾ സഭയെ നവീകരിക്കാൻ നമ്മുടെ സഭയ്ക്ക് സ്വന്തമായ ഈ ആത്മീയ ജീവിതത്തിൽ നിന്ന് രൂപംകൊണ്ട ഒരു ആത്മീയ ദർശനത്തിന് മാത്രമേ സാധിക്കുകയുള്ളൂ. പരമ്പരാഗതമായി വിശ്വാസം സ്വീകരിക്കുകയും അതിൽ വളരുകയും എന്നാൽ ആധുനിക കാലഘട്ടത്തിൽ ആത്മീയ ജീവിതത്തോടുള്ള താല്പര്യം നഷ്ടമാവുകയും ചെയ്യുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ പുനഃസുവിശേഷവൽക്കരണം അന്ത്യന്താപേക്ഷിതമാണ്.. സുവിസേഷസംഘത്തിന്റെ ലക്ഷ്യവും ഇതുതന്നെയാണ്. മലങ്കര സഭയുടെ ആദ്ധ്യാത്മികത അതായത് പൗരസ്ത്യ ആദ്ധ്യാത്മികത കൃത്യതയോടും നിഷ്ഠയോടും കൂടി ജീവിച്ച് ക്രിസ്തുവിന് സാക്ഷ്യകളായി ജീവിക്കുക. ഈ അനുഭവത്തിൽ ജീവിക്കുന്ന അനേകർ ഇന്ന് ഉണ്ട്. അതോടൊപ്പം സഭ മുഴുവനും ഈ അനുഭവത്തിലേക്ക് മാറുമ്പോൾ നവസുവിശേഷവത്ക്കരണം പൂർണ്ണമാകും.



ബത്തേരി ഭദ്രാസനത്തിലെ പാതാർ ഇടവകയിൽ നടത്തിയ ലെക്സിയോ ദിവീന

www.malankaralibrary.com





അനുഭവസാക്ഷ്യം

# അനുതാപത്തിലേക്കുള്ള വിളി

**സരോജിനി**
(ബത്തേരി ഭദ്രാസനം)
സഭാതല സുവിശേഷസംഘാംഗം, ഏഴാം ബാച്ച്

കണ്ണൂർ ജില്ലയിലെ ഇരിട്ടി പ്രദേശത്ത് നെടുമുണ്ട സെന്റ് തോമസ് മലങ്കര സുറിയാനി ദൈവാലയമാണ് എന്റെ ഇടവക. സുവിശേഷസംഘത്തിലെ ഏഴാം ബാച്ചിൽ ഒരംഗമായി തീരാൻ ദൈവം വിളിച്ചതിനായി ദൈവത്തിന് നന്ദി പറയുന്നു. ഇവിടെ വന്നത് എന്റെ ജീവിതത്തിന് ഒരു പുതിയ വഴിത്തിരിവ് ആയിരുന്നു. ലഭിച്ച ഓരോ പഠനക്ലാസുകളും എന്റെ ഉള്ളിലേക്ക് ഇറങ്ങിവന്ന് അനുതാപത്തിലേക്കും വിശുദ്ധിയിലേക്കും വളരാൻ വളരെയേറെ സഹായിച്ചു. ക്രിസ്തു ഉള്ളിൽ ഉള്ളവനാണ് ക്രിസ്ത്യാനി എന്നും വിശുദ്ധി കൂടാതെ ദൈവത്തെ ദർശിക്കാൻ സാധിക്കില്ല എന്നുള്ള ദൈവ വചനത്തിലൂടെ (ഹെബ്രാ. 4:12) കൂടുതൽ നിഷ്കളങ്കതയോടെ, സ്നേഹത്തോടെ ദൈവത്തോട് അടുത്ത് ചെല്ലുവാനും പ്രയാസങ്ങളുടെയും പ്രതികൂലങ്ങളുടെയും മദ്ധ്യത്തിൽ തമ്പുരാന്റെ മുൻപിൽ വിശുദ്ധിയോടെ ജീവിക്കാനുള്ള വലിയ ശക്തി എനിക്ക് സുവിശേഷസംഘത്തിൽ നിന്നും ലഭിച്ചു. ദൈവാശ്രയബോധത്തിൽ ജീവിക്കാൻ പഠിപ്പിച്ചുതന്ന കളരിയാണ് സുവിശേഷസംഘം. എന്നെ ആന്തരികമായി മാറ്റിമറിച്ചതും ഇവിടെ നിന്നും ലഭിച്ച ക്ലാസുകളിലൂടെയാണ് സുവിശേഷസംഘത്തിൽ വന്നതിനുശേഷം ആരാധനയുടെ വില തിരിച്ചറിഞ്ഞ് കൃത്യതയോടും നിഷ്ഠയോടും കൂടി ജീവിക്കാൻ അതിനുവേണ്ടി പരിശ്രമിക്കാൻ യാമപ്രാർത്ഥനകൾ, നോമ്പ്, വർജന, ഉപവാസം ഇവയുടെ ആവശ്യം മനസ്സിലാക്കി ചെയ്യുവാൻ എനിക്ക് കഴിയുന്നുണ്ട്. വിശുദ്ധ ബലിയോടുള്ള ആത്മാർത്ഥമായ ഇഷ്ടത്തോടെ മുഴുവൻ കുർബാനയിലും പങ്കെടുക്കാനുള്ള തീഷ്ണത എനിക്ക് ലഭിച്ചു. വിശുദ്ധ ഗ്രന്ഥം ജീവിതത്തിന്റെ മൂലക്കല്ല് ആണെന്ന് മനസിലാക്കി വായിക്കുവാനും ക്രിസ്തുവിൽ കുറച്ചുകൂടി ആഴപ്പെട്ട ജീവിതം നയിക്കുന്നതിനും എന്നെ ഏറെ സഹായിച്ചു. സുവിശേഷസംഘത്തിൽ വന്നതിനുശേഷം എന്റെ ഉള്ളിൽ എപ്പോഴും ഒരു ചിന്ത കടന്നുവരുന്നുണ്ട്. എനിക്ക് യേശുവിനെപ്പോലെ ആകണം, യേശുവിനെപ്പോലെ ജീവിക്കണം, യേശുവിനെപ്പോലെ പെരുമാറണം, മറ്റുള്ളവരെ സഹായിക്കണം അവർക്കുവേണ്ടി എന്റെ ജീവിതം മുറിച്ച് നൽകണം. അതിന് ഓരോ ദിവസവും എന്നെ തന്നെ മുറിച്ചെങ്കിൽ മാത്രമേ എനിക്ക് അതിന് കഴിയുക ഉള്ളൂവെന്നും അതിനാൽ പരാതികളും പിറുപിറുപ്പും ഇല്ലാതെ സ്വയം എളിമപ്പെടലിന്റെയും ശൂന്യവൽക്കരണത്തിന്റെയും ജീവിതമാണ് സുവിശേഷസംഘത്തിന്റെ കാതലെന്ന് എനിക്ക് പൂർണ്ണബോധ്യം കിട്ടി. സുവിശേഷസംഘത്തിൽ വന്നതിനുശേഷം വിജാതിയരോടും അക്രൈസ്തവരോടും വേദന അനുഭവിക്കുന്നവരോടും രോഗികളോടും തിരുവചനത്തിലെ യേശുവിന്റെ സ്നേഹം പകർന്ന് കൊടുക്കുന്നതിനുള്ള പൂർണ്ണ ധൈര്യവും ആത്മീയ പ്രേരണയും എനിക്ക് ലഭിക്കുന്നുണ്ട്. ഒരു വനിതാ സഹകരണ സംഘത്തിൽ ജോലി ചെയ്തുവരുന്ന എനിക്ക് ഇങ്ങനെ എന്റെ യേശുവിനെക്കുറിച്ച് പറയാനും അവർ അത് സന്തോഷത്തോടെ ഏറ്റെടുത്ത് അവർക്ക് തമ്പുരാൻ ചെയ്ത് കൊടുത്ത മഹത്തായ കാര്യങ്ങൾ തിരിച്ച് വന്ന് പറയുന്നത് കേൾക്കുമ്പോഴാണ് സുവിശേഷസംഘത്തിലൂടെ കർത്താവ് പ്രവർത്തിക്കുന്ന നന്മകൾ എത്രയോ മഹത്തരമാണെന്ന് മനസിലായത്. ഇനിയുള്ള എന്റെ ജീവിതം കർത്താവിനുവേണ്ടി സമർപ്പിക്കുന്നതിന് എല്ലാവരുടെയും പ്രാർത്ഥന യാചിക്കുന്നു. യേശുവേ നന്ദി, യേശുവെ സ്തോത്രം.



അനുഭവസാക്ഷ്യം

# ഭാഗ്യങ്ങളുടെ കലവറയിൽ പ്രാർത്ഥനാപൂർവ്വം

**സി. ഗ്ലോറി തെരേസ് ഡി.എം.**
*കബർ ചാപ്പൽ, പട്ടം*

എനിക്ക് ലഭിച്ച അമൂല്യനിധിയാണ് സൗഭാഗ്യമാണ്; സന്തോഷമാണ്-കബറിലെ പ്രാർത്ഥനാ ശുശ്രൂഷ.

"അങ്ങയുടെ വചനങ്ങൾ കണ്ടെത്തിയപ്പോൾ ഞാൻ അവ ഭക്ഷിച്ചു; അവ എനിക്ക് ആനന്ദാമൃതമായി; എന്റെ ഹൃദയത്തിന് സന്തോഷവും. എന്തെന്നാൽ സൈന്യങ്ങളുടെ ദൈവമായ കർത്താവേ, ഞാൻ അങ്ങയുടെ നാമമാണല്ലോ വഹിക്കുന്നത്" (ജെറ. 15:16).

എന്റെ പേര് സി. ഗ്ലോറി തെരേസ് ഡി. എം. ഞാൻ മേരിമക്കൾ സന്യാസിനി സമൂഹത്തിലെ സെന്റ് മേരീസ് പ്രോവിൻസിലെ അംഗമാണ്. എന്നെ കബറിൽ ശുശ്രൂഷയ്ക്കായി അഭിവന്ദ്യ കാതോലിക്കാ ബാവാ നിയമിച്ചത് 2023 ജൂൺ 5-നാണ്. എനിക്ക് ലഭിച്ച അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിൽ വലിയ സന്തോഷമുണ്ട്. വിശുദ്ധിയിലേക്കുള്ള എന്റെ പ്രയാണത്തിൽ ഈ ദിവസങ്ങളിലെ അനുഭവങ്ങൾ വർണ്ണിക്കുവാൻ എനിക്ക് വാക്കുകൾ പോരാ. കാരണം യേശുക്രിസ്തുവിന്റെ പരിശുദ്ധിയെ ലക്ഷ്യം വച്ച് വിശുദ്ധമായ ഒരു ജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിളിക്കപ്പെട്ട എനിക്ക് കബറിലെ പ്രാർത്ഥന ഒരു വലിയ അനുഗ്രഹമായി ഞാൻ കരുതുന്നു. കഴിഞ്ഞുപോയ 58 വർഷത്തെ എന്റെ ജീവിതത്തിൽ ധാരാളം ശുശ്രൂഷകൾ ഞാൻ ചെയ്തിട്ടുണ്ടെങ്കിലും ഇന്ന് ഈ കാലഘട്ടത്തിൽ അഭിവന്ദ്യ പിതാക്കന്മാർ അന്ത്യവിശ്രമം കൊള്ളുന്ന ഭാഗ്യങ്ങളുടെ കലവറയായ കബർ ചാപ്പലിൽ ഇരുന്ന് പ്രാർത്ഥിക്കുന്ന ധന്യമായ നിമിഷങ്ങൾ എന്റെ ഹൃദയത്തിന് നൽകുന്ന സമാധാനവും, സന്തോഷവും, അനുഭവവും ഒന്ന് വേറെയാണ്. യേശുവിന്റെ സന്നിധിയിൽ ആയിരുന്ന നാളുകളിൽ ക്രിസ്തുവിന്റെ കണ്ണുകളിലൂടെ എന്നെതന്നെ നോക്കി കാണുവാനും, മറ്റുള്ളവരെ കാണുവാനും, ഈശോയുമായി ഒരു ആഴമായ ബന്ധത്തിലേക്ക് വളരുവാനും സാധിച്ചു എന്നുള്ളത് നന്ദിയോടെ ഓർക്കുന്നു. സ്വയം വിശുദ്ധീകരിച്ച്, യേശു ശിഷ്യന്റെ യഥാർത്ഥ സന്തോഷത്തിലേക്കുള്ള വളർച്ചയുടെ ദിനങ്ങളായിരുന്നു കഴിഞ്ഞുപോയ ഒന്നരമാസം.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥത്താൽ ശാരീരികമായ സൗഖ്യവും എനിക്ക് ലഭിച്ചു എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. ഇത്ര ദീർഘസമയം ഇരുന്ന് പ്രാർത്ഥിക്കുവാൻ എനിക്ക് ബുദ്ധിമുട്ട് ഉണ്ടായിരുന്നു. എന്നാൽ കബർ ചാപ്പലിൽ രാവിലെ 9 മണി മുതൽ 4 മണി വരെ പ്രാർത്ഥിക്കുവാൻ അനേകർക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുവാൻ എളിയവളായ എന്നെ തമ്പുരാൻ ഉപയോഗപ്പെടുത്തുന്നു. യാതൊരുവിധ മടുപ്പുമില്ലാതെ പ്രാർത്ഥിക്കുവാൻ എനിക്ക് ആത്മാഭിഷേകം നൽകുന്നു. സുവിശേഷസംഘാംഗങ്ങളുമായി പ്രാർത്ഥിക്കുമ്പോൾ അവരുടെ സുവിശേഷത്തിനുവേണ്ടിയുള്ള സമർപ്പണവും, ത്യാഗവും എന്നെ അതിശയപ്പെടുത്തുന്നു.

കബർ ചാപ്പലിൽ പ്രാർത്ഥനാ ശുശ്രൂഷകളിൽ ഏർപ്പെടുമ്പോൾ ഒരു സമർപ്പിത എന്ന നിലയിൽ വിശുദ്ധിയിലേക്കുള്ള എന്റെ യാത്ര കൂറെ കൂടി വേഗത്തിലാക്കുന്നു. ഏത് നിമിഷവും നിയോഗ ശുദ്ധിയോടെ ചെയ്യുവാൻ തമ്പുരാൻ കൃപ തരുന്നു. ഒരു സന്യാസിനിക്ക് പ്രാർത്ഥനയെപ്പോലെ സംതൃപ്തി നൽകുന്ന മറ്റ് ഒരു ജോലിയും ഇല്ലെന്ന് എന്റെ അനുഭവം കൊണ്ട് എനിക്ക് പറയാൻ കഴിയും. ഈ പ്രാർത്ഥനാ ശുശ്രൂഷയിൽ ഏർപ്പെട്ടതിനുശേഷം തികച്ചും വ്യത്യസ്തമായ ഏറെ അനുഭവം ഉണ്ടായിട്ടുണ്ട്. സഹനം കൊണ്ട് നെയ്തെടുത്ത അനേകം ജീവിതങ്ങളുടെ മുമ്പിൽ കണ്ണുനിറഞ്ഞ് നിന്ന് പോയിട്ടുണ്ട്. പ്രാർത്ഥനയല്ലാതെ മറ്റൊന്നിനും മനുഷ്യമനസ്സുകളെ യഥാർത്ഥ സമാശ്വാസത്തിലേക്ക് നയിക്കാൻ കഴിയില്ലെന്നും, മറ്റുള്ളവർക്കുവേണ്ടി നിരന്തരം നിലവിളിക്കേണ്ടതിന്റെ ആവശ്യകത എത്ര വലുതാണെന്നും കബർ ചാപ്പലിലെ പ്രാർത്ഥന എന്നെ പഠിപ്പിച്ചു.

"ദൈവസേവനത്തെക്കാൾ അത്യുത്തമം ദൈവസമ്പാദനം" എന്ന മാർ ഈവാനിയോസ് പിതാവിന്റെ ഗുരുമൊഴികൾ ഈ നാളുകളിൽ എന്റെ ജീവിതത്തിലൂടെ അന്വർത്ഥമായി. "ഞാൻ ഏകാന്തതയിൽ ദൈവത്തിന്റെ അടുക്കൽ പാർക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. അപ്പോൾ അവൻ എന്നോട് സംസാരിക്കും" ഏകാന്തതയിൽ ദൈവസ്വരം ശ്രവിച്ച് അതനുസരിച്ച് ജീവിച്ച പുണ്യ പിതാവിന്റെ വാക്കുകളാണിത്. തന്റെ മക്കളും ആഴമായ നിശബ്ദതയിൽ ദൈവസംസർഗ്ഗത്തിലായിരിക്കണമെന്നും ഈ വന്ദ്യ താതൻ ആഗ്രഹിച്ചു. അതുകൊണ്ടായിരിക്കണം ഒരു ദൈവനിയോഗാർത്ഥം എന്നവണ്ണം ആഴമായ നിശബ്ദതയും, ദൈവാനുഭൂതിയും നിറഞ്ഞ് നിൽക്കുന്ന ഈ ഭാഗ്യങ്ങളുടെ കലവറയിൽ ദിവസത്തിന്റെ ഭൂരിഭാഗവും ചിലവഴിച്ചിട്ടും കൂടുതൽ ഊർജ്ജസ്വലതയോടെ ദൈവത്തെ സ്നേഹിക്കുവാനും, സമ്പാദിക്കുവാനും കഴിയുന്നു എന്നുള്ളത് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വിവിധ പ്രാർത്ഥനാ നിയോഗങ്ങളുമായി കടന്നുവരുന്ന ദൈവജനത്തിന്റെ ദുഃഖങ്ങളിൽ പങ്കുചേരുവാനും അവരോടൊത്ത് പ്രാർത്ഥിക്കുവാനും, സ്വർഗ്ഗസന്നിധിയിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മാദ്ധ്യസ്ഥത്താൽ ഏവർക്കുമാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുവാനും സാധിക്കുന്നത് വലിയ അനുഭവമാണ്. നിന്റെ അളവറ്റ സ്നേഹത്താൽ നീ ഞങ്ങൾക്കായ് ഒരുക്കിയിട്ടുള്ള ജീവിതം നയിച്ച് നിന്നെ സ്നേഹിപ്പാനും, മഹത്വപ്പെടുത്തുവാനും ഞങ്ങളെ സഹായിക്കണമെ എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ദിവസവും ചൊല്ലിയിരുന്ന പ്രാർത്ഥനയോട് ചേർത്ത് വച്ചുകൊണ്ട് ഈ ശുശ്രൂഷ ഏറ്റവും അനുഗ്രഹപ്രദമായ വിധത്തിൽ ചെയ്യുവാൻ സർവ്വേശ്വരൻ കൃപ ചൊരിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

---

മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലെ ശുശ്രൂഷകളുടെ ക്രമീകണങ്ങൾക്ക് സഹായിക്കാൻ ഇപ്പോൾ സി. ഗ്ലോറി തെരേസ് ഡി.എം നിയമിതയായിരിക്കുന്നു

*( ...... 3-ാം പേജിൽ നിന്നും തുടർച്ച)*

മാതാവ് അവളുടെ ഇഹലോക വാസം അവസാനിച്ചപ്പോൾ തന്റെ ആത്മ ശരീരങ്ങളോടുകൂടി സ്വർഗ്ഗമഹത്വത്തിലേക്ക് ഉയർത്തപ്പെട്ടു.

രണ്ടാം നൂറ്റാണ്ടു മുതൽ തന്നെ സ്വർഗ്ഗാരോപണത്തെ പിൻതാങ്ങുന്ന നിരവധി പരാമർശങ്ങളുണ്ട്. മാതാവിന്റെ മരണവും, ഉയിർത്തെഴുന്നേൽപ്പും, സ്വർഗ്ഗാരോപണവും, ആഘോഷിക്കുന്ന 'ഡോർമീസിയോ' തിരുന്നാൾ കിഴക്കൻ നാടുകളിൽ നാലാം നൂറ്റാണ്ടിൽത്തന്നെ പ്രചാരത്തിലെത്തിയിരുന്നു. പതിമൂന്നാം നാറ്റാണ്ടു മുതൽ ലോകം മുഴുവൻ സ്വർഗാരോപണ സത്യം ദെവെശാസ്ത്രപണ്ഡിതരാലും ക്രിസ്തീയ ലേഖകരാലും പഠിപ്പിക്കപ്പെടാൻ തുടങ്ങി. സ്വർഗ്ഗാരോപണം കത്തോലിക്കാ സഭയുടെ 'യുഗാന്ത ശാസ്ത്രപരമായ അടയാളം' ആയി വർത്തിക്കുന്നുവെന്ന് സഭയുടെ മതബോധന ഗ്രന്ഥം (972) പ്രഖ്യാപിച്ചിരിക്കുന്നു.

**ഉപസംഹാരം**

പരി. അമ്മയിലൂടെ ഈശോയിലേക്ക് കൂടുതൽ അടുക്കുവാൻ ഈ വിശ്വാസ സത്യങ്ങളെ കുറിച്ചുള്ള അറിവ് നമ്മെ സഹായിക്കുന്നു. യേശുവിന്റെ അമ്മ യഥാർത്ഥത്തിൽ ആരാണ് എന്ന് ആധികാരികമായി അറിയുന്നതിനും, ദൈവത്തിന്റെ രക്ഷാകര കർമ്മത്തിൽ പരി. അമ്മയുടെ പങ്ക് എന്തായിരുന്നു എന്ന് തിരിച്ചറിയുന്നതിനും, ഈ വിശ്വാസ സത്യങ്ങൾ പങ്കുവഹിക്കുന്നു. ഈ വിശ്വാസ സത്യങ്ങളെ മനസ്സിലാക്കുവാനും, ഉൾക്കൊള്ളുവാനും, വിശ്വാസത്തിലേക്ക് ഒരുപടി കൂടി വളരുന്നതിനും നമുക്ക് പരി. അമ്മയോട് മാധ്യസ്ഥം യാചിക്കാം.

www.malankaralibrary.com





അനുഭവസാക്ഷ്യം

# സുവിശേഷസംഘം എന്റെ സമർപ്പണ ജീവിതത്തിൽ വിളിക്കുള്ളിലെ വിളി

**സി. ഏലിയാമ്മ ചാമതാലിൽ ഒ.എസ്.എസ്**

*സഭാതലം രണ്ടാം ബാച്ച്, തിരുവല്ല അതിഭദ്രാസനം*

“നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും ഞങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തൻമൂലം, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്ക് നൽകും.”

(യോഹ. 15:16-17)

ഒരു ദൈവതെരഞ്ഞെടുപ്പിന്റെ സുവർണ്ണ ജൂബിലി; സന്യാസജീവിതത്തിലൂടെ നില നിൽക്കുന്ന ഫലം പുറപ്പെടുവിക്കുവാൻ നിയോഗിക്കപ്പെട്ടതിന്റെ 50 വർഷങ്ങൾ! 16-ാമത്തെ വയസ്സിൽ മാതാപിതാക്കളേയും 8 സഹോദരങ്ങളേയും വീടും നാടും ഉപേക്ഷിക്കുവാൻ യേശുവിനാൽ ആകർഷിക്കപ്പെട്ട നാളുകൾ എന്റെ ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു. 1977-ൽ കാലം ചെയ്ത അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി Co-founder ആയി 1969 സെപ്തംബർ 9 ന് സ്ഥാപിതമായ Holy Spirit സമൂഹത്തിൽ രണ്ടാമത്തെ മെമ്പർ ആയി ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. അന്നു മുതൽ ദൈവസ്നേഹവും, തിരുസഭയുടെ സ്നേഹവും, ആവോളം ആസ്വദിക്കുവാൻ എനിക്കു സാധിച്ചു. “പിതാവ് എന്നെ സ്നേഹിച്ചതു പോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ ” (യോഹ 15:9). “എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ” എന്ന ദൈവാഹ്വാനം സ്വീകരിച്ചു കൊണ്ടാണ് എന്റെ സമർപ്പണ ജീവിതം ഞാൻ ജീവിച്ചത് എന്ന് എനിക്ക് ഉറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. 21-ാം വയസ്സിൽ 1973 സെപ്തംബർ 2 ന് ഞാൻ എന്റെ ജീവിതം പരിശുദ്ധത്മാവായ ദൈവത്തിന് സമർപ്പിച്ച് ഒരു Holy Spirit Sister ആയി. 2023 സെപ്തംബർ 2 ന് ആ സമർപ്പണത്തിന്റ സുവർണ്ണ ജൂബിലി തിരുവല്ലയിൽ ആഘോഷിക്കുകയാണ്.

ഒഴുക്കിന് ഒത്തുള്ള ഒരു ജീവിതമല്ല, പിന്നയോ പരിശുദ്ധാത്മാവിന് സമർപ്പിച്ച ഒരു വ്യക്തിയുടേത് എന്ന് പല പ്രാവശ്യം ദൈവം ഉൾപ്രേരണ നൽകിയിട്ടുള്ളത് ഞാൻ ഓർക്കുന്നു. മറുനാട്ടിൽ സ്ഥാപിതമായ ഒരു സമൂഹത്തിലേക്കാണ് ദൈവം എന്നെ വിളിച്ചത്. സ്ഥാപകനായ (Rector Bernhard and Bendel) അച്ചന്റെ ആദർശവും ആദ്ധ്യാത്മികതയും അന്നും ഇന്നും ആസ്വദിച്ച് ജീവിക്കുവാൻ പരിശുദ്ധാത്മാവ് എന്നെ സഹായിക്കുന്നു.

ജന്മംകൊണ്ട് മലങ്കര കത്തോലിക്ക സഭാംഗമായ എനിക്ക് ഞാൻ ചേർന്ന സമൂഹത്തിന്റെ ആദ്ധ്യാത്മികത ഒപ്പിയെടുക്കാൻ എളുപ്പമായിരുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനധിഷ്ഠിതമായ മലങ്കര ആരാധന ക്രമത്തിന്റെ രൂപവും ഭാവവുമൊക്കെ Opus Epiritu Sancti സമൂഹ സ്ഥാപകന്റെ ആദ്ധ്യാത്മികതയിൽ പൂർണ്ണമായി ദർശിക്കുവാൻ സാധിക്കും. അതുകൊണ്ടായിരിക്കുമല്ലോ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി ആകൃഷ്ടനായി OSS ന്റെ സ്ഥാപകനെ തന്റെ രൂപതയിലേക്ക് ക്ഷണിച്ചതും, തിരുവല്ലായിൽ ഈ സമൂഹത്തിന്റെ ഒരു ശാഖ ആരംഭിച്ചതും. ഞങ്ങളുടെ സ്ഥാപകന്റെ പ്രേരണയാൽ ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാന്തര ബിരുദവും നേടിയെടുക്കുവാൻ സാധിച്ചു. പഠനം പൂർത്തിയാക്കി തിരികെ വന്ന എന്നെ സ്ഥാപകൻ അച്ചൻ തിരുവല്ലയിലുള്ള ഞങ്ങളുടെ Formation ഭവനത്തിൽ ആദ്യത്തെ Novice Mistress ആയി നിയമിച്ചു.

ദൈവവിളി ലഭിച്ചവരെ വാർത്തെടുക്കുന്ന ജോലി ആയിരുന്നു ഞാൻ മുഖ്യമായും സമൂഹത്തിൽ നിർവ്വഹിച്ചിരുന്നത്. അത് എനിക്ക് ഒത്തിരി സന്തോഷമുള്ള ഒരു ശുശ്രൂഷയായിരുന്നു. അതു വഴി എന്റെ തന്നെ ദൈവവിളിയിൽ ആനന്ദിക്കുവാനും സന്തോഷിക്കുവാനും സാധിച്ചിരുന്നു. ധ്യാനത്തിലും പ്രാർത്ഥനയിലും ദീർഘനേരം ആയിരിക്കുവാനും ദൈവത്തോട് ചേർന്നു നിന്നുകൊണ്ട് ആലോചന നടത്തുവാനും സാധിച്ചിട്ടുണ്ട്. ദൈവം എത്ര നല്ലവനാണെന്ന് തിരിച്ചറിഞ്ഞ കാലമായിരുന്നു അത്.

സുവിശേഷ സംഘത്തിന്റെ സഭാതല രണ്ടാം ബാച്ചിന്റെ പരിശീലനം തിരുവനന്തപുരം കാതലിക്കേറ്റ് സെന്ററിൽ ആരംഭിക്കുമ്പോൾ ഞാൻ അവിടെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളിൽ സഹായിക്കുകയായിരുന്നു. ദൈവത്തിന് എന്നെ ഒരു സുവിശേഷകയാക്കി മാറണം എന്ന ചിന്ത എന്നിൽ ശക്തമായ. ജന്മം കൊണ്ട് ഒരു മലങ്കര കത്തോലിക്കയായ എനിക്ക് അതിന്റെ ആദ്ധ്യാത്മികതയിൽ ആഴപ്പെടാതെ വിശുദ്ധിയിൽ ജീവിക്കാൻ സാധിക്കയില്ല എന്ന തിരിച്ചറിവും അതുവഴി ദൈവം എനിക്കു തന്നു. പരിശീലനത്തിന് ശേഷം മലങ്കര കത്തോലിക്കാ സഭയിൽ സഭാതല രണ്ടാം ബാച്ചിൽ 2015 ജൂലൈ 15 ന് അത്യുന്നത കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കത്തോലിക്ക ബാവായിൽ നിന്ന് കൈ വയ്പ് ലഭിച്ചത് വിളിക്കുള്ളിലെ ഒരു വിളി ആയിരുന്നു. അത് എന്റെ ജീവിതത്തിലെ വഴിത്തിരിവായി.

ഇന്ന് തിരുവല്ലാ അതിരൂപതയിൽ സുവിശേഷ സംഘത്തിന്റെ ഒരു കോർഡിനേറ്ററായി ശുശ്രൂഷ ചെയ്യുമ്പോൾ എന്റെ സമൂഹത്തിൽ അർത്ഥിനികളെ വാർത്തെടുക്കുന്ന അതേ അനുഭവമാണ് എനിക്കു ലഭിക്കുന്നത്. സുവിശേഷ സംഘത്തിലെ അംഗമായി തീർന്നു കൊണ്ട് സുവിശേഷ സംഘരൂപീകരണത്തിനു വേണ്ടി ചെയ്യാൻ സാധിക്കുന്ന ഏതു കാര്യത്തിലും ഞാൻ അഭിമാനം കൊള്ളുന്നു. ഇപ്പോൾ തിരുവല്ല അതിരൂപതയിലെ സുവിശേഷ സംഘത്തിന്റെ കോ-ഓർഡിനേറ്റർ ആയി ഞാൻ ശുശ്രൂഷ ചെയ്യുന്നു. സഭാതലത്തിൽ നിന്നും ക്ലാസുകളെടുക്കുവാൻ വരുന്നവർക്ക് എല്ലാ



സഹായവും ചെയ്യുവാൻ ഞാൻ ശ്രദ്ധിക്കാറുണ്ട്. വിവിധ ഇടവകകളിൽ നിന്നും കടന്നു വരുന്നവരെ വാത്സല്യത്തോടെ സ്വീകരിക്കുകയും അവർക്ക് ആവശ്യമുള്ള കാര്യങ്ങൾ അറിഞ്ഞു ചെയ്തുകൊടുക്കുവാനും സാധിക്കുന്നത് വലിയ ശുശ്രൂഷയായി കാണുന്നു. ഇതിനുള്ള പ്രചോദനം സഭാതലത്തിൽ നിന്നും നേതൃത്വം നൽകിയിരുന്നവരിൽ നിന്ന് എനിക്കും ലഭിച്ചിട്ടുള്ളതാണ്. ഇത്തരുണത്തിൽ സഭാതല സെക്രട്ടറിയായിരുന്ന ദൈവസന്നിധിയിലായിരിക്കുന്ന ബഹു. സിസ്റ്റർ ഫ്രാൻസിനാ. ഡി.എം. നെ സ്നേഹത്തോടെ നന്ദിയോടെ ഓർമ്മിക്കുന്നു.

ലോകത്തെ മുഴുവൻ സുവിശേഷം അറിയിക്കാനുള്ള വിളിയാണ് മലങ്കര കത്തോലിക്കാ സഭയ്ക്ക് ദൈവം നൽകിയിരിക്കുന്നത്. ഇതു മനസ്സിലാക്കികൊണ്ട് തിരുസഭയെയും മലങ്കര കത്തോലിക്കാ സഭയെയും അഭിനന്ദനാർഹമാം വിധം നയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവയോടുള്ള സുവിശേഷ സംഘത്തിന്റെ പേരിലുള്ള നന്ദി അർപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. തിരുവല്ല അതിരൂപതയുടെ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത സുവിശേഷ സംഘ രൂപീകരണത്തിന് നൽകുന്ന പ്രോത്സാഹനം ഞാൻ നേരിട്ട് അനുഭവിക്കുന്നതാണ്. അതുപോലെ തന്നെ മലങ്കര കത്തോലിക്ക സഭയിലെ എല്ലാ രൂപതാദ്ധ്യക്ഷന്മാരിൽ നിന്നും ലഭിക്കുന്ന പ്രോത്സാഹനം വളരെ ശ്രദ്ധേയമാണ്. സുവിശേഷ പ്രഘോഷണമെന്ന നിയോഗം സ്വീകരിച്ചുകൊണ്ട് എക്സിക്യൂട്ടീവ് സെക്രട്ടറിയായും, ചെയർമാനായും, പ്രശംസനീയമാം വിധം സുവിശേഷ സംഘത്തെ നയിക്കുന്ന അഭിവന്ദ്യ സിൽവാനോസ് പിതാവിന്റെ ദർശനം അനിതരസാധാരണമാണ്. ഒരു വിശ്രമവുമില്ലാതെ സുസ്മേരവദനായി ദൈവദാസന്മാർ ഈ വാനിയോസ് പിതാവിനെപ്പറ്റിയും പിതാവ് വിഭാവനം ചെയ്ത മലങ്കര കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മീകതയെപ്പറ്റിയും വാതോരാതെ സംസാരിക്കുന്നത് കേട്ടുകൊണ്ടിരിക്കുന്ന സുവിശേഷ സഭാംഗങ്ങളുടെ മനസ്സിലും ഹൃദയത്തിലും സ്ഥാനം പിടിച്ചിരിക്കുന്ന സിൽവാനോസ് പിതാവിനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. അഭിവന്ദ്യ പിതാവിനോടൊപ്പം ഇടതും വലുതുമായി ഓടിനടന്ന് സുവിശേഷ സംഘത്തെ പരിപോഷിപ്പിക്കുന്ന രണ്ടു മാലാഖമാരാണ് Rev. Fr. Benedict Moozhikkara OIC യും Rev. Dr. Sr. Mary Prasad DM തും. തിരുവല്ല അതിരൂപതയിൽ ലഭിക്കുന്ന എല്ലാവിധ പ്രോത്സാഹനത്തെയും നന്ദിയോടെ സ്മരിക്കുന്നു. അതിരൂപത ഡയറക്ടർ ബഹു. Mathew Chirayil അച്ചനേയും വിവിധ മേഖലാ ഡയറക്ടർമാരേയും പ്രത്യേകം ഓർത്ത് നന്ദി പറയുന്നു.

സുവിശേഷസംഘ ശുശ്രൂഷയിലിരിക്കുമ്പോൾ എന്റെ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. സുവിശേഷകയായ മലങ്കരകത്തോലിക്കാ സഭയ്ക്കുവേണ്ടി ശുശ്രൂഷ ചെയ്യാൻ സാധിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. സുവിശേഷസംഘത്തിനു വേണ്ടി എന്നും പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനുമുള്ള എന്റെ ദൈവ നിയോഗം ഈ സുവർണ്ണ ജൂബിലി വർഷത്തിൽ എന്റെ ഹൃദയത്തോട് ചേർത്ത് പിടിക്കുന്നു.

ദൈവം എല്ലാവരേയും
സുവിശേഷചൈതന്യത്താൽ നിറക്കട്ടെ!!.

## സുവിശേഷസംഘാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**സുവിശേഷസംഘാംഗങ്ങൾ സംഭാവന അയയ്ക്കേണ്ട ബാങ്ക് അക്കൗണ്ട് നമ്പർ താഴെകൊടുത്തിരിക്കുന്നു**

**Suvishesha Sangam, CSB Bank**
**A/C No : 0298-04112633-190001**
**Pattom Branch, Trivandrum**
**IFSC : CSBK0000298**

**Contact : Fr. Benedict Moozhikara OIC, 8281512877**

www.malankaralibrary.com



അനുഭവസാക്ഷ്യം



# ദൈവം തന്ന നന്മകൾക്കെല്ലാം നന്ദി



**ലീലാമ്മ ഏബ്രഹാം,**
**ബാബു ഏബ്രഹാം**
*സുവിശേഷസംഘാംഗം*
*ബാംഗ്ലൂർ റീജിയൺ*

ഞാൻ മധ്യപ്രദേശ്, ജബൽപൂർ മെഡിക്കൽ കോളേജിലും ബാംഗ്ലൂരിലുമായി 32 വർഷം നഴ്സിംഗ് സേവനം പൂർത്തിയാക്കി സ്വസ്ഥമായി കഴിയുന്നു. എന്റേ പ്രായം 75. ഞാൻ പത്തനംതിട്ട, മൈലപ്രായിൽ ഓർത്തഡോക്സ് സഭയിൽ ജനിച്ചു വളർന്ന വ്യക്തിയാണ്. 1974-ൽ വിവാഹിതയായി. പുറമറ്റം, പെരുമന കുടുംബത്തിൽ ജനിച്ചുവളർന്ന ശ്രീ. ബാബു അബ്രഹാം, തിരുവല്ല തയ്യമം ഇടവകാംഗമാണ്. സർവേ ഓഫ് ഇന്ത്യ, സെൻട്രൽ ഗവൺമെന്റിൽ നിന്നും ഓഫീസർ ആയി വിരമിച്ച് വിശ്രമജീവിതം നയിക്കുന്നു. ഞങ്ങൾക്ക് ഒരു മകളും മകനും. മകൾ കുടുംബമായി ഞങ്ങളുടെയടുത്തും മകൻ കുടുംബമായി യു.കെ. യിലും സന്തോഷമായി കഴിയുന്നു.

1982-ൽ ഞങ്ങൾ ജബൽപൂർ-ൽ നിന്നും ബാംഗ്ലൂരിൽ വന്നു. അന്ന് നമുക്ക് ദൈവാലയങ്ങൾ ഒന്നും ഇല്ലായിരുന്നു. ഉപരിപഠനത്തിനായി വന്ന നമ്മുടെ വൈദികർ വി. കുർബാന അർപ്പിച്ചിരുന്നു. കാലക്രമേണ മത്തിക്കരയിൽ സ്ഥലം വാങ്ങി പള്ളിപണിയുകയും ബഹു. ഫാ. ഐസക് തോട്ടുങ്കൽ (മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്) വികാരിയായി ചാർജ് എടുക്കുകയും ചെയ്തു. ആദിമുതൽ തന്നെ ഞങ്ങൾ സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. അത് ഇന്നു തുടരുന്നു. കമ്മിറ്റി മെമ്പർ, സെക്രട്ടറി, ട്രഷറർ, മാതൃസംഘം പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, പ്രാർത്ഥനാഗ്രൂപ്പ് സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ മെമ്പർ തുടങ്ങിയ തലങ്ങളിലെല്ലാം ഞങ്ങൾ പ്രവർത്തിച്ചിരുന്നു. സമ്പത്തുകൊണ്ടും സമയംകൊണ്ടും ശരീരം കൊണ്ടും മറ്റുള്ളവരെ ഞങ്ങൾ സഹായിച്ചിരുന്നു. രോഗീ സന്ദർശനം ഒരു ശീലമായിരുന്നു. വിശക്കുന്നവനുമായി ആഹാരം പങ്കിടുന്നതാണ് നാം ചെയ്യുന്ന കാരുണ്യ പ്രവർത്തനങ്ങളിൽ ഏറ്റവും വിലമതിക്കുന്നത് എന്നാണെന്റെ അഭിപ്രായം. ആ സംതൃപ്തി ഞാൻ അനുഭവിച്ചിട്ടുണ്ട്.

2010-ൽ ഞങ്ങൾ വിശുദ്ധനാട് സന്ദർശനത്തിന് പോയിരുന്നു. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബർണബാസ് പിതാവായിരുന്നു ഞങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത്. ഒരുദിവസം ബസ്സിൽ യാത്ര പോകുമ്പോൾ പിതാവ് പറഞ്ഞു നാം പല പ്രദേശങ്ങളിൽ നിന്നും വന്നവരാണല്ലോ, നമുക്ക് പരസ്പരം ഒന്നുപരിചയപ്പെടാം. എന്റെ ഊഴം വന്നപ്പോൾ ഞാൻ പറഞ്ഞു ഞാനൊരു റിട്ടയർഡ് സ്റ്റാഫ് നഴ്സാണ്. എനിക്ക് സഭയ്ക്കുവേണ്ടി എന്തെങ്കിലും സാമൂഹ്യസേവനം ചെയ്യണമെന്ന്. അതിനെന്താ നമ്മുടെ സഭ സുവിശേഷസംഘം രൂപീകരിക്കാൻ പദ്ധതിയിടുന്നു. അതിൽ പ്രവർത്തിക്കാമെന്ന് പിതാവ് പറഞ്ഞു. 2012-ൽ ബാംഗ്ലൂരിൽ സുവിശേഷസംഘം തുടങ്ങി. ഞങ്ങൾ രണ്ടപേരും ആദ്യബാച്ച് മുതൽ അതിൽ അംഗങ്ങളാണ്. സുവിശേഷസംഘത്തിൽ അംഗങ്ങളായതിനുശേഷം ഞാൻ മുകളിൽ പറഞ്ഞ ചാരിറ്റി പ്രവർത്തനം ഒന്നുകൂടി ശക്തമാക്കി. ആത്മീയമായി ഒന്നുകൂടി വളർന്നു. സ്വഭാവത്തിൽ ഉണ്ടായിരുന്ന, അതായത് കോപം, ക്ഷമയില്ലായ്മ ഇതിനൊക്കെ മാറ്റം വരുത്തി. ഞങ്ങൾക്ക് രണ്ടുപേർക്കും ഇപ്പോൾ കണ്ടുവരുന്ന BP, Sugar ഇവയും മറ്റ് കാര്യമായ യാതൊരു ശരീര അസ്വസ്ഥതയും ഇല്ലാ എന്നുള്ളതാണ്. ദൈവം എത്രയോ നല്ലവനാണെന്ന് ദിനംപ്രതി അറിയുന്ന വ്യക്തിയാണ് ഞാൻ. ദൈവപരിപാലനയുടെ നടത്തിപ്പ് എന്നല്ലാതെ എന്താണ് പറയുക.

2022 മാർച്ചിൽ എന്റെ ഭർത്താവ് ഒരു മെഡിക്കൽ ക്ലിനിക്കിന്റെ പടിയിൽ നിന്നും വീഴുവാനിടയായി. ഇടതുകൈയുടെ കൊഴയ്ക്ക് ഒടിവുണ്ടായി. അതോടുകൂടി അദ്ദേഹത്തിന്റെ BP നിന്ത്രിക്കാൻ കഴിയാതെയായി. തലമുതൽ വിയർത്ത് കണ്ണുകൾ ചലിപ്പിച്ച് ഇരിക്കുകയാണ്. ഡോക്ടർ എന്നോട് പറഞ്ഞു: He got Heart Attack, you take him to a good Hospital. ഞാൻ പറഞ്ഞു വണ്ടിയുണ്ട്. ഞാൻ ഓടിക്കുകയില്ല. Don't worry, Auto is ready, you take him എന്ന് പറഞ്ഞു. ഞാൻ പ്രാർത്ഥിച്ചു. ഞാൻ മകളെ വിളിച്ചു. അരമണിക്കൂർ സമയം തരൂ. മക്കൾ വരും. വീണ്ടും ഡോക്ടർ പറഞ്ഞു എത്രയും പെട്ടെന്ന് കൊണ്ടുപോകണം. മക്കൾ വന്ന് അദ്ദേഹത്തെ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. ഡോക്ടർ എന്റെ തോളിൽ തട്ടിപറഞ്ഞു you are a brave lady. ഞാൻ പറഞ്ഞു ഡോക്ടർ ഞാൻ ജീവനുള്ള ദൈവത്തെ ആരാധിക്കുന്ന ആളാണ്. കൂടാതെ ഞാനൊരു സ്റ്റാഫ് നഴ്സാണ്. അദ്ദേഹത്തെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. എം.ആർ.ഐ. സ്കാൻ എടുത്തു. കൈയുടെ ഒടിവല്ലാതെ വേറൊരു പ്രശ്നവും ഇല്ല എന്ന റിപ്പോർട്ട് കിട്ടി. അടുത്ത ദിവസം കൈയുടെ ഓപ്പറേഷൻ കഴിഞ്ഞു. അവിടെയും ദൈവത്തിന്റെ കരുണ, കരുതൽ അനുഭവിക്കാൻ കഴിഞ്ഞു.

2023 മാർച്ച് ഞങ്ങളുടെ ഇടവകയിലുള്ള ഒരു സഹോദരിക്ക് തീവ്രമായ മുട്ടുവേദന. ഡോക്ടറെ കണ്ടു. എത്രയും പെട്ടെന്ന് സർജറി വേണമെന്നും 6 ലക്ഷം രൂപ വേണമെന്നും പറഞ്ഞു. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബം. തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യുന്ന ഭർത്താവ്. ഈ വിവരങ്ങൾ എന്നോടു പറഞ്ഞു. ഏതെങ്കിലും വിധത്തിൽ അവളെ സഹായിക്കണമെന്ന് ഞാൻ ചിന്തിക്കു. ഫാ. കോശി കാക്കനാട്ട് കോർ എപ്പിസ്കോപ്പായാണ് പള്ളിവികാരി. ഫണ്ട് പിരിവിനുവേണ്ടി പള്ളിയിൽ അനൗൺസ് ചെയ്യരുതെന്ന് ആ കുടുംബം അച്ചനോടു പറഞ്ഞു. ഞാനീ വിവരം അറിഞ്ഞു. ഒരു ഞായറാഴ്ച വി. കുർബാന കഴിഞ്ഞ് ഞാൻ അച്ചനോടു പറഞ്ഞു. അച്ചാ ഞാൻ ഈ ഇടവകയിൽ സന്മനസുള്ള കുറച്ചു ആളുകളോട് സഹായിക്കാൻ പറയാം. അച്ചൻ സമ്മതിച്ചു. വീട്ടിൽ ഏകദേശം 32 പേർക്ക് ഫോൺ ചെയ്ത് സഹായിക്കണമെന്ന് പറഞ്ഞു. രോഗിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ എല്ലാവർക്കും അയച്ചുകൊടുത്തു. ഒരു മാസത്തിനകം 2,34,000/- രൂപ അക്കൗണ്ടിൽ എത്തി. ഇതിനോടകം അവർ അഡ്മിറ്റാകുകയും ചെയ്തിരുന്നു. വീണ്ടും ചിന്തിച്ചു. സർജറി കഴിഞ്ഞ് രോഗിയെ ആര് ശുശ്രൂഷിക്കും. രാത്രിയിൽ ഞാൻ ഉറക്കമില്ലാതെ ആലോചിച്ചു. എനിക്ക് ഒരു ദൈവവിളി ഉണ്ടായി. മകളേ നീ ഇപ്രകാരം ഏറ്റെടുക്കുക. നിനക്കത് ചെയ്യാൻ സാധിക്കും. രാവിലെ ഞാൻ ഭർത്താവിനെ വിവരം ധരിപ്പിച്ചു. ഭർത്താവിക്കാര്യം നിരസിക്കരുതേ എന്ന് പ്രാർത്ഥിച്ചിട്ടാണ് ഞാൻ ഈ കാര്യം അവതരിപ്പിച്ചത്. നിനക്ക് കഴിയുമോ, എങ്കിൽ ആയിക്കോ എന്ന് പറഞ്ഞു. സർജറിയുടെ തലേദിവസം ഞാനവരെ ഈ വിവരം വിശദമായി പറഞ്ഞു ധരിപ്പിച്ചു. മനസില്ലാമനസ്സോടെ അവരും സമ്മതിച്ചു. സർജറിക്കു 6 ലക്ഷം എന്നുള്ളത് 3 ലക്ഷം ആക്കുകയും ചെയ്തു. സർജറി കഴിഞ്ഞ് 6-ാം ദിവസം അവർ എന്റെ വീട്ടിൽ വന്നു. 22 ദിവസം ഞാനവരെ ശുശ്രൂഷിച്ചു. 23-ാം ദിവസം ഞാനവരെ വീട്ടിൽ കൊണ്ടുചെന്നാക്കി. ഇപ്പോൾ സുഖമായിരിക്കുന്നു. ഒരു പക്ഷേ സുവിശേഷസംഘത്തിൽ വന്നില്ലായിരുന്നു എങ്കിൽ ഈ സംഗതി നടക്കുകയില്ലായിരുന്നു എന്നാണെന്റെ വിശ്വാസം.

ദൈവാലയത്തിലുള്ള പലരും രോഗിയെ സന്ദർശിക്കാൻ വന്നു. ചിലർ എന്നോടു ചോദിച്ചു. ആന്റി ഇതെങ്ങനെ സംഭവിച്ചു. ഇത്രയും പ്രായമുള്ള ഒരാൾ ഇതെങ്ങനെ ഏറ്റെടുത്തു എന്നതാണ് ചോദ്യം. പരി. കന്യക മറിയത്തിന്റെ അടുത്ത് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട് നീ ഒരു പുത്രനെ പ്രസവിക്കും എന്നു പറഞ്ഞു. അവൾ ചോദിച്ചു. ഇതെങ്ങനെ സംഭവിക്കും. ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ. ഞാൻ പറഞ്ഞു എനിക്കും ഒരു ഉൾവിളിയുണ്ടായി.

സുഖത്തിലും ദുഃഖത്തിലും കരം പിടിച്ച് നടത്തിയ ദൈവം എത്രയോ നല്ലവനാണ് എന്ന് തിരിച്ചറിഞ്ഞ സംഭവങ്ങൾ. ദൈവം ഞങ്ങൾക്ക് എല്ലാം തന്നിട്ടുണ്ട്. ഞങ്ങളുടെ കഴിവോ, മിടുക്കോ ഒന്നുമല്ല പിന്നെയോ, ദൈവകൃപയാൽ മാത്രമാണെന്ന് പറയാം സാധിക്കും. ഒരുസഹായത്തിനായി കൈനീട്ടുമ്പോൾ മുഖം തിരിച്ച് പോകുന്ന എത്രയോ വ്യക്തികളെ ഞാൻ കണ്ടിട്ടുണ്ട്. പ്രത്യേകിച്ച് കോവിഡ് വന്നതിനുശേഷം മനുഷ്യർ സ്വാർത്ഥരായി എന്നതിന് സംശയമില്ല. ചെറുതും വലുതുമായ ഒത്തിരി അനുഭവങ്ങൾ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. ഞങ്ങളുടെ സേവനം ഇനിയും അധികം പേരിൽ ലഭിക്കുവാനിടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാം നന്മയ്ക്കുവേണ്ടിമാത്രം നൽകുന്ന മഹോന്നതനായ ദൈവത്തിന്റെ മുമ്പിൽ തലകുനിച്ചുകൊണ്ട് നിർത്തുന്നു.

ദൈവം തന്ന നന്മകൾക്കെല്ലാം നന്ദി പറഞ്ഞിടുവാൻ

നാവിതുപോരാ, നാളിതുപോരാ, ആയുസ്സും ഇതുപോരാ..

അനുഭവസാക്ഷ്യം

# വിശുദ്ധീകരണത്തിലേക്കുള്ള യാത്ര

**ബെറ്റി സുനിൽ**
സുവിശേഷസംഘാംഗം, യു കെ റീജിയൺ



യു. കെ. യിലെ മലങ്കര സഭയിലെ സുവിശേഷസംഘത്തിലേക്ക് ചേരുവാൻ താല്പര്യമുള്ളവരെ അന്വേഷിച്ചപ്പോൾ എനിക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. മുന്നോട്ടുള്ള പാതയിൽ പല തരത്തിലുള്ള വെല്ലുവിളികൾ എനിക്ക് ഉണ്ടാകും എന്നുള്ള ഉറപ്പോടെ ആണ് ഞാൻ എന്റെ ഓരോ സ്റ്റെപ്പും മുന്നോട്ടു വെച്ചത്. ബഹുമാനപ്പെട്ട സിൽവാനോസ് പിതാവായിരുന്നു സുവിശേഷസംഘ രൂപീകരണത്തിനായി യു. കെ. യിലേക്ക് കടന്നുവന്നതും ഞങ്ങളുടെ ആദ്യക്ലാസ് എടുത്തതും. മലങ്കര കത്തോലിക്കാ സഭയെ കുറിച്ചും ക്രിസ്തുവിനെയും വചനത്തെയും കുറിച്ച് കുറെകൂടി ആധികാരികമായി പഠിക്കണമെന്ന് ഞാൻ എപ്പോഴും ആഗ്രഹിച്ചിരുന്നു. സുവിശേഷസംഘത്തിന്റെ ഭാഗം ആകുന്നതിലൂടെ അതിനുള്ള അവസരങ്ങൾ എനിക്ക് ഒരുങ്ങുകയായിരുന്നു.

മലങ്കര സഭയുടെ മനോഹരമായ ലിറ്റർജിയുടെ ആഴമായ അർത്ഥം പഠിക്കുവാൻ ഞാൻ താല്പര്യം കാണിച്ചു തുടങ്ങി. അപ്പോൾ മുതൽ പരിശുദ്ധ കുർബാനയിൽ അതീവ ശ്രദ്ധയോടെ ലയിച്ച് നിന്ന് പങ്കെടുക്കുവാൻ എനിക്ക് സാധിച്ചുവരുന്നു. എന്റെ കർത്താവ് എനിക്കുവേണ്ടി സ്വയം മുറിക്കപ്പെട്ടു എന്ന് ഓർക്കുമ്പോൾ ഒരിറ്റ് കണ്ണീരെങ്കിലും വീഴ്ത്താതെ എന്റെ ഒരു കുർബാനയും അവസാനിക്കാറില്ല. എനിക്ക് ഒരു സുവിശേഷസംഘാംഗം എന്ന നിലയിൽ എല്ലാ കാര്യങ്ങളിലും നീതി പുലർത്താൻ സാധിച്ചിട്ടില്ല. ജോലിയുടെയും കുടുംബ ഉത്തരവാദിത്വത്തിന്റെയും ഇടയിൽ പലപ്പോഴും യാമപ്രാർത്ഥനകൾ കൃത്യമായി ചെയ്യാൻ എനിക്ക് സാധിച്ചിട്ടില്ല.

സുവിശേഷസംഘത്തിൽ വന്നതിനുശേഷം എനിക്കുണ്ടായ ഏറ്റവും വലിയ മാറ്റം സ്വയം വിശുദ്ധീകരണത്തിലേക്കുള്ള യാത്രയാണ്. മറ്റുള്ളവരെ എല്ലാറ്റിനും കുറ്റപ്പെടുത്തിക്കൊണ്ടിരുന്ന ഞാൻ എന്നിലേക്ക് തന്നെ നോക്കാൻ തുടങ്ങി. അതുവഴി ജീവിതത്തിൽ പല മാറ്റങ്ങളും സംഭവിക്കുന്നത് ഞാൻ അനുഭവിച്ചു തുടങ്ങി.

ജൂൺ 25-ന് പരിശുദ്ധ ബാവായിൽ നിന്നും കൈവെപ്പ് സ്വീകരിക്കാനായി ഉപവാസം എടുത്തു ഞാൻ തയ്യാറായപ്പോൾ ഒന്നു മാത്രമേ എന്റെ ചിന്തയിലുണ്ടായിരുന്നുള്ളു. എന്നിലേക്ക് കടന്നുവരാൻ പോകുന്ന വലിയ അഭിഷേകത്തെക്കുറിച്ച്. ഈ ഒരു വലിയ സുദിനത്തിലേക്ക് എന്നെ ഒരുക്കിയ അനേകം പേരെ ഈ സമയം ഞാൻ നന്ദിയോടെ ഓർക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഇനിയുള്ള ജീവിതം സഭയോടും ക്രിസ്തുവിനോടും ചേർന്നുനിന്ന് ജീവിക്കാൻ ഞാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

www.malankaralibrary.com





# Embracing the Divine Plan:

## My Personal Journey with Suvisesha Sangam

**Jolly Sabu**
*Suvisesha Sangham, Mumbai Region*

In the tapestry of our lives, guided by a divine plan, we often find ourselves grappling with doubts and uncertainties. Yet, through unwavering faith and unexpected twists of fate, we uncover the remarkable narrative of transformation and growth. The story that unfolds is one of a journey with Suvisesha Sangam, a path that illuminates the profound connection between our human existence and the divine purpose that shapes it.

The spiritual expedition embarked upon by individuals from various walks of life is a testament to the ever-present grace of God. In the heart of Mumbai, a unique formation training program took root, facilitated by the Suvisesha Sangam. Initially met with skepticism, it soon became a haven for those seeking spiritual nourishment and renewal. The allure of this program extended beyond its curriculum, resonating deeply with both the curious and the seasoned faithful. The notion of the divine guidance began to take root, as I sensed that there was something more significant awaiting me.

The crux of this transformative journey lies in the conviction that God's design is one of unfaltering love and acceptance. Baptism, the cornerstone of this belief, serves as an invitation to each Christian to embrace holiness and mission. It was in the midst of life's commitments and responsibilities that an opportunity emerged. Rev. Fr. Varghese Vallikodath, the visionary director of Suvisesha Sangam, extended a personal invitation. Despite apprehensions due to the constant demand of everyday obligations, the call to attend a single class tugged at the heartstrings. With a blend of reluctance and anticipation, the journey began.

To the astonishment of the hesitant heart, that one class ignited a flame of devotion that would blaze throughout the entire formation program. Guided by the teachings rooted in the spirituality of the Malankara Syrian Catholic Church, I delved into a profound exploration of faith. The curriculum spanned the spectrum from spiritual awakening to the intricacies of liturgy and sacraments. As someone transitioning from a different Christian denomination, this journey dismantled doubts and replaced them with a profound understanding of the Malankara Syrian Catholic Tradition. Doubts gave way to understanding, as unity and divine mystery intertwined seamlessly.

The culmination of this journey bore testament to the transformative power of faith. I received the Kaivapu, a sacred rite of laying of hands, by His Excellency Aboon Thomas Mar Anthonios on June 18th, 2017. The metamorphosis within was profound and resonant. What began as an apprehensive step evolved into a steadfast commitment to a spiritual existence.

The words of St. Paul in Galatians, "It is no longer I who live, but Christ who lives in me," gained new significance as the presence of Christ within me became a tangible reality. Rev. Fr. Anthony Kakanatt (Aboon Anthony Mar Silvanos), a beacon of spiritual guidance, inculcated the understanding that the revelation of Christ within marks the initial stride toward experiencing His divine presence.

Through the prism of this journey, lives were transformed, faith was solidified, and a deeper connection with the divine was forged. What once appeared as insurmountable obligations became stepping stones to spiritual growth. The observance of the prayer of the hour, the sanctity of the sacraments, Lenten practices, and the profound joy of participating in the Holy Qurbono acquired new depth and meaning.

This personal journey of faith enriched my existence in profound ways.I found solace in the face of challenges and gained a renewed perspective on life's complexities. Armed with positivity and a newfound understanding, I ventured forth, carrying with me the essence of this transformative journey. Comfort in times of trial, a renewed perspective, and the ability to positively impact others became the hallmark of this expedition.

In the end, this chronicle of spiritual awakening is a testament to the transformative power of embracing God's plan. It reaffirms the belief that through the intertwining of faith and mission, we discover the divine essence that resides within us. The echoes of this journey will forever resonate within my heart, reminding me that Christ truly lives within me.



അനുഭവസാക്ഷ്യം

# വിളിക്കുള്ളിലെ ആനന്ദം

**സുജാത പി.**
*സുവിശേഷസംഘാംഗം, പാറശ്ശാല ഭദ്രാസനം*

കർത്താവ് എന്റെമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്ത് പകരം കൊടുക്കും. ഞാൻ രക്ഷയുടെ പാനപാത്രം ഉയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും (സങ്കീ.116:12,13). അന്നത്തെ ഞങ്ങളുടെ ഇടവക വികാരിയായിരുന്ന ഏറ്റം സ്നേഹബഹുമാനമുള്ള ആദർശ് കുമ്പളത്ത് അച്ചനാണ് ഞങ്ങളുടെ ഇടവകയിലെ 2 പേരുടെ പേര് ഭദ്രാസനതല സുവിശേഷസംഘത്തിന്റെ പരിശീലനത്തിനായി കൊടുത്തത്. 2015 വർഷത്തിലായിരുന്നു പരിശീലനം ആരംഭിച്ചത്. ദൈവത്തിന്റെ പദ്ധതിയിൽ ബലഹീനർക്കും ഇടമുണ്ടെന്ന തിരിച്ചറിവായിരുന്നു ഇതിൽ പങ്കെടുത്തപ്പോൾ. പ്രായോഗിക ജീവിതത്തിൽ വിശ്വസ്തത പുലർത്താൻ ഈ പരിശീലനം കൊണ്ട് സാധിച്ചു. ദൈവത്തിന്റെ ഒരു പ്രത്യേക തിരഞ്ഞെടുപ്പായി ഇതിനെ കാണുന്നു. വി. മർക്കോസ് എഴുതിയ സുവിശേഷം 3:13-ൽ കാണുന്നു, "പിന്നെ അവൻ മലമുകളിലേക്കു കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ച് അവർ അവന്റെ സമീപത്തേക്കുചെന്നു". ഒരു മലങ്കര കത്തോലിക്കാ വിശ്വാസിയായി ദൈവാലയത്തിൽ പോവുകയും എല്ലാ ഭക്തസംഘടനകളിലും പങ്കെടുക്കുകയും ചെയ്തിരുന്നു. ദൈവം എന്നെ വിളിച്ച് വേർതിരിച്ചതിനുശേഷവും അതിന് മുൻപുള്ള ജീവിതശൈലിക്കും വ്യത്യാസമുണ്ടായിരുന്നു. വിളിക്കുള്ളിലെ ആനന്ദം ആരംഭിക്കുവാൻ തുടങ്ങി.

സുവിശേഷസംഘ പരിശീലനത്തിൽ ലഭിച്ചിരിക്കുന്ന ക്ലാസ് എന്റെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചിരുന്നു. അതിലുപരി ഓരോരുത്തരുടെയും അനുഭവം പങ്കുവയ്ക്കുന്ന സമയം എന്റെ ജീവിതത്തിലെ കുറവുകളെ കണ്ടെത്താനും എന്റെ യേശുവിനെ ഒരുപടികൂടി സ്നേഹിക്കാനും കഴിയുന്ന നിമിഷങ്ങളായിരുന്നു. മറ്റ് തിരക്കുകളെല്ലാം മാറ്റിവച്ച് ഓരോ പരിശീലനത്തിൽ പോകാനും വളരെ തീഷ്ണതയായിരുന്നു. സുവിശേഷസംഘാംഗങ്ങൾ പാലിക്കേണ്ട 25 കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ പരിശീലിച്ചപ്പോൾ തന്നെ ആത്മീയമായ ഒരാനന്ദം അനുഭവിക്കുവാൻ തുടങ്ങി. ജീവിതപങ്കാളിയും രണ്ട് മക്കളും ഞാനുമടങ്ങുന്ന കൊച്ചുകുടുംബമാണ് ഞങ്ങളുടേത്. ഞങ്ങൾ എല്ലാ ദിവസവും കുടുംബമായി വി. കുർബാനയിൽ പങ്കെടുക്കുകയും എല്ലാമാസവും എല്ലാവരും കുമ്പസാരിക്കുകയും ചെയ്യും.

ദൈവം കരുതുന്ന അത്ഭുതകരമായ വിധം സുവിശേഷസംഘ പരിശീലനത്തിനിടയ്ക്ക് അനുഭവിച്ചറിയാൻ സാധിച്ചു. ഒരു വാഹനാപകടത്തിൽ നിന്ന് യാതൊരു പോറൽപോലും ഏൽക്കാതെ ദൈവം എന്നെ സംരക്ഷിച്ചു. കരുതുന്ന ദൈവത്തിന്റെ സ്നേഹം അനുഭവിച്ച നിമിഷങ്ങൾ. യാക്കോബ് ശ്ലീഹാ 4:8 ദൈവത്തോട് ചേർന്ന് നിൽക്കുവിൻ അവിടുന്ന് നിങ്ങളോടും ചേർന്ന് നിൽക്കും. വി. കുർബാന ജീവിതത്തിൽ അനുഭവമാകാൻ തുടങ്ങി. സമയം കിട്ടുമ്പോഴൊക്കെ വി. വചനം വായിച്ച് സ്പർശിച്ച വചനഭാഗം മനഃപാഠം ആക്കുന്ന രീതി ആരംഭിച്ചു. വചനം പറഞ്ഞ് പ്രാർത്ഥിക്കുവാനുള്ള കൃപ ലഭിച്ചു. എന്റെ സുവിശേഷസംഘ ജീവിതത്തിൽ ലൗകികനേട്ടങ്ങൾക്കുപരി ആത്മീയമായ പല നേട്ടങ്ങളും ദൈവം തന്നനുഗ്രഹിച്ചു. വിളിക്കുള്ളിലെ വിളിയാണ് ഇതെന്ന് മനസ്സിലാക്കി കൂടുതൽ വിശുദ്ധിയോടെ ജീവിക്കുവാൻ സാധിച്ചു. എന്റെ രണ്ട് മക്കളും, കുട്ടികളുടെ സുവിശേഷസംഘ പരിശീലനത്തിൽ കാതോലിക്കേറ്റ് സെന്ററിൽ വന്ന് പരിശീലനം നേടി. വിളിക്കുള്ളിലെ വിളി മനസിലാക്കി അതനുസരിച്ച് ജീവിക്കുവാൻ തുടങ്ങിയപ്പോൾ ദൈവം എന്റെ കുടുംബത്തെയും പേരുചൊല്ലി വിളിച്ചു. കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേലയ്ക്കായി ഞങ്ങളുടെ ഇളയമകനെ അവിടുന്ന് വിളിച്ച് വേർതിരിച്ചു. അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയില്ല (ഹെബ്രാ.5:4). വിളിച്ച ദൈവത്തിന് നന്ദി.

ജീവിതത്തിൽ വരുന്ന പ്രതിസന്ധി വചനത്തിൽ ആശ്രയിച്ച് തരണം ചെയ്യുവാൻ സാധിക്കുന്നു. സുവിശേഷം നൽകുന്ന ആനന്ദം വർണ്ണിക്കുന്നതിലും അപ്പുറമാണ്. അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ മറ്റുള്ളവർക്ക് നൽകുമ്പോഴാണ് സുവിശേഷപ്രഘോഷണമാകുന്നത്. ക്രിസ്തുവിന്റെ തുടർച്ചയാകാൻവേണ്ടി വിളിക്കപ്പെട്ടവരാണ് ഓരോ സുവിശേഷസംഘാംഗങ്ങളും. കൂടെ ജോലി ചെയ്യുന്ന ഹിന്ദു സഹോദരങ്ങളോട് യേശുവിനെക്കുറിച്ച്, പരിശുദ്ധ അമ്മയെക്കുറിച്ച് പറഞ്ഞ് കൊടുക്കുവാൻ സാധിച്ചു. അവർക്ക് ജപമാല, വി. ബൈബിൾ വാങ്ങി കൊടുത്തു. അനുഭവിച്ചറിഞ്ഞ യേശുവിനെ അവർക്ക് പകർന്നുകൊടുത്തപ്പോൾ സുവിശേഷത്തിന്റെ ആനന്ദം അനുഭവിച്ച നിമിഷങ്ങളായിരുന്നു. വി. പൗലോസ് ശ്ലീഹാ പറയുന്നു ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല (അപ്പ.4:20). യഥാർത്ഥ ക്രിസ്താനുഭവം പങ്കുവയ്ക്കാതെ രഹസ്യമായി സൂക്ഷിക്കാൻ ആർക്കും സാധിക്കുകയില്ല. രക്ഷയുടെ അനുഭവം പങ്കുവയ്ക്കുന്നതിൽ വലിയൊരു ആനന്ദമുണ്ട്. ദൈവത്തിന്റെ കരം പിടിച്ച് നടത്താൻ പരിശീലിപ്പിച്ച സുവിശേഷസംഘത്തിലെ എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി. ഭൂമിയിൽ നമുക്ക് നിർവഹിക്കാവുന്ന ഏറ്റവും മഹത്തരമായ കാര്യം സുവിശേഷപ്രഘോഷണമാണ്. പിതാവായ ദൈവത്തിന്റെ കരം പിടിച്ചാണോ ഞാൻ നടക്കുന്നതെന്ന് ആത്മശോധന ചെയ്യുന്നതാണ് സുവിശേഷസംഘാംഗങ്ങളുടെ കൂടിവരവും ആനുഭവം പങ്കുവയ്ക്കലും. അപ്പന്റെ കരങ്ങളിലേക്ക് എന്റെ കരങ്ങളെയും ചേർത്തുവയ്ക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകളിൽ "ക്രൈസ്തവ സഭയുടെ സർവ്വ പ്രധാനമായ ചുമതല സുവിശേഷപ്രചരണമാണ്. രക്ഷകനായ മിശിഹായെ ഏവർക്കും കാണിച്ചുകൊടുക്കുക എന്നതാണ് അതിന്റെ മുദ്രാവാക്യം" (ഗിരിദീപം-1960 പേജ് 36). മാർ ഈവാനിയോസ് പിതാവിന്റെ ആത്മീയ ദർശനത്തിൽ മലങ്കര സഭ നൽകുന്ന ത്യാഗോജ്ജ്വലമായ നേതൃത്വത്തിൽ വാക്കുകൾക്കപ്പുറത്തെ നന്ദി, പ്രത്യേകിച്ച് ഒരു മലങ്കര കത്തോലിക്കാക്കാരിയായി ജീവിക്കാൻ ഭാഗ്യം ലഭിച്ചതിൽ അഭിമാനിക്കുന്നു.

www.malankaralibrary.com



# The Syro-Malankara Catholic Suvisesha Sangam
# സുവിശേഷസംഘാംഗങ്ങളുടെ ശുശ്രൂഷാവേദികൾ

സ്നേഹം നിറഞ്ഞ സുവിശേഷസംഘാംഗങ്ങളെ,

മലങ്കര സുറിയാനി കത്തോലിക സഭയുടെ 2012-ലെ പ്രഥമ അസംബ്ലി മുതൽ സഭയിലെ സജീവ ആദ്ധ്യാത്മീക മുന്നേറ്റമായി സുവിശേഷസംഘം വളർന്നുകൊണ്ടിരിക്കുന്നു. സുവിശേഷസംഘത്തിലൂടെ ആനേകർ തീക്ഷണമായ സുവിശേഷ ജീവിതത്തിൽ മുന്നേറുന്നതോടൊപ്പം വിവിധ തരത്തിലുള്ള സുവിശേഷ ശുശ്രുഷകൾകളും നിർവ്വഹിക്കുന്നു എന്നത് സഭയെ സംബന്ധിച്ച് ഏറെ അനുഗ്രപ്രദമാണ്. സുവിശേഷ സംഘാംഗങ്ങളുടെ സഭാത്മക ജീവിതത്തോടൊപ്പം അവരുടെ ശുശുഷകളുമാണ് സുവിശേഷസംഘത്തിന്റെ സാന്നിദ്ധ്യം സഭയിൽ കുടുതൽ സജീവമാക്കുന്നത് എന്ന് പരി.എപ്പിസ്ക്കോപ്പൽ സൂനഹദോസ് തിരിച്ചറിയുന്നു. അതുകൊണ്ട് ഒരോ ഇടവകയിൽ നിന്നും കൈവയ്പ്പു സ്വീകരിച്ചവരെ അതാതു ഇടവകയുടെ ആവശ്യമനുസരിച്ച് വികാരിമാർ ഇടവക പിരിധിയിൽ വരുന്ന വിവിധ ശുശ്രുഷകൾക്ക് സുവിശേഷസംഘാംഗങ്ങളെ നിയോഗിക്കുകയും ആവശ്യമായ പരിശീലനം നല്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. പരി.എപ്പിസ്ക്കോപ്പൽ സൂനഹദോസ് അംഗീകരിച്ചതും സുവിശേഷ സംഘാംഗങ്ങളെ നിയോഗിക്കാവുന്നുചുമതലപ്പെടുത്താവുന്ന വിവിധ ശുശ്രുഷകളുടെ മാർഗ്ഗരേഖയും നല്കുകയാണ്.

ഒരു വ്യക്തി സുവിശേഷസംഘത്തിലൂടെ നിയോഗം സ്വീകരിക്കുന്നത് സുവിശേഷ ശുശ്രൂഷ നിർവഹിക്കാനാണ്. ഇവരുടെ ശുശ്രൂഷാ മേഖലകൾ ഇടവക/ഭദ്രാസനതലങ്ങളിൽ സജീവമാക്കുന്നതിനുള്ള പ്രായോഗികമായ പദ്ധതികൾ ഭദ്രാസനാക്ഷ്യന്റെയും ഇടവകവികാരിമാരുടെയും അനുവാദത്തോടും നിർദ്ദേശമനുസരിച്ചും സ്വന്തം ഇടവക/ഭദ്രാസന പരിധിയിൽ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കാവുന്നതാണ്.

**1. ഇടവകതല ശുശ്രുഷകൾ**

1. സുവിശേഷസംഘാംഗങ്ങൾ രണ്ടോ മുന്നോ ആളുകൾ ചേർന്ന് ഏതെങ്കിലും വിധത്തിൽ പ്രയാസങ്ങൾ അനുഭവിക്കുനന്നവരുടെ വീടുകളിൽ പോയി പ്രാർത്ഥന നടത്തി ആത്മീയമായി അവരെ ബലപ്പെടുത്തുക.
2. വൃദ്ധരായവർ തനിയെ താമസിക്കുന്ന വീടുകൾ സന്ദർശിച്ച് അവരോടോപ്പമായിരിക്കുയും വചനം വായിക്കുകയും പ്രാർത്ഥിക്കുകയും അവരുടെ ഏകാന്തയിൽ ആശ്വാസം നല്കുകയും ചെയ്യുക.
3. വൃദ്ധരായവർ, യാത്രചെയ്യുവാൻ പ്രയാസമുള്ളർ എന്നിവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുക (സാധനങ്ങൾ, മരുന്ന്, വാങ്ങി കൊടുക്കുക, ആശുപത്രിയിൽ പോകുവാൻ സഹായിക്കുക....)
4. വീടുകൾ സന്ദർശിച്ച് സന്ധ്യാ പ്രാർത്ഥനയോട് ചേർന്ന് ലക്സിയോ ദിവീനാ നടത്തുക. അങ്ങനെ ബൈബിൾ ധ്യാനപൂർവ്വം വായിക്കാനും ധ്യാനിക്കാനും വ്യക്തികളെ ഭവനങ്ങളിൽ ചെന്ന് പരിശീലിപ്പിക്കുക.
5. വികാരിയച്ചന്റെ നിർദ്ദേശപ്രകാരം ഇടവകയിൽ സ്ഥിരം സഹകരിക്കാത്ത വ്യക്തികളെയും, ഇടവകയുമായി പ്രശ്നവും പ്രതിസന്ധികളും ഉള്ള ഭവനങ്ങളും സന്ദർശിച്ച് പ്രാർത്ഥിക്കുക.
6. ഇടവകയിലെ ഭവനങ്ങളിൽ കിടപ്പു രോഗികളായവരെ സന്ദർശിക്കുകയും പ്രാർത്ഥിക്കുയും കൂദാശകൾ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുക. ഇടവകയ്ക്കുപുറത്ത് രോഗത്തിലും വാർദ്ധക്യത്തിലും ആയിരിക്കുന്ന വ്യക്തികളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും അവർക്ക് ആശ്വാസം നല്കുകയും ചെയ്യുക,
7. രോഗവസ്ഥയിൽ ആശുപത്രികളിൽ കഴിയുന്നവരെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും അവർക്ക് ആശ്വാസം നല്കുകയും ചെയ്യുക.
8. മരുന്നും ഭക്ഷണവും വാങ്ങാൻ സാധിക്കാത്ത സാമ്പത്തിക ഭാരമുള്ള രോഗികളെ സാധിക്കുന്നതുപോലെ സഹായിക്കുക.
9. മരണം സംഭവിച്ച ഒരു വ്യക്തിയുടെ ഭവനത്തിൽ സാന്നിധ്യം കൊണ്ടും സഹായം കൊണ്ടും പ്രാർത്ഥന കൊണ്ടും സഹായിക്കുക. (വി. ലിഖിതവായന, ഗാനാലാപനം, ആശ്വാസവാക്കുകൾ, മൃതശരീരം കബറടക്കാനുള്ള ക്രമീകരണങ്ങൾ, വേണ്ടപ്പെട്ടവരെ അറിയിക്കുക...).
10. മൃതസംസ്ക്കാരത്തിന് ശേഷം ഏതാനും ദിവസങ്ങളെങ്കിലും സുവിശേഷസംഘാംഗങ്ങൾ മരണ ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുയും ചെയ്യുക.
11. വൈദികരുടേയും സന്യസ്തരുടേയും അഭാവത്തിൽ അവരുടെ നിർദ്ദേശമനുസരിച്ച് ഇടവകയിലെ പ്രാർത്ഥനായോഗങ്ങളിൽ ഒരുങ്ങി വചനം പ്രഘോഷിക്കുക.
12. ഇടവകയിലെ പ്രാർത്ഥനയോഗങ്ങൾ സജീവമാക്കുക്കുവാൻ വൈദികരേയും സന്യസ്തരേയും പ്രാർത്ഥനായോഗ ലീഡേഴ്സിനെയും സഹായിക്കുക.

**മദ്ധ്യസ്ഥ പ്രാർത്ഥനാ**

1. സുവിശേഷസംഘാഗങ്ങളുടെ നേതൃത്വത്തിൽ ഇടവകയ്ക്കായി ആഴ്ചയിൽ ഒരു ദിവസം ഏതാനും മണിക്കുറുകൾ ആരാധനയും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി ഇടവകയെ ശക്തിപ്പെടുത്തുക.
2. സുവിശേഷസംഘാഗങ്ങൾ സ്വന്തം ഇടവകാംഗങ്ങളെ സംഘടിപ്പിച്ച് ദൈവദാസൻ മാർ ഇവാനീയോസ് പിതാവീന്റെ കബറിങ്കൾ വന്ന് മദ്ധ്യസ്ഥപ്രാർത്ഥന നടത്തുക.

**മറ്റ് ശുശ്രൂഷാ വേദികൾ**

1. ഭക്തസംഘനകൾ, മതബോധനം ഇവ സജീവമാക്കുവാൻ സഹായിക്കുക
2. അക്രൈസ്തവരോട് വ്യക്തിപരമായി സുവിശേഷം പ്രഘോഷിക്കുക. അകത്തോലിക്കരുടെ ഇടയിൽ പുനരൈക്യ ശുശ്രൂഷ നിർവ്വഹിക്കുക.
3. വിവിധ സഭാ വിഭാഗത്തിൽ (മാർത്തോമാ, ഓർത്തോഡോക്സ്, സി.എസ്.ഐ....) നിന്നും വിവാഹത്തിലൂടെ മലങ്കര സഭയിലേക്ക് വന്നവർക്ക് സഭയേയും, ആരാധനന പാരമ്പര്യത്തെയും കുറിച്ച് പഠിപ്പിക്കുക.
4. മുതിർന്നവർക്ക് മതബോധനം നല്കുക.
5. വിവാഹിതരാകുന്ന യുവതിയുവാക്കളെ കുടുംബജീവിതത്തിന് ഒരുക്കുക.
6. ദമ്പതികളായ സുവിശേഷസംഘാംഗങ്ങൾ ദാമ്പത്യ പ്രതിസന്ധിയിലായിരിക്കുന്നവരെ സന്ദർശിച്ചു സഹായിക്കുക.

**2. ഭദ്രാസനതല ശുശ്രൂഷകൾ**

1. ഭദ്രാസനതലത്തിൽ ഭവനസന്ദർശനത്തിന് പരിശീലനം ലഭിച്ച ഒരു ടീം (സിസ്റ്റേഴ്സും, സുവിശേഷ സംഘാംഗങ്ങളും) ഇടവക വൈദികരുടെ ആവശ്യപ്രകാരം 1-2 ആഴ്ച ഒരു ഇടവകയിൽ താമസിച്ച് ഭവന സന്ദശനം നടത്തുക.
2. ഭദ്രാസനപരിധിയുലുള്ള ആശുപത്രികൾ, ആതുരാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ ഇവ സന്ദർശിച്ച് അഗതികൾക്ക് ആവശ്യമായ ശുശ്രൂഷകൾ ചെയ്യുക.
3. ആരോഗ്യവും സമയവും സമ്പത്തും ചിലവഴിച്ച് മിഷനിൽ പോകാൻ താല്പര്യമുള്ളവർ മിഷൻ പ്രദേശങ്ങളിൽ പോയി നിശ്ചിത കാലം ശുശ്രുഷ ചെയ്യുക. മിഷനിൽ പോകുവാൻ സാധിക്കാത്തവർക്ക് മറ്റു രീതികളിൽ (സമ്പത്ത്, സാധനങ്ങൾ..) മിഷനെ സഹായിക്കുക.
4. ഓരോ പ്രദേശത്തിനും ആവശ്യമായ പുതിയ ശുശ്രുഷകൾ കണ്ടെത്തുക (അതിഥി തൊഴിലാളികളോട് വചനം പങ്കുവയ്ക്കുക, മതബോധനം നടത്തുക..).
5. ഭദ്രാസനതലത്തിലുള്ള സുവിശേഷ പ്രഘോഷണ റ്റീമിൽ സുവിശേഷ പ്രഘോഷണത്തിൽ പ്രാഗൽഭ്യം ലഭിച്ച സുവിശേഷസംഘാംഗങ്ങളെ ഉൾപ്പെടുത്തുക.
6. മാധ്യമ/നവമങ്ങളിലുടെ സുവിശേഷം പങ്കുവയ്ക്കുക.

**+ ആന്റണി മാർ സിൽവാനോസ്**
ചെയർമാൻ
മലങ്കര കത്തോലിക്കാ സുവിശേഷസംഘം
കാതോലിക്കേറ്റ്, പട്ടം



വൈദികരുടെ രണ്ടാം ബാച്ചിന്റെ തുടർപരിശീലന സമയത്ത് നടത്തിയ ലെക്സിയോ ദിവീന



വൈദികരുടെ മൂന്നാം ബാച്ചിന്റെ തുടർപരിശീലന സമയത്ത് നടത്തിയ ലെക്സിയോ ദിവീന

www.malankaralibrary.com





സുവിശേഷസംഘ പരിശീലനം, കൊല്ലംകോട് വൈദീകജില്ല



സുവിശേഷസംഘ പരിശീലനം, ചെങ്ങന്നൂർ വൈദീകജില്ല



സുവിശേഷസംഘ പരിശീലനം, റാന്നി-വെണ്ണിക്കുളം മേഖല




സുവിശേഷസംഘ പരിശീലനം, മൂവാറ്റുപുഴ ഭദ്രാസന 3-ാം ബാച്ച്



സുവിശേഷസംഘ പരിശീലനം, നിലമ്പൂർ-എടക്കര മേഖല



സുവിശേഷസംഘ പരിശീലനം, മാനന്തവാടി മേഖല



# ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു

**1. ആഗോള സാഹോദര്യത്തെപ്പറ്റി**

ആഗോളവത്ക്കരണത്തിന്റെ നിസംഗതയല്ല സാഹോദര്യമാണ് നമുക്ക് വേണ്ടത്.

**2. ദൈവം നയിക്കുന്നതിനെപ്പറ്റി**

സ്ഥദൈവമാണ് നമ്മേ നയിക്കുന്നതെങ്കിൽ നമുക്ക് വഴി തെറ്റില്ല.

**3. പ്രകൃതിയെപ്പറ്റി**

ദൈവം എപ്പോഴും ക്ഷമിക്കും. മനുഷ്യർ വല്ലപ്പോഴും ക്ഷമിക്കും. പ്രകൃതി ഒരിക്കലും ക്ഷമിക്കില്ല. നാം നമ്മുടെ പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നു.

**4. പാർശ്വവൽക്കരിക്കപ്പെട്ടവരെപ്പറ്റി**

ദൈവത്തോടുള്ള തുറവി പാർശ്വവൽക്കരിക്കപ്പെട്ടവരോടു തുറവി കാണിക്കുവാൻ നമ്മെ സഹായിക്കും.

**5. ദൈവകൃപയെപ്പറ്റി**

ദൈവകൃപ ആത്മാവിന്റെ പ്രകാശമാണ്. അത് അറിവുമല്ല; ചിന്താശേഷിയുമല്ല.

**6. നന്മ ചെയ്യുന്നതിനെപ്പറ്റി**

നന്മ ചെയ്യുന്നത് നമ്മുടെ കടമയാണ്.

**7. മടുപ്പുകൂടാതെ നന്മ ചെയ്യുന്നതിനെപ്പറ്റി**

ഒരു വ്യക്തിയുടെ ജീവിതം മുള്ളും കളകളും നിറഞ്ഞതാണെങ്കിലും ദൈവത്തിൽ ആശ്രയിച്ചാൽ അവിടെ നിന്ന് നന്മയുടെ വിത്തുകൾ മുളച്ചു പൊങ്ങും.

**8. യുവാക്കളേയും വൃദ്ധരേയും താങ്ങുന്നതിനെപ്പറ്റി**

നാം യുവാക്കളിൽ പ്രത്യാശ നിറയ്ക്കണം. വൃദ്ധരെ സഹായിക്കണം. ഭാവിയോടു തുറവിയുണ്ടാകണം. സ്നേഹം പരത്തണം.

**9. പാർശ്വവൽക്കരിക്കപ്പെട്ടവരെ താങ്ങുന്നതിനെപ്പറ്റി**

സാധു ജനങ്ങളുടെ മുൻപിൽ സാധുവായി തന്നെ നിൽക്കണം. പാർശ്വവൽക്കരിക്കപ്പെടുന്നവരെ ചേർത്തു നിർത്തി സമാധാനം പ്രസംഗിക്കണം.

**10. വചനത്തെപ്പറ്റി**

വചനം നമ്മിൽ മാംസം ധരിക്കണം. വചനം ആത്മാവായി നിറയണം.



തയ്യാറാക്കിയത് : **ഡോ. ജോജു ജോൺ**
ഭദ്രാസനതല സുവിശേഷസംഘാംഗം
തിരുവനന്തപുരം മേജർ അതിഭദ്രാസനം



സുവിശേഷസംഘ പരിശീലനം, പാറശ്ശാല വൈദീകജില്ല



8-ാം ബാച്ചിന്റെ പരിശീലനം കാതോലിക്കേറ്റ് സെന്ററിൽ

Printed and Published by Fr. Benedict Moozhikkara OIC, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 8281512877 Email : suvi.sangam21@gmail.com. Printed at St. Joseph's Press, Trivandrum-14